# നേർവീഥി

നിത്യതയ്ക്കൊരു വഴികാട്ടി

Volume - 11 Issue - 01 January 2022



## ചിറകടിയിൽ അഭയം

പേജ് 4

2022

വില 20 രൂപ

# വിധിക്കാതെ വിവേചിക്കുക

വിവേചിക്കുന്നത് ഒരു ആത്മികന്റെ സ്വഭാവമാണ്. ആത്മികനോ സകലത്തെയും വിവേചിക്കുന്നു(1 കൊരിന്ത്യർ 2:15) എന്നതാണ് തിരുവചനസാക്ഷ്യം. പരിശുദ്ധാത്മാവിനാൽ നടത്തപ്പെടുന്നവനാണ് ഒരു ആത്മികൻ. ആത്മികമായ ചിന്തകൾ പരിശുദ്ധാത്മാവ് അവനിൽ വളർത്തുന്നു. പരിശുദ്ധാത്മാവിന്റെ ഈ പ്രവർത്തിയോട് സഹകരിക്കുമ്പോൾ, എല്ലാ കാര്യങ്ങളെയും വിവേചിക്കുവാൻ പരിശുദ്ധാത്മാവ് പ്രാപ്തി നൽകുന്നു. ആത്മികർ കർത്താവിന്റെ വരവിനെ ആകാംക്ഷയോടെ കാത്തിരിക്കുന്നവരാണല്ലോ. അതുകൊണ്ട് കാലങ്ങളെയും സംഭവങ്ങളെയും അവർ വിവേചിച്ച് മനസ്സിലാക്കുന്നു. അവരിൽ അനിശ്ചിതത്വം അല്ല സുരക്ഷിതത്വബോധം ആണ് അതിനാൽ വളരുന്നത്. ലോകജാതികൾ പരിഭ്രമിക്കുമ്പോൾ ആത്മികർ ഹൃദയത്തിൽ ആനന്ദിക്കുകയും യഥാർത്ഥ സമാധാനം അനുഭവിക്കുകയും ചെയ്യുന്നു.

വ്യക്തികളെയും വിവേചിക്കാൻ ആത്മികരെ പരിശുദ്ധാത്മാവ് സഹായിക്കും. കള്ള അപ്പോസ്തലന്മാരെയും കള്ളപ്രവാചകന്മാരെയും ദുരുപദേഷ്ടാക്കന്മാരെയും വിവേചിച്ച് മനസ്സിലാക്കണം. നാം കേൾക്കുന്നതിനെയും കാണുന്നതിനെയും വിവേചിച്ച് ശരിയായതും നല്ലതുമായ കാര്യങ്ങൾ ഉൾക്കൊള്ളണം. ക്രിസ്തുവിൽ നിന്ന് നമ്മെ അകറ്റുന്ന എല്ലാറ്റിൽ നിന്നും അകലം പാലിക്കണം. എന്നാൽ, ആരെയും വിധിക്കുവാൻ കർത്താവ് നമ്മെ അനുവദിക്കുന്നുമില്ല. നിങ്ങൾ വിധിക്കപ്പെടാതിരിക്കേണ്ടതിനു വിധിക്കരുത്, നിങ്ങൾ വിധിക്കുന്ന വിധിയാൽ നിങ്ങളെയും വിധിക്കും എന്ന് കർത്താവ് അരുളിച്ചെയ്തിരിക്കുന്നു. അതിനാൽ അനാവശ്യമായ വിമർശനങ്ങളിൽ നിന്നും ഒഴിഞ്ഞിരിക്കുക. വ്യക്തികളെ നേരിൽ കണ്ടു തെറ്റുകൾ ചൂണ്ടി കാണിക്കാം. പക്ഷേ, സമൂഹമാധ്യമങ്ങളിൽ പരസ്യമാക്കി, ദൈവനാമം ദുഷിക്കപ്പെടുവാൻ ഇടയാകാതെയിരിക്കട്ടെ.

ആത്മിക്കലോകത്ത് സംഭവിക്കുന്ന അനാത്മീയതയിൽ മനമുരുകുന്നവർ പ്രാർത്ഥനാപോരാളികളായിത്തീരണം. ഒരിക്കലും മനസ്സു മടിച്ച് മാന്ദ്യം ഉള്ളവർ ആകരുത്. ആത്മികലോകത്തും ഭൗമികലോകത്തും പല വെല്ലുവിളികളാണ് നമ്മുടെ മുമ്പിൽ ഉള്ളത്. അതിനാൽ കർത്താവിന്റെ ചിറകിൻനിഴലിൽ അഭയം തേടുവാൻ ഈ ലക്കത്തിലെ സന്ദേശം നമ്മെ ഉദ്ബോധിപ്പിക്കുന്നു.

നേർവീഥി മാസികാപ്രവർത്തനത്തിൽ പിന്നിട്ട വർഷങ്ങളിൽ രുചിച്ചറിഞ്ഞ ദൈവീകകരുതലിനും, പ്രതിസന്ധികളിലെ വിജയത്തിനും സർവ്വകൃപാലുവായ ദൈവത്തിനു നന്ദി കരേറ്റിക്കൊണ്ടു നാം പതിനൊന്നാം വർഷത്തിലേക്ക് പ്രവേശിച്ചിരിക്കുന്നു. ഈ പ്രവർത്തനത്തിന്റെ ലക്ഷ്യം കർത്താവിന്റെ വരവിനായി ദൈവജനം ഒരുങ്ങുന്നതിനു ഓർമിപ്പിച്ച് ഉണർത്തുകയും, നിത്യതയുടെ ലക്ഷ്യത്തിലേക്ക് നയിക്കുകയും ചെയ്യുക എന്നതാണ്. ഈ പ്രവർത്തനത്തിൽ ഞങ്ങളോടൊപ്പം നിൽക്കുന്ന നിങ്ങൾക്ക് എല്ലാ അഭിവാദനങ്ങളും... പുതുവർഷം കർത്താവിനോട് ചേർന്നുനടന്നു കർമ്മനിരതരായി കർത്താവിന്റെ സാക്ഷികളാകാൻ എല്ലാവർക്കും ദൈവം കൃപ നൽകട്ടെ.

വരുംവർഷത്തേക്കു ശുഭസൂചനകൾ കാണാനില്ലായെങ്കിൽ തന്നെയും നാളിതുവരെ നടത്തിയ അത്യുന്നതനായ നമ്മുടെ പിതാവ് നമ്മോടൊപ്പം ഉണ്ടെന്നുള്ളത് നേർവീഥിയുടെ പ്രവർത്തകർക്കും വായനക്കാർക്കും ഏറെ പ്രത്യാശ നൽകുന്ന ഒരു യാഥാർഥ്യമാണ്. സർവ്വകൃപാലുവായ ദൈവം നമ്മെ എല്ലാവരെയും ആശ്വസിപ്പിച്ചു വഴിനടത്തട്ടെ എന്ന പ്രാർത്ഥനയോടെ ഈ ലക്കം മാസിക മാന്യവായനക്കാർക്കു സമർപ്പിച്ചു കൊള്ളുന്നു.

പുസ്തകം 11 ലക്കം 1
ജനുവരി 2022

# ഈ ലക്കത്തിൽ

**ചിറകടിയിൽ അഭയം** 4
ജോയ് എം. തോമസ്

**മണ്ണെപ്രതി മാണിക്യം വെടിയുകയില്ല** 7
സാജു മാത്യു

**ക്രിസ്തുവിന്റെ ശരീരമാകുന്ന സഭ** 9
ഡേവിഡ് വിൽക്കേഴ്സൺ

**തേജസ്സിന് വേണ്ടിയുള്ള ഞരക്കങ്ങളും...** 11
ചെയ്സ് ജോസഫ്

**ബലഹീന മനസിനു ശക്തി പകരുന്ന.....** 13
ജോർജ് മാത്യു

**കൗൺസലിംഗ് വീഥി** 16
ഡോ. സജികുമാർ കെ. പി.

**ഹൃദയങ്ങളെത്തന്നെ കീറിക്കൊണ്ട് ...** 18
അനി ചാക്കോ

**ശത്രുക്കളുടെ നടുവിൽ വാഴുക** 20
ഫ്രാൻസിസ് ഫ്രാൻഗിപ്പെൻ

**വനിതാ വീഥി** 22
ജെസ്സി സാജു

**വേദ അധ്യയനം** 24
ജോയ് എം. തോമസ്

**ഏതവസ്ഥയിലും നന്ദിയുള്ളവരായിരിക്കുക** 26
ഇസബല്ല ഡേവിസ്

**വാർത്താ വീഥി** 30

**അവസാനമില്ലാത്ത സംവത്സരങ്ങൾ!** 31
എംസി

മാനേജിങ് എഡിറ്റർ
**ജോയ് എം. തോമസ്**
എഡിറ്റർ
**പി.വി വർഗീസ്**
സബ് എഡിറ്റർ
**അനി ചാക്കോ**
കൺസൾട്ടന്റ് എഡിറ്റർ
**എം.സി. കുര്യൻ**
പ്രിന്റർ & പബ്ലീഷർ
**എം.റ്റി. ജയിംസ്**
മാനേജർ
**ഷാജി ഉമ്മൻ**
അഡ്വൈസറി ബോർഡ്
**സുവി. പി.ഐ. ഏബ്രഹാം**
**പാസ്റ്റർ ബാബു ചെറിയാൻ**
**പാസ്റ്റർ കെ.ജെ. മാത്യു**
**ഡോ. മാത്യു ഫിന്നി**
**ഡോ. സി.റ്റി. ലൂയിസ്കുട്ടി**
ഗ്രാഫിക്സ്
**ഷൈൻ കെ. സാമുവൽ**

Address :

**Righteous Path Publication Trust**
Mackal Building,Oravakal,
Amayannoor P.O, Kottayam,
Kerala - 686019.

**Office : 9495 435 336**
**Editor : 9495 213 269**
E-mail: editornerveedhi@gmail.com

**www.nerveedhi.com**

Edited by P.V Varghese, Printed and Published by M.T James on behalf of The Righteous Path Publication Trust and printed at Penta Offset Press, Kottayam, Kerala - 686002 and published at Mackal Building, Amayannoor P.O, Kottayam,Kerala -686019.

Annual Subscription `200.00



ജോയ് എം. തോമസ്

# ചിറകടിയിൽ അഭയം

**അ**നശ്ചിതത്വവും ആശങ്കകളും നമുക്കു മുമ്പിൽ ബാക്കി നിർത്തിയിട്ട് 2021 കടന്നുപോയി. 2022 ലൂടെയുള്ള നമ്മുടെ യാത്ര ആരംഭിച്ചിരിക്കുന്നു. ധാരാളം പ്രതിസന്ധികൾ ഉള്ള വഴിത്താരയാണ് നമുക്ക് മുമ്പിൽ ഉള്ളത്. എന്നാൽ ജയോത്സവമായി നമ്മെ നടത്തുവാൻ ശക്തനായ കർത്താവ് കൂടെയുള്ളതു തിരിച്ചറിഞ്ഞ് തന്റെ കരംപിടിച്ച് നടക്കുന്നവർക്ക് ഭയപ്പെടുവാൻ കാരണം ഒന്നുമില്ല. ദൈവസാന്നിധ്യത്തിന്റെ നിറവ് അനുഭവിക്കുന്നവർക്ക് സമാധാനത്തിന്റെ സമൃദ്ധി അനുഭവിച്ച് ആനന്ദത്തോടെ തങ്ങളുടെ ജീവിതയാത്രയിൽ മുന്നേറുവാൻ കഴിയും.

പ്രതികൂല സാഹചര്യങ്ങളെയും ഒളിഞ്ഞിരിക്കുന്ന ആപത്തുകളെയും മുമ്പിൽ കണ്ടുകൊണ്ട് ഭക്തനായ ദാവീദ് പ്രാർത്ഥിക്കുന്ന വാചകങ്ങൾ ശ്രദ്ധിക്കുക. അത് നമുക്കും ഉണർവ്വും ഉന്മേഷവും പകർന്നു നൽകട്ടെ. ദൈവമേ, എന്നോട് കൃപയുണ്ടാകണമേ, എന്നോട് കൃപയുണ്ടാകണമേ, ഞാൻ നിന്നെ ശരണം പ്രാപിക്കുന്നു. അതെ, ഈ ആപത്തുകൾ ഒഴിഞ്ഞു പോകുവോളം ഞാൻ നിന്റെ ചിറകിൻനിഴലിൽ ശരണം പ്രാപിക്കുന്നു. അത്യുന്നതനായ ദൈവത്തെ ഞാൻ വിളിച്ചപേക്ഷിക്കുന്നു. എനിക്കു വേണ്ടി സകലവും നിർവഹിക്കുന്ന ദൈവത്തെ തന്നെ (സങ്കീർത്തനം 57:1,2).

ദാവീദ് ചെയ്തതുപോലെ ദൈവം നമ്മോട് കൃപ കാണിപ്പാൻ നമുക്കും പ്രാർത്ഥിക്കാം. 2021 ലെ ഓരോ ദിവസവും തന്റെ കൃപാദൃഷ്ടി നമ്മുടെമേൽ ഉണ്ടായിരുന്നതുകൊണ്ട് കർത്താവിന്റെ കാവലും പരിപാലനവും നാം അനുഭവിച്ചു. താഴ്മ ഉള്ളവർക്ക് ആണ് ദൈവം തന്റെ കൃപ നൽകുന്നത് (യാക്കോബ് 4: 6). ദൈവത്തിന് കീഴടങ്ങുന്നതാണ് താഴ്മ. ദൈവത്തിന് കീഴടങ്ങുമ്പോൾ ദൈവഹിതം നിവർത്തിക്കുന്നതിനു നാം നമ്മെത്തന്നെ സമർപ്പിക്കുകയാണ്. ദൈവം നമ്മുടെമേൽ പകരുന്ന കൃപ ദൈവഹിതം നിവർത്തിക്കുവാൻ നമ്മെ ശക്തരാക്കുന്നുതാണ്.

കൊറോണയും അതിന്റെ വകഭേദങ്ങളായ വൈറസുകളും മനുഷ്യന്റെ ആരോഗ്യത്തിന് ഭീഷണിയായി നിലനിൽക്കുന്നു. തൽഫലമായി ഉടലെടുത്ത സാമ്പത്തിക പ്രതിസന്ധികളും മാനസികസംഘർഷങ്ങളും മറ്റു പലവിധ പ്രശ്നങ്ങളും ലോകജനത മുഴുവൻ അഭിമുഖീകരിക്കുന്നു. എന്നാൽ, ഇതിനേക്കാൾ ഭയാനകമായ പ്രശ്നങ്ങളാണ് നമ്മുടെ ആത്മീയജീവിതത്തിന് എതിരെ ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ദ്രവ്യാഗ്രഹവും ലോകസ്നേഹവും ഇന്ന് ആത്മമണ്ഡലത്തെ വിഴുങ്ങിയിരിക്കുന്നതുപോലുള്ള അവസ്ഥയാണ്. അതിന്റെ ആക്രാന്ത

ത്തിൽ ഓരോരുത്തരും കാട്ടിക്കൂട്ടുന്ന വേലത്തരങ്ങൾ നിമിത്തം ദൈവനാമം ദുഷിക്കപ്പെടുന്നു. കപട ആത്മീയതയെ ജനങ്ങൾക്കു വിവേചിച്ച് തിരിച്ചറിയുവാൻ കഴിയാതെ പോകുന്നു. പണസമ്പാദനത്തിനുള്ള ഒരു വഴിയായി ആത്മീയത മാറിയത് കൊണ്ട് ലോകം പരിഹസിച്ച് ചിരിക്കുന്നു.

പിശാചിന്റെ കെണികളെ കണ്ടൊഴിഞ്ഞു, ഉത്സാഹത്തിൽ മടുപ്പില്ലാതെ, എരിവോടെ, ആത്മീയതയിൽ മുന്നേറുവാൻ ദൈവകൃപ നമുക്ക് ഏറെ ആവശ്യമായിരിക്കുന്നു. അതിന് ദൈവത്തിൽ പൂർണ്ണമായും നമുക്ക് ശരണപ്പെടാം. ഈ പ്രതികൂലങ്ങൾക്കിടയിൽ ദൈവനാമ മഹത്വത്തിനായി ജീവിക്കുക എന്ന വെല്ലുവിളി നമുക്ക് ഏറ്റെടുക്കാം.

ഇസ്രായേലിനെ നയിക്കുവാൻ ദൈവത്താൽ അഭിഷിക്തനായ ദാവീദിന് ധാരാളം വെല്ലുവിളികൾ നേരിടുവാൻ ഉണ്ടായിരുന്നു. ദാവീദിനെതിരെ ശൗൽ കോപഭ്രാന്ത് നിറഞ്ഞവനായിത്തീർന്നു. എങ്ങനെയും ദാവീദിനെ ഇല്ലായ്മ ചെയ്യുക എന്നതായിരുന്നു ശൗലിന്റെ ശപഥം. ശൗലിന്റെ മുമ്പിൽ നിന്നും ഓടിപ്പോയി ഗുഹകളിൽ അഭയം പ്രാപിക്കുന്ന ദാവീദ് ദൈവത്തോടു നിലവിളിച്ചതാണ് അമ്പത്തിയേഴാം സങ്കീർത്തനം. തന്റെ ജീവന് ഭീഷണിയായി നിലനിൽക്കുന്ന ആപത്തുകളെക്കുറിച്ച് ദാവീദ് ബോധവാനായിരുന്നു. അതിൽ നിന്നും രക്ഷ പ്രാപിക്കുവാൻ ഉള്ള ഏകവഴി ദൈവത്തിന്റെ ചിറകടിയിൽ മറഞ്ഞിരിക്കുക എന്നതാണെന്ന് ദാവീദിന് നല്ല ബോധ്യമുണ്ടായിരുന്നു.

ഈ ആപത്തുകൾ ഒഴിഞ്ഞുപോകുവോളം ഞാൻ നിന്റെ ചിറകിൻനിഴലിൽ ശരണം പ്രാപിക്കുന്നു എന്നാണ് ദാവീദ് പറയുന്നത്. ഇന്ന്, നമ്മുടെയും ഭൗതികജീവിതത്തിലും ആത്മീയജീവിതത്തിലും ഉള്ള വെല്ലുവിളികളെ തരണം ചെയ്യേണ്ടത് ദൈവത്തിന്റെ ചിറകടിയിൽ അഭയം പ്രാപിച്ചുകൊണ്ടാണ്. ചുരുക്കത്തിൽ, ദൈവത്തോട് കുറേക്കൂടി അടുത്തുചെല്ലുക, കർത്താവുമായുള്ള ആത്മബന്ധം കുറേക്കൂടെ ദൃഢമാക്കുക എന്നതാണ് നാം ചെയ്യേണ്ടത്.

ദൈവത്തിൽ നിന്നും അകലുന്നത് ആത്മീക മാന്ദ്യം ബാധിക്കുന്നതിനാൽ ആണ്. ആത്മീയ മാന്ദ്യം ഉണ്ടാകുമ്പോൾ പ്രാർത്ഥന കുറയുന്നു, വിശ്വാസം ക്ഷീണിക്കുന്നു, ആത്മാക്കളെ നേടണം എന്നുള്ള ചിന്ത കുറയുന്നു, വചനം ഗ്രഹിക്കുവാനും ജീവിതത്തിൽ പ്രാവർത്തികമാക്കാനുമുള്ള സമർപ്പണം കുറയുകയും ദൈവമക്കളോടുള്ള സ്നേഹം തണുത്തുപോവുകയും ചെയ്യുന്നു. ഇപ്രകാരം നമുക്ക് സംഭവിച്ചിട്ടുണ്ടോ എന്ന് നാമോരോരുത്തരും ശോധന ചെയ്യണം. നമുക്ക് സംഭവിച്ച കുറവുകൾ ഏറ്റുപറഞ്ഞ് ദൈവസന്നിധിയിൽ യഥാസ്ഥാനപ്പെടുവാൻ കഴിയട്ടെ. അപ്രകാരം നാം ഉണരുമ്പോൾ നമുക്ക് ദൈവത്തോട് അടുത്തുചെല്ലുവാൻ ഇടയാവും.

ദൈവവുമായി ദൃഢമായ ആത്മബന്ധം പുലർത്തുന്നവരെ പ്രശ്നങ്ങൾ കുലുക്കുകയില്ല. യഹോവയിൽ ആശ്രയിക്കുന്നവൻ കുലുങ്ങാതെ എന്നേക്കും നില്ക്കുന്ന സീയോൻ പർവ്വതം പോലെ ആകുന്നു എന്നത് തികച്ചും യാഥാർത്ഥ്യമാണ്. കാരണം, പർവ്വതങ്ങൾ യെരുശലേമിനെ ചുറ്റുന്നതുപോലെ കർത്താവ് തന്റെ ജനത്തെ ചുറ്റിയിരിക്കുകയാണ്. അതുകൊണ്ട് ഏത് പ്രതികൂലങ്ങളിലും വലിയ സുരക്ഷിതബോധമാണ് ദൈവഭക്തർ അനുഭവിക്കുന്നത്.

ജീവിതത്തോട് മടുത്ത്, ജീവിതം അവസാനിപ്പിക്കുവാൻ ചിന്തിക്കുന്നത് വലിയ നിരാശയിൽ നിന്നാണ്. ദൈവസാന്നിധ്യത്തിന്റെ അഭാവമാണ് ഇപ്രകാരമുള്ള നിരാശാചുഴിയിൽ ആളുകൾ അകപ്പെട്ടു പോകുന്നതിനു കാരണം. യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു എന്ന് കരുതിയവർ പോലും നിരാശ മൂലവും ഭയം മൂലവും ആത്മഹത്യയുടെ കുറുക്കുവഴികൾ തേടുന്നു. പിശാച് അവരെ അന്ധരായി വഴിതെറ്റിക്കുന്നു. വിശ്വാസികൾ എന്ന് പറയുന്ന പലർക്കും കർത്താവുമായി ശരിയായ ആത്മബന്ധം ഇല്ല എന്നതാണ് വാസ്തവം. നിത്യതയെക്കുറിച്ച് യാതൊരു ചിന്തയും ദർശനവും ഇല്ലാത്ത അജ്ഞരും കുരുടരുമായി പലരും അധഃപ്പതിക്കുന്നു.

ഇന്ന്, ലോകജനതകളിൽ നിരാശ കത്തിപ്പടരുകയാണ്. വലിയ മാനസിക സംഘർഷമാണ് ഒരു വലിയ പങ്ക് ജനങ്ങളും അനുഭവിക്കുന്നത്. പണത്തിനോടുള്ള ആർത്തിയിലും മത്സരജീവിതശൈലിയിലും ജീവിതം ട്യൂൺ ചെയ്യപ്പെട്ടിരിക്കുന്നതിനാൽ അങ്ങനെയുള്ളവർ സമാധാനം അനുഭവിക്കുന്നില്ല. വീർപ്പുമുട്ടിക്കുന്ന ഇരുളിനെ മൂടിവെച്ച് യാതൊരു പ്രശ്നവും ഇല്ലാത്തവരെപ്പോലെ നടിക്കുവാൻ ശ്രമിക്കുകയാണ് അനേകർ. പ്രശ്നങ്ങളെ മൂടിവച്ചതുകൊണ്ട് കാര്യമില്ല. പ്രത്യുത, പരിഹാരം കണ്ടെത്തുകയാണ് ആവശ്യം. ലോകത്തിൽ വർദ്ധിച്ചുവരുന്ന അസമാധാനത്തിന്റെ സമ്മർദ്ദം വിശ്വാസികളുടെ മേലും അനുഭ

വപ്പെടുന്നുണ്ട്. നിത്യതയുടെ വെളിച്ചവും പരസ്പ ര സ്നേഹവും നിലനിർത്തുന്ന യഥാർത്ഥ ആത്മീയതയുടെ അനുഭവത്തിൽ മാത്രമേ ഈ പ്രശ്ന ങ്ങളെ അതിജീവിക്കാൻ നമുക്ക് കഴിയുകയുള്ളൂ. ഈ ആപത്തുകൾ നമ്മെ ഒഴുക്കിക്കളയാതിരിക്കട്ടെ. പ്രത്യുത ഈ ആപത്തുകൾ ഒഴിഞ്ഞു പോകുവോളം നമുക്ക് കർത്താവിന്റെ ചിറകടിയിൽ അഭയം പ്രാപിക്കാം.

നമ്മുടെ ദൈവം അത്യുന്നതൻ ആണ്. അവിടുത്തേക്ക് തുല്യനായി ആരുമില്ല. നമുക്കായി എല്ലാം നിർവഹിക്കുന്നത് നമ്മുടെ ദൈവമാണ്.

അതുകൊണ്ടല്ലേ ദാവീദ് പറഞ്ഞത്: അത്യുന്നതനായ ദൈവത്തെ ഞാൻ വിളിച്ചപേക്ഷിക്കുന്നു , എനിക്ക് വേണ്ടി സകലവും നിർവഹിക്കുന്ന ദൈവത്തെ തന്നെ. നമ്മുടെ ദൈവം നമുക്കായി സകലതും നിർവഹിക്കുന്നവനാണ്. തനിക്ക് അസാധ്യം ആയിരിക്കുന്നത് ഒന്നുമില്ല. എല്ലാ സാഹചര്യങ്ങൾക്കും പ്രശ്നങ്ങൾക്കും അതീതനായി ദൈവം ജീവിക്കുന്നു. തന്റെ മക്കളെ ജയോത്സവമായി നടത്തുവാൻ ദൈവം എന്നും ശക്തൻ.

2022 ന്റെ ഓരോ ദിവസവും ശക്തനായവന്റെ കരത്തിൽ മുറുകെപ്പിടിച്ചുകൊണ്ട് നമുക്ക് നടക്കാം. തന്റെ കരങ്ങളിൽ, തന്റെ മഹത്വത്തിനായി നാമോരോരുത്തരും ഉപയോഗിക്കപ്പെടുന്നവരായിരിക്കട്ടെ.

എല്ലാ ആപത്തുകളും ഒഴിഞ്ഞുപോകുവാൻ കാലമായി. നമ്മെ അരികിൽ ചേർത്തുകൊള്ളുവാൻ കർത്താവ് വേഗം വരുന്നു. ആ പ്രത്യാശ എന്നും എന്നന്നേക്കും നമ്മിൽ ഉണർവും ഉന്മേഷവും പകരട്ടെ.

•

# മനുഷ്യന് എന്താണ് ആവശ്യം?

**അ**ഖിലാണ്ഡത്തിന്റെ സ്രഷ്ടാവും പരിപാലകനുമായ ദൈവം നമ്മുടെ ലൗകികവും ആത്മികവുമായ സകല ആവശ്യങ്ങൾക്കും വേണ്ടതെല്ലാം കരുതിയിട്ടുണ്ട്. മരണാനന്തരം ദൈവം നമുക്ക് നൽകുവാൻ പോകുന്ന അനുഗ്രഹങ്ങളെയും പദവികളെയും നാം പ്രതീക്ഷിച്ചു കൊണ്ടിരിക്കുന്ന ഈ സമയത്ത്, ഈ ഭൂമിയിൽ വെച്ച് തന്നെ ദൈവവുമായുള്ള അത്ഭുതകരമായ കൂട്ടായ്മ, അതിനുപുറമേ അവർണ്ണനീയവും മഹിമയേറിയതും ആയ അനുഭവങ്ങളോട് കൂടിയ നിത്യത! ഇതിൽ കൂടുതലായി ഒരു മനുഷ്യന് എന്താണ് ആവശ്യം. നാം നമ്മെത്തന്നെ പൂർണമായി ദൈവഹിതത്തിന് ഏൽപ്പിച്ചു കൊടുക്കുമ്പോൾ നമ്മുടെ ഇഹലോക ജീവിതത്തിലെ സകല ആവശ്യങ്ങളെക്കുറിച്ചും അവിടുന്ന് കരുതൽ ഉള്ളവനായിരിക്കും. ഈ ചിന്ത പുതുവത്സര ആരംഭത്തിൽ നമ്മെ ധൈര്യപ്പെടുത്തട്ടെ.

ജോർജ്മുള്ളറിന്റെ ജീവിത അനുഭവങ്ങളെക്കുറിച്ച് നാം ചിന്തിച്ചാൽ അനാഥരായ ആയിരക്കണക്കിന് കുട്ടികളെ സംരക്ഷിക്കുന്നതിന് മതിയായ ഒരു സ്ഥാപനം ഉണ്ടാകണമെന്ന് ദൈവം തന്നോട് ആവശ്യപ്പെടുന്നതായി അദ്ദേഹത്തിന് ബോധ്യപ്പെട്ടു. അതനുസരിച്ച് അദ്ദേഹം പ്രവർത്തിച്ചു, കുട്ടികൾക്ക് ആവശ്യമായ ഭക്ഷണത്തിനും വസ്ത്രങ്ങൾക്കും വേണ്ടി പൂർണമായി ദൈവത്തിൽ ആശ്രയിച്ചു. ഒരിക്കൽ പോലും ദൈവം തന്നെ കൈവെടിഞ്ഞില്ല എന്ന് അദ്ദേഹം പിൽക്കാലത്തു വെളിപ്പെടുത്തിയിട്ടുണ്ട്.

നമ്മുടെ സ്വർഗീയപിതാവും നമുക്ക് വേണ്ടി ഇതുതന്നെ ചെയ്യും. നമ്മുടെ പ്രാർത്ഥനകൾക്ക് മുള്ളറിന്റെ പ്രാർത്ഥനയ്ക്ക് മറുപടി ലഭിച്ചതുപോലെ അത്ഭുതകരമാം വിധത്തിൽ മറുപടി ഉണ്ടായില്ലെങ്കിൽപോലും, നമ്മുടെ ആവശ്യങ്ങൾക്കൊന്നും മുടക്കം വരികയില്ല. ക്രിസ്തീയജീവിതത്തിൽ പുതിയ വർഷത്തിലേക്ക് പ്രവേശിക്കുന്ന ഈ അവസരത്തിൽ, ഒന്നുമില്ലാത്തവൻ ആണ് എന്നുള്ള ചിന്ത അശേഷം ആരുടെയും മനസ്സിൽ ഉണ്ടാകരുത്. നേരെമറിച്ച് വിശ്വാസത്താൽ ക്രിസ്തുവിലൂടെ നമ്മുടെ ഇഹലോകത്തിലുള്ള സകല ജീവിത ആവശ്യങ്ങൾക്കുവേണ്ടി ദൈവത്തിൽ ആശ്രയിക്കുകയും മോക്ഷയാത്രയ്ക്കായി വചനാനുസരണം ദൈവകൃപയിലാശ്രയിച്ചു നിത്യതയ്ക്കായി ഒരുങ്ങി, നിത്യതയിൽ കർത്താവിനോടു കൂടെ എന്നുമെന്നേക്കും വാഴുകയും ചെയ്യാം.

•



**സാജു മാത്യു**

# മണ്ണപ്രതി മാണിക്യം വെടിയുകയില്ല

***അവൻ തന്റെ അധരങ്ങളാൽ എന്നെ ചുംബിക്കട്ടെ; നിന്റെ പ്രേമം വീഞ്ഞിലും രസകരമാകുന്നു (ഉത്തമഗീതം 1:2)***

**വ്യാ**ഖ്യാതാക്കൾക്കു ശലോമോന്റെ ഉത്തമഗീതം എന്നും ഒരു പ്രഹേളികയാണ്. 'ശൂലേമി' എന്നു വിളിക്കുന്ന ഒരു ഗ്രാമീണപെൺകുട്ടിയാണ് ഇക്കഥയിലെ നായിക. നായകനോ? 'പ്രിയൻ' എന്നു ശൂലേമി വിളിക്കുന്ന ഒരു ഇടയച്ചെറുക്കൻ! അപ്പോൾ ശലോമോൻ രാജാവോ? അവിടെയാണ് വ്യാഖ്യാതാക്കൾ കുഴങ്ങുന്നത്. ശലോമോൻ നായകനോ അതോ വില്ലനോ? ശലോമോൻ രാജാവു തന്നെയാണു ശൂലേമിയുടെ അടുത്ത് വേഷം മാറി ച്ചെന്ന ഇടയച്ചെറുക്കൻ എന്നാണു സമാശ്വാസമായി പല വ്യാഖ്യാതാക്കളും പറയുന്നത്.

എന്തായാലും ഇതു ശലോമോന്റെ തൂലികയിലുതിർന്ന വെറുമൊരു പ്രേമകാവ്യം മാത്രമല്ല. ഇതു 'ഉത്തമ'ഗീതമാകുന്നത്- എല്ലാ ഗീതങ്ങളുടെയും ഗീതമാകുന്നത് (Song of songs)- ക്രിസ്തുവും അവന്റെ കാന്തയായ സഭയും തമ്മിലുള്ള ബന്ധമായി അതിനെ വിശദീകരിക്കുമ്പോഴാണ്. ക്രിസ്തു നമുക്കു പ്രിയൻ; നാം അവന്റെ പ്രിയ...കാന്തനോടുള്ള തന്റെ പ്രിയ ശൂലേമിയുടെ പ്രേമത്തെ കവർന്നു സ്വന്തമാക്കാൻ ശലോമോൻ പല അടവുകളും പ്രയോഗിക്കുന്നുണ്ട്. കൊട്ടാരത്തിന്റെ പകിട്ടും പത്രാസുമൊക്കെ അവളെ കാണിച്ചുകൊടുക്കുന്നതും രാജാവിന്റെ സ്തുതിപാടകരായ യെരൂശലേം പുത്രിമാർ ശലോമോന്റെ മഹിമയെ വിവരിച്ചുകേൾപ്പിക്കുന്നതും എല്ലാം പ്രിയനോടുള്ള അവളുടെ പ്രേമത്തിന്റെ ഏകാഗ്രതയെ തകർക്കുവാനാണ്. ശലോമോനു വേണമെങ്കിൽ ശൂലേമിയുടെ ശരീരത്തെ കീഴ്പ്പെടുത്താം. എന്നാൽ ശലോമോനു വേണ്ടതു ശൂലേമിയുടെ ശരീരമല്ല, മനസ്സാണു-ഹൃദയമാണ്! അത് അവൾ ഒരിക്കലും രാജാവിനു കൊടുക്കുകയില്ല.

ലോകം കൊതിക്കുന്നതു ഒരു ക്രിസ്ത്യാനിയുടെ ഹൃദയത്തെ കവരുവാനാണ്. എന്നാൽ, യേശുമാത്രമാണു നമ്മുടെ കാന്തൻ എന്നു നാം എപ്പോഴും ഓർത്തിരിക്കണം. ക്രിസ്തു എന്ന ഏകപുരുഷനു വിവാഹനിശ്ചയം ചെയ്തിരിക്കുന്നവരാണു നാം... ലോകം എത്ര പ്രലോഭിപ്പിച്ചാലും നമ്മുടെ മനസ്സ് ക്രിസ്തുവിനോടുള്ള ഏകാഗ്രതയും നിർമലതയും വിട്ട് വഷളായിപ്പൊയ്ക്കൂടാ (2 കൊരിന്ത്യർ 11: 2-3).

കവിതയെങ്കിലും ഉത്തമഗീതം ഒരു കഥയുമാണ്. ഒരു കഥയിലെ സംഭാഷണംപോലെ പല കഥാപാത്രങ്ങളുടെ വ്യത്യസ്തമായ സംഭാഷണങ്ങളാണിവിടെ... ഓരോ വാചകവും ആരു പറയുന്നതാണെന്നു മനസിലാകുമ്പോഴാണു അതിന്റെ ആന്തരികാർഥം ചുരുളഴിയുന്നത്. (പല ആധുനിക ബൈബിൾ പരിഭാഷകളിലും ഓരോ സംഭാഷണവും ആരു പറയുന്നുവെന്നു രേഖപ്പെടുത്തിയിട്ടുണ്ട്).

ശലോമോന്റെ ഉത്തമഗീതം (ഉത്തമഗീതം 1.1) തുടർന്നുള്ള വാക്കുകൾ (നാലാം വാക്യം പകുതിവരെ) ശൂലേമിയുടെ വാക്കുകളാണ്. എന്നാൽ, ''ഞങ്ങൾ നിന്നിൽ (രാജാവിൽ)ഉല്ലസിച്ചാനന്ദിക്കും'' എന്നതു ശൂലേമിയുടെ വാക്കുകളല്ല; പ്രത്യുത, രാജാവിന്റെ സ്തുതിപാഠകരായ യെരൂശലേം പുത്രിമാരുടെ വാക്കുകളാണ്. വീണ്ടും അഞ്ചാംവാക്യം മുതൽ ശൂലേമിയുടെ വാക്കുകൾ തുടരുന്നു. എട്ടാം വാക്യം വരുമ്പോൾ ശൂലേമിയുടെ പ്രിയനായ ഇടയച്ചെറുക്കനാണ് സംഭാഷിക്കുന്നത്. 9-11 വരെ വാക്യങ്ങൾ ഒരുപക്ഷേ, ശലോമോന്റെ വാക്കുകളാകാം. 12 മുതൽ വീണ്ടും ശൂലേമിയുടെ വാക്കുകൾ! 15-ാം വാക്യം മുതൽ വീണ്ടും പ്രിയൻ-ഇടയച്ചെറുക്കൻ- കയറിവരുന്നു!

''അവൻ തന്റെ അധരങ്ങളാൽ എന്നെ ചുംബിക്കട്ടെ''(ഉത്തമഗീതം 1:2). ശൂലേമിക്കു

പ്രിയനോടുള്ള പ്രേമത്തിന്റെ പരവശതയിൽ, അന്തരാത്മാവിലുള്ള മോഹത്തെ അവൾ ബഹിർസ്ഫുരിക്കുകയാണ്. വെറുമൊരു ശരീരതീക്ഷ്ണതയല്ലത്! അധരചുംബനം വിവാഹിതാവസ്ഥയുടെ ചിഹ്നമാണ്. പ്രേമിതരെങ്കിലും വിവാഹത്തിൽ മാത്രാണു അധരചുംബനം അനുവദനീയമാകുന്നത്. സാക്ഷികളുടെ മധ്യത്തിൽ ദൈവികപ്രമാണത്താൽ ഉഭയസമ്മതം ചെയ്തു വിവാഹിതരാകുമ്പോൾ പൊതുവേദിയിൽതന്നെ ദമ്പതികൾ അധരചുംബനംകൊണ്ട് അവരുടെ വിവാഹബന്ധത്തെ മുദ്രയിടുന്നതു വേദപുസ്തകനാടുകളിൽ സാധാരണയായിരുന്നു. പാശ്ചാത്യനാടുകളിൽ ഇപ്പോഴും അതു പ്രയോഗത്തിലുണ്ടല്ലോ!

സഭ മണവാട്ടിയാണ്; യേശു കാന്തനും! അധരചുംബംനം ഒന്നായിത്തീരുന്നതിന്റെ പ്രതീകമാണ്. കർത്താവുമായി ഒത്തുചേരുന്നതിനുള്ള കാന്തയുടെ മോഹം ഈ വാക്കുകളിൽ കാണാം. യേശു നമുക്കു വാഗ്ദാനം ചെയ്യുന്നതും അതാണ്: ''എന്നിൽ വസിപ്പിൻ ഞാൻ നിങ്ങളിലും വസിക്കും" (യോഹന്നാൻ 15: 4). കർത്താവുമായി ലൗകികമായ ഈ ഒത്തുചേരലാണ്-വാസമാണ്- ക്രിസ്തീയജീവിതത്തിന്റെ പരമസുഖം. ഓരോ വിശ്വാസിയുടെയും മോഹം ഇതുപോലെയാണ്: "അവൻ അവന്റെ അധരങ്ങളാൽ എന്നെ ചുംബിക്കട്ടെ"! ശൂലേമിക്കു പ്രിയൻ ഒരാൾ മാത്രം! രാജാവിന്റെ കൊട്ടാരത്തിന്റെ പകിട്ട് അവളെതെല്ലും സന്തോഷിപ്പിക്കുന്നില്ല. പ്രിയനോടൊന്നിച്ചുള്ള വാസത്തിന്റെ-ഒത്തുചേരലിന്റെ-മോഹസ്മൃതിയിലാണവൾ! ലോകത്തിന്റെ മായികപ്രഭയിൽ മനസ്സുടക്കാതെ പ്രിയതമനായ യേശുവിനോടുള്ള അനുരാഗത്തിന്റെ വിവശത സൂക്ഷിക്കുന്ന വിശ്വാസിയുടെ പ്രതീകമാണവൾ!


പ്രിയന്റെ പ്രേമം വർണിക്കുവാൻ ശൂലേമിക്കു നൂറു നാവാണ്! "നിന്റെ പ്രേമം വീഞ്ഞിലും രസകരമാകുന്നു!" (ഉത്തമഗീതം 1:2). ലൗകിക മനുഷ്യൻ രസം കണ്ടെത്തുന്നതു വീഞ്ഞിലാണ്! വിമാനത്തിൽ ഉയർന്ന ക്ലാസിൽ യാത്രചെയ്യുന്നവർക്കു വിമാനത്താവളത്തിൽ പ്രത്യേക ടെർമിനലുകളും മറ്റുമുണ്ട്. സാധാരണ ബോർഡിങ് പാസ് കൊടുത്ത് സ്റ്റാഫ് അവരെ ഗ്രീറ്റു ചെയ്യുന്നത് "എൻജോയ് യുവർ വൈൻ" (അങ്ങയുടെ വീഞ്ഞ് ആസ്വദിക്കൂ) എന്നാണ്! ലൗകികമായി ഏറ്റവും ഉയർന്നവരെന്നു കരുതുന്നവർക്കുള്ള മാക്സിമം ആസ്വാദനം "വീഞ്ഞ്" ആണല്ലോ എന്നു ഞാൻ ചിന്തിച്ചിട്ടുണ്ട്... എന്നാൽ, ഒരു ദൈവപൈതലിനു പറയാൻ കഴിയുന്നത്, ''എന്റെ യേശുവിന്റെ പ്രേമം എനിക്കു ഏതു വീഞ്ഞിനെക്കാളും രസകരം" എന്നാണ്. അതു എനിക്കു പറയാൻ കഴിയുന്നത് വീഞ്ഞു കുടിച്ചുനോക്കിയിട്ടൊന്നുമല്ല. വീഞ്ഞു കുടിച്ചു രസിക്കുന്നവർ മണിക്കൂറുകൾക്കുള്ളിൽ വീണ്ടും ദുഃഖത്തിലേക്കു കൂപ്പുകുത്തുന്നതു നാം എപ്പോഴും കാണുന്നതാണല്ലോ.

ധനശാസ്ത്രത്തിലെ (economics) ഒരു പ്രധാന തത്ത്വമാണു വിലയിടിവുണ്ടാക്കുന്ന ഉപയോഗയോഗ്യത (diminishing marginal utility). വിശന്നു ദാഹച്ചുവലഞ്ഞിരിക്കുമ്പോൾ നിങ്ങൾ ഭക്ഷിക്കുന്ന ആദ്യത്തെ ഓറഞ്ച് എത്രയും വിലയേറിയതായി നിങ്ങൾക്കു അനുഭവപ്പെടും. രണ്ടാമത്തേതിനു അത്ര വില തോന്നണമെന്നില്ല. മൂന്നാമത്തെയും നാലാമത്തെയും അഞ്ചാമത്തെയും ഓറഞ്ചുകൾക്കു മൂല്യം കുറഞ്ഞതായി നിങ്ങൾക്കനുഭവപ്പെടും. ആറാമത്തെയും ഏഴാമത്തെയും ഓറഞ്ചുകൾ നിങ്ങൾ കഷ്ടപ്പെട്ട് ഭക്ഷിച്ചെന്നിരിക്കും. എട്ടാമത്തെയും ഒമ്പതാമത്തെയും ഓറഞ്ചു നിങ്ങൾക്കു അറപ്പാണുണ്ടാക്കുക. പിന്നെയും ഭക്ഷിച്ചാൽ നിങ്ങൾ ഛർദിച്ചെന്നിരിക്കും. ഭൂമിയിലെ ഏതു വസ്തുവിനും ഏതു സുഖത്തിനും ഉപയോഗയോഗ്യത കുറഞ്ഞുകൊണ്ടിരിക്കും. എന്നാൽ, രസമൊടുങ്ങാത്തതാണു ക്രിസ്തുവിനോടുള്ള പ്രേമം. നുകരുംതോറും ആസ്വാദ്യത വർധിക്കുന്ന ഒരേയൊരു കാര്യം! നിന്റെ പ്രേമം വീഞ്ഞിലും രസകരമാകുന്നു! ''ധാന്യവും വീഞ്ഞും വർദ്ധിച്ചപ്പോൾ അവർക്കുണ്ടായതിലും അധികം സന്തോഷം നീ എന്റെ ഹൃദയത്തിൽ നല്കിയിരിക്കുന്നു" (സങ്കീർത്തനം 4:7).

വീഞ്ഞ് ഹൃദയത്തെ രസിപ്പിക്കുന്നതാണ്; മനസ്സിനെ ഊഷ്മളമാക്കുന്നതാണ്. ആത്മാവിനു ഉണർവു നൽകുന്നതാണ്. യേശുവിന്റെ സ്നേഹത്തിന്റെ ചൂടറിയുന്നവനു മറ്റൊന്നിലും രസിക്കുവാൻ കഴിയില്ല. ലോകത്തെ പ്രണയിക്കുന്നവനെ പണംകൊണ്ടും പദവികൊണ്ടും നിങ്ങൾക്കു വശീകരിക്കാം. എന്നാൽ, യേശുവിന്റെ പ്രണയമറിഞ്ഞവൻ പണത്തെ ചവിട്ടിമെതിക്കുന്നവനും അധികാരക്കസേരയെ പുറംകാലുകൊണ്ടു തട്ടിത്തെറിപ്പിക്കുന്നവനുമാണ്. യേശുവിനെ സ്നേഹിക്കുന്നുവെന്നു പറയുകയും കസേരയെ പ്രണയിക്കുകയും ചെയ്യുന്നവൻ വ്യഭിചാരിയാണ്. പണത്തിന്റെ കിലുക്കത്തിനു കാതോർക്കുന്നവൻ യേശുവിന്റെ പ്രേമത്തെ കണ്ടിട്ടില്ലാത്തവനാണ്; അവിടുത്തെ മധുമൊഴി കേട്ടിട്ടില്ലാത്തവനാണ്.

വീഞ്ഞ് ആസ്വദിച്ചവൻ-വീഞ്ഞു നിറഞ്ഞവൻ -പിന്നീടു ആഗ്രഹിക്കുന്നതു വീഞ്ഞു മാത്രമായിരിക്കും. വീഞ്ഞുകൊണ്ടു മത്തുപിടിച്ചവനു നിങ്ങൾ മനോഹരമായ റോസാപ്പുഷ്പം

ശേഷം പേജ് 28 ▶



ഡേവിഡ് വിൽക്കേഴ്സൺ

# ക്രിസ്തുവിന്റെ ശരീരമാകുന്ന സഭ

**നി**ങ്ങൾ ക്രിസ്തുവിന്റെ ശരീരവും ഓരോരുത്തരും ആ ശരീരത്തിന്റ അവയവങ്ങളും ആകുന്നു (1 കൊരിന്ത്യർ 12:27). വിശുദ്ധനും കുറ്റമറ്റവനുമായ യേശു എന്ന മനുഷ്യന് ഒരു ശരീരമുണ്ട്. ആ ശരീരത്തിന്റെ അവയവങ്ങളാണ് ദൈവസഭയുടെ ഭാഗമായിരിക്കുന്ന നാമോരോരുത്തരും. വിശ്വാസത്താൽ നാം അവിടുത്തെ അസ്ഥിയിൽ നിന്ന് അസ്ഥിയും മാംസത്തിൽ നിന്ന് മാംസവും ആക്കപ്പെട്ടിരിക്കുന്നു. അങ്ങനെ നാമെല്ലാവരും ക്രിസ്തുവിന്റെ ശരീരത്തിന്റെ ഭാഗമായി ദൈവകുടുംബത്തിലേക്ക് ദത്തെടുക്കപ്പെട്ടിരിക്കുന്നു. അങ്ങനെ പലരായ നാം ക്രിസ്തുവിനോട് ഐക്യപ്പെട്ടതിലൂടെ ഒരേ ശരീരവും, അങ്ങനെ നാം ഓരോരുത്തരും പരസ്പരം ബന്ധപ്പെട്ടിരിക്കുന്ന അവയവങ്ങളുമായിത്തീർന്നിരിക്കുകയാണ് (റോമർ 12:5).

പുനരുത്ഥാനം ചെയ്ത ക്രിസ്തുവിന്റെ ക്രൂശിലൂടെ, മാനസാന്തരപ്പെട്ട് യേശുവിൽ വിശ്വസിച്ചിരിക്കുന്ന ഏവരും തന്നിൽ തന്റെ ശരീരത്തിന്റെ അവയവങ്ങളായി കൂട്ടിച്ചേർക്കപ്പെട്ടിരിക്കുന്നു. നാം യഹൂദരോ, ജാതികളോ, അടിമകളോ, സ്വതന്ത്രരോ ആരുമായിക്കൊള്ളട്ടെ, ഒരൊറ്റ ശരീരമായി കണക്കാക്കപ്പെടുവാൻ നാമെല്ലാവരും ഒരേ ആത്മാവിനാൽ സ്നാനം ഏറ്റവരും, നടത്തപ്പെടുവാൻ ഒരേ ആത്മാവ് ലഭിച്ചവരും ആയിരിക്കുന്നു (1 കൊരിന്ത്യർ 12:13). അതിനാൽ ജാതിമത വർഗവർണ്ണ ഭാഷാഭേദമില്ലാതെ എല്ലാവരും ക്രിസ്തുയേശുവിൽ ഒന്നത്രേ. അതാണ് ക്രിസ്തുവിന്റെ ക്രൂശിലെ പരമയാഗം അംഗീകരിക്കുന്നതിന്റെ പ്രയോജനം.

ന്യായപ്രമാണവും കല്പനകളും പാലിച്ചു കൊണ്ട് ഒരു മനുഷ്യന് വിശുദ്ധനാകുവാൻ കഴിയില്ല. എന്തുകൊണ്ടെന്നാൽ ക്രിസ്തു ക്രൂശിൽ നിർവഹിച്ച രക്ഷണ്യപ്രവൃത്തി വിശ്വസിച്ചു അംഗീകരിക്കുന്നതിനാൽ മാത്രമേ അത് സാധിക്കുകയുള്ളു. അതല്ലാതെ സത്പ്രവൃത്തികളാലോ നീതിപ്രവൃത്തികളാലോ മറ്റു മനുഷ്യപ്രയത്നങ്ങളാലോ ആർക്കും വിശുദ്ധരാകുവാൻ കഴിയുകയില്ല. ക്രിസ്തു ക്രൂശിൽ സ്വന്തം ശരീരം അർപ്പിച്ചുകൊണ്ട് ആജ്ഞകളും അനുഷ്ഠാനങ്ങളും ആകുന്ന ന്യായപ്രമാണം റദ്ദാക്കി, യഹൂദരെയും യഹൂദേതരെയും അകറ്റിനിറുത്തിയിരുന്ന ശത്രുതയുടെ വന്മതിലിനെ തകർത്ത് അവരെ ഒന്നാക്കി മാറ്റി; ഇങ്ങനെ ക്രിസ്തുവിൽ ഒരു പുതിയ ജനതയാക്കി അവരെ സൃഷ്ടിച്ചു സമാധാനം വരുത്തി (എഫെസ്യർ 2:14, 15).

**വിശ്വാസത്താൽ നാം അവിടുത്തെ അസ്ഥിയിൽ നിന്ന് അസ്ഥിയും മാംസത്തിൽ നിന്ന് മാംസവും ആക്കപ്പെട്ടിരിക്കുന്നു. അങ്ങനെ നാമെല്ലാവരും ക്രിസ്തുവിന്റെ ശരീരത്തിന്റെ ഭാഗമായി ദൈവകുടുംബത്തിലേക്ക് ദത്തെടുക്കപ്പെട്ടിരിക്കുന്നു.**

മനുഷ്യന്റെ മേൽ വരേണ്ടിയിരുന്ന നിത്യശിക്ഷാവിധി അവന്റെ പകരക്കാരനായി യേശു സ്വയം ഏറ്റെടുത്തു. തന്നിൽ വിശ്വസിക്കുന്ന ഏവർക്കും നിത്യരക്ഷ നൽകുവാൻ തക്കവണ്ണം ക്രൂശിൽ നിർവഹിച്ച രക്ഷണ്യപ്രവൃത്തിയിൽ വിശ്വസിച്ചു അത് അംഗീകരിക്കുന്നതിലൂടെ മാത്രമേ രക്ഷപ്രാപിച്ചു വിശുദ്ധരാകുവാൻ മനുഷ്യന് കഴിയുമായിരുന്നുള്ളൂ. തന്നിൽ വിശ്വസിക്കുന്നവരെ യേശു, പിതാവിന്റെ മുൻപാകെ കൊണ്ടുവന്നു നിർത്തുമ്പോൾ, തന്റെ പുത്രനെ അവരിൽ ദർശിക്കുന്ന പിതാവ് ഇപ്രകാരം പ്രതിവചിക്കുന്നു: നിങ്ങൾ എല്ലാവരും എന്റെ വിശുദ്ധപുത്രനിൽ ആയിത്തീർന്നതിനാൽ ഞാൻ നിങ്ങളെ എല്ലാവരെയും വിശുദ്ധരായി സ്വീകരിക്കുന്നു.

അങ്ങനെ നാം ദൈവത്തിന്റെ പ്രിയരും ദൈവത്താൽ അംഗീകരിക്കപ്പെട്ടവരും ആയിത്തീരുന്നു. ഇത് അവിടുന്ന് സ്നേഹസ്വരൂപനായ പുത്രനിലൂടെ നമുക്ക് നിർലോഭമായി നൽകിയ മഹനീയകൃപയുടെ പുകഴ്ച്ചയ്ക്കു വേണ്ടി ആയിരുന്നു. ആ രഹസ്യമോ സ്വർഗ്ഗത്തിലും ഭൂമിയിലും ഉള്ള സകലവും കാലസമ്പൂർണ്ണതയിൽ ക്രിസ്തുവിൽ ഒന്നായി ചേർക്കുക എന്ന ദൈവീക മർമ്മമാണ്. അങ്ങനെ നിങ്ങളും ക്രിസ്തുവിൽ സത്യവചനം അതായതു നിങ്ങളെ രക്ഷിക്കുന്ന സുവിശേഷം, കേൾക്കുകയും ക്രിസ്തുവിൽ വിശ്വസിക്കുകയും ചെയ്തതിനാൽ, വാഗ്ദാനത്തിൻ പരിശുദ്ധാത്മാവിനാൽ മുദ്രയിടപ്പെട്ടിരിക്കുന്നു(എഫെസ്യർ 1:10,13). വിശുദ്ധി എന്നത് നമ്മുടെ പരിശ്രമത്താലോ, എന്തെങ്കിലും ചെയ്യുന്നതിനാലോ നേടുന്നതല്ല, മറിച്ചു വിശ്വാസത്താൽ പ്രാപിക്കുന്ന ഒന്നാണ്. ക്രിസ്തുവിൽ വിശ്വസിക്കുകയും ക്രിസ്തുവിൽ അധിവസിക്കുകയും ചെയ്യുന്നവരെ മാത്രമേ ദൈവം വിശുദ്ധരായി അംഗീകരിക്കുകയുള്ളു. വിശുദ്ധിയിലേക്കുള്ള പാത മനുഷ്യന്റെ കഴിവിലൂടെയോ, കർമ്മാനുഷ്ഠാനങ്ങളിലൂടെയോ അല്ല, മറിച്ചു ക്രിസ്തുയേശുവിലുള്ള വിശ്വാസത്താൽ മാത്രമാണ്.

വിശുദ്ധരാകേണ്ടത് എങ്ങനെയെന്ന് അറിയുവാൻ, കരയുകയും ദാഹിക്കുകയും ചെയ്യുന്ന അനേകർക്കുള്ള ദൈവത്തിന്റെ അത്ഭുതപൂർണമായ മറുപടി; ക്രിസ്തുവിന്റെ വിശുദ്ധിയുടെ സ്വസ്ഥതയിൽ ആയിരിക്കുമ്പോൾ മാത്രമാണ് നാം വിശുദ്ധരാകുന്നത് എന്നതാണ്. നമ്മുടെ വിശുദ്ധി ക്രിസ്തുവിലൂടെ ലഭിക്കുന്ന സൗജന്യദാനമാണ്. വേരിൽ നിന്ന് ശാഖകളായിരിക്കുന്ന നമ്മിലേക്ക്

**വിശുദ്ധിയെക്കുറിച്ചുള്ള ദൈവത്തിന്റെ സന്ദേശം ബാഹ്യമായ കാര്യാദികളിൽ മാത്രം ഒതുങ്ങുന്നതല്ല. അദൃശ്യമെങ്കിലും നമ്മുടെ ആന്തരിക കാര്യങ്ങളിലായിരിക്കണം വിശുദ്ധിയും വിശ്വസ്തതയും തിളങ്ങി നിൽക്കേണ്ടത്. ഇത് വളരെ വ്യക്തവും ലളിതവുമാണ്! അതെ, അതാണ് പരിശുദ്ധാത്മാവ് നമ്മെ പഠിപ്പിക്കുന്നത്**

ഒഴുകിയെത്തുന്ന സ്വസ്ഥത. വിശുദ്ധിയുടെ ഉപദേശം പലപ്പോഴും സഭ പ്രയോഗികമാക്കിയിരുന്നില്ല അഥവാ പ്രാവർത്തികമാക്കിയിരുന്നില്ല. ബാഹ്യമായ ചില സമ്പ്രദായങ്ങളാണ് വിശുദ്ധി എന്ന മിഥ്യാധാരണ ചിലർ വെച്ചുപുലർത്തുന്നു. വെള്ള വസ്ത്രം ധരിക്കുക, ക്ലീൻഷേവ് ചെയ്യുക, ആഭരണങ്ങൾ വർജ്ജിക്കുക എന്നിവമാത്രമല്ല വിശുദ്ധിയുടെ അടയാളം. അതിലുപരി വാക്കിലും നോക്കിലും ചിന്തയിലും അഭിലാഷങ്ങളിലും എന്നിങ്ങനെ അദൃശ്യമായ ആന്തരീകകാര്യങ്ങളിലാണ് വിശുദ്ധി നിലനിർത്തേണ്ടത്.

സ്ത്രീകളുടെ ചമയങ്ങൾക്കെതിരെയും ചില പ്രത്യേക വേഷവിധാനങ്ങൾക്കെതിരെയും കേശാലങ്കാരങ്ങൾക്കെതിരെയും നീണ്ട വാഗ്ധോരണികൾ വിശുദ്ധിയുടെ പ്രതീകങ്ങളായി പ്രസംഗിക്കുന്നത് കേട്ടിട്ടുണ്ട്. അതേസമയം ഈ പ്രസംഗകർ തന്നെയും കിംവദന്തികൾ പ്രചരിപ്പിക്കുന്നവരായും കേട്ടിട്ടുണ്ട്.

പ്രിയപ്പെട്ടവരെ, വിശുദ്ധിയെക്കുറിച്ചുള്ള ദൈവത്തിന്റെ സന്ദേശം ബാഹ്യമായ കാര്യാദികളിൽ മാത്രം ഒതുങ്ങുന്നതല്ല. അദൃശ്യമെങ്കിലും നമ്മുടെ ആന്തരികകാര്യങ്ങളിലായിരിക്കണം വിശുദ്ധിയും വിശ്വസ്തതയും തിളങ്ങി നിൽക്കേണ്ടത്. ഇത് വളരെ വ്യക്തവും ലളിതവുമാണ്! അതെ, അതാണ് പരിശുദ്ധാത്മാവ് നമ്മെ പഠിപ്പിക്കുന്നത്, ലാളിത്യത്തിലും മാന്യത പുലർത്തുന്നതിലും. പരിശുദ്ധാത്മാവു തന്റെ സമയത്തു തന്റേതായ വിധത്തിൽ നമുക്ക് ബോധ്യം നൽകി ഇക്കാര്യം നിർവഹിക്കുന്നു. ആയതിനായി വാഞ്ചയോടെ നമുക്ക് നമ്മെത്തന്നെ സമർപ്പിക്കാം. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ. ●



ചെയ്സ് ജോസഫ്

# തേജസ്സിന് വേണ്ടിയുള്ള ഞരക്കങ്ങളും ഉറപ്പായ വാഗ്ദത്തങ്ങളും

***നമ്മിൽ വെളിപ്പെടുവാനുള്ള തേജസ്സ് വിചാരിച്ചാൽ ഈ കാലത്തിലെ കഷ്ടങ്ങൾ സാരമില്ല എന്ന് ഞാൻ എണ്ണുന്നു... (റോമർ 8:18 ... )***

**ന**മ്മിൽ ഒരു തേജസ്സ് വെളിപ്പെടുവാൻ ഉണ്ട് എന്ന് പൗലോസ് മേലുദ്ധരിച്ച വാക്യത്തിൽ പറയുന്നു. അത് വിചാരിച്ചാൽ കഷ്ടങ്ങൾ സാരമില്ല എന്നതാണ് നമ്മുടെ ആശ്വാസം. നമുക്ക് പലപ്പോഴും കഷ്ടങ്ങൾ സാരമില്ല എന്ന് എണ്ണുവാൻ പറ്റാത്തത്, നമ്മിൽ വെളിപ്പെടുവാനുള്ള തേജസ്സിനെക്കുറിച്ച് ഉൾക്കാഴ്ച ഇല്ലാത്തതുകൊണ്ടാണ്. പലപ്പോഴും നാം ചിന്തിക്കുന്നത്, വളരെ കഷ്ടപ്പെട്ടാൽ നമുക്ക് തേജസ്സു ലഭിക്കും എന്നാണ്. വാഗ്ദത്തം എന്ന അർത്ഥത്തിൽ തേജസ്സ് എന്നത് മക്കളുടെ അവകാശം ആണ്. അതോടൊപ്പം കഷ്ടങ്ങളും മക്കളുടെ അവകാശം ആണ്. കാരണം ക്രിസ്തുവിന്റെ തേജസ്സ് ലഭിക്കുന്നതിനുള്ള ഞരക്കങ്ങൾ നമ്മെ ലോകത്തിനു അന്യരാക്കി മാറ്റുന്നു. അതുകൊണ്ടാണ് നമുക്ക് ലോകത്തിൽ കഷ്ടങ്ങൾ ഉണ്ടാവുന്നത്. ഈ ലോകത്തിൽ നമുക്ക് നിലനിൽക്കുന്ന നഗരം ഇല്ല എന്ന് വചനം വ്യക്തമാക്കുന്നു (എബ്രായർ 13:14). തേജസ്സിന് വേണ്ടിയുള്ള മൂന്ന് വ്യത്യസ്ത ഞരക്കങ്ങളെ പൗലോസ് ഇനിയുള്ള വാക്യങ്ങളിൽ ഓർമ്മിപ്പിക്കുന്നു.

**1. സകല സൃഷ്ടിയും ഒന്നുപോലെ ഞരങ്ങുന്നു.**

സർവ്വസൃഷ്ടിയും ഇന്നുവരെ ഒരുപോലെ ഞരങ്ങി ഈറ്റുനോവോടിരിക്കുന്നു എന്ന് നാം അറിയുന്നുവല്ലോ (റോമർ 8:22).

സകല സൃഷ്ടിയും ദ്രവത്വത്തിന്റെ അടിമത്തത്തിൽ ആണ്. ദ്രവത്വം എന്ന തത്വം ആണ് സകലതിനെയും നിയന്ത്രിക്കുന്നത്. എത്ര മനോഹരമായ സൃഷ്ടിയും നശിക്കും. കാരണം പ്രകൃതി മുഴുവൻ മായയ്ക്ക് അധീനമാണ്. എല്ലാ സൃഷ്ടിയുടെ മേലും നാശം എന്ന മുദ്ര വീണിരിക്കുന്നു എന്ന് പൗലോസ് പറയുന്നു. പ്രകൃതിയുടെ ഏകപ്രത്യാശ ദൈവപുത്രന്മാർ തേജസിൽവെളിപ്പെടുന്നത് ആണ്. അതുവരെയും മായയ്ക്ക് കീഴ്പ്പെട്ടിരിക്കേണ്ട പ്രകൃതി, അന്നുമുതൽ ദൈവത്തിന്റെ തേജസിൽ വെളിപ്പെടുന്ന ദൈവമക്കൾക്കു കീഴ്പ്പെടും. അന്ന് പ്രകൃതി ദ്രവത്വത്തിന്റെ ദാസ്യത്തിൽ നിന്നും സ്വതന്ത്രമാവും.

ഇന്ന് മനോഹരം എന്ന് തോന്നുന്ന സകലത്തിന്റെമേലും നാശം എന്ന മുദ്ര ഉണ്ട് എന്നത് ഭയാനകമായ ഒരു യാഥാർഥ്യം ആണ്. നാം ആഗ്രഹിക്കുന്നതും നമ്മെ മോഹിപ്പിക്കുന്നതുമായ ഈ പ്രപഞ്ചം, നിലനിൽക്കുന്ന ഒരു നന്മയുമുള്ളതല്ല. നാം ഒന്ന് കാതോർത്താൽ കേൾക്കുന്നത് പ്രകൃതിയുടെ വിലാപമാണ്. നാശത്തിന്റെ മുദ്ര അതിനെ നിസ്സഹായമാക്കുന്നു. ഈ ഞരക്കം ദൈവപുത്രന്മാർ തേജസിൽ വെളിപ്പെടുന്ന ആ ദിവസത്തിന് വേണ്ടിയാണ്. അതായതു, വീണ്ടെടുക്കപ്പെട്ട ദൈവമക്കൾ തേജസിൽ വെളിപ്പെടുന്നതും കാത്തു പ്രകൃതി നാശത്തിന്റെ അടിമത്തത്തിൽ ഞരക്കത്തോടെ കഴിയുന്നു എന്ന് പൗലോസ് പറയുന്നു.

നാം ചുറ്റും നോക്കിയാൽ ഇത് ബോധ്യപ്പെടും. എന്താണ് നശിക്കാത്തതായുള്ളത്? ഒന്നുമില്ല. കാണുന്നത് എല്ലാം താത്കാലികവും നാശത്തിനു അധീനവും ആണ്. അതിന്റെ ഭംഗി വയലിലെ പൂ പോലെ വളരെ പെട്ടന്ന് അപ്രത്യക്ഷമാകുന്നുന്നതാണ്.

**2. ആത്മാവിനെ പ്രാപിച്ചവരുടെ ഞരക്കം.**

ആത്മാവെന്ന ആദ്യദാനം ലഭിച്ചിരിക്കുന്ന നാമും നമ്മുടെ ശരീരത്തിന്റെ വീണ്ടെടുപ്പായ പുത്രത്വത്തിനു കാത്തുകൊണ്ട് ഉള്ളിൽ ഞരങ്ങുന്നു (റോമർ 8:23).

ആത്മാവിനെ പ്രാപിച്ചവരെ എങ്ങനെ ആണ് തിരിച്ചറിയുക? ഒരു പക്ഷെ വേറെ ഒരാൾക്ക് അത് പ്രയാസമായിരിക്കും. ഇന്ന് പലപ്പോഴും മനുഷ്യൻ ചിന്തിക്കുന്നത് ഒരാൾ അന്യഭാഷയിൽ സംസാരിച്ചാൽ അവൻ ആത്മാവ് ഉള്ളവൻ ആണെന്നാണ്. പക്ഷെ അത് ഉറപ്പിക്കാൻ കഴിയുകയില്ല, കാരണം വ്യാജ ആത്മാവിനും അന്യഭാഷ പറയാൻ കഴിയും. എന്നാൽ നമുക്ക് തന്നെ നാം ദൈവാത്മാവ് ഉള്ളവർ ആണോ എന്ന് അറിയാൻ കഴിയുന്നത്, നമ്മുടെ ഉള്ളിൽ ആത്മാവ് തരുന്ന ഉറപ്പായ വാഗ്ദത്തങ്ങൾ കൊണ്ടും അതിനായി ഞരക്കത്തോടെ കാത്തിരിക്കുന്നതിനാലും ആണ്. ആത്മാവ് എന്ന ആദ്യദാനം ലഭിച്ചിരിക്കുന്നവർ ലോകത്തിനായി ഞരങ്ങി കാത്തിരിക്കുന്നവർ അല്ല, പിന്നെയോ പുത്രത്വം എന്ന വീണ്ടെടുപ്പിനായി കാത്തിരിക്കുന്നവർ ആണ്.

ഈ ഞരക്കത്തെ ആണ് നാം പ്രത്യാശ എന്ന് പറയുന്നത്. അത് തേജസ്സിന് വേണ്ടിയുള്ള ഞരക്കം ആണ്. ആത്മാവുള്ളവർക്ക് ലോകത്തോട് ആസക്തി ഇല്ല. അവർ കർത്താവിനായി കാത്തിരിക്കുന്നു. ഈ മണ്ണിൽ, ഈ നശ്വരമായ ശരീരത്തിൽ, പാപജഡത്തിന്റെ പ്രവൃത്തികൾ കാണുന്ന ഈ ലോകത്തിലുള്ള ജീവിതം, ആത്മാവ് ഉള്ളവർക്ക് ഒരു സന്തോഷവും നൽകുന്നില്ല. അവർ വരുവാനുള്ള ഒന്നിനായി പ്രത്യാശയോടെ കാത്തിരിക്കുന്നു. ദൈവമക്കൾ തേജസ്ക്കരിക്കപ്പെടുന്നതിനുവേണ്ടി ക്ഷമയോടെയുള്ള കാത്തിരിപ്പാണ് ഇത്.

ആത്മാവില്ലാത്ത ഒരാൾക്കും കർത്താവിന്റെ വരവിനായി കാത്തിരിക്കാൻ കഴിയുകയില്ല. ഈ കാത്തിരിപ്പു എങ്ങനെ ആണ് ഉണ്ടാവുന്നത്? പ്രത്യാശയുടെ കാരണം, ദൈവം നമുക്കു നൽകുന്ന വാഗ്ദത്തങ്ങൾ ആണ്. അത് ഉറപ്പേറിയതും നിശ്ചയവും സ്ഥിരവും, തിരശീലയ്ക്കു അപ്പുറത്തേയ്ക്ക് കടക്കുന്നതും ആണ്. ഇവിടെ കാണുന്ന ഒന്നിനും വേണ്ടി നാം കാത്തിരിക്കുന്നില്ല. കാണുന്നതിനായി നാം ഇനി പ്രത്യാശിക്കുന്നത് എന്തിന്? നാം കാണാത്തതിനായി പ്രത്യാശിക്കുന്നു എങ്കിലോ, അതിനായി ക്ഷമയോടെ കാത്തിരിക്കുന്നു.

ഈ കാത്തിരിപ്പ് ഒരു കാലത്തു നമ്മുടെ ഇടയിൽ സാധാരണം ആയിരുന്നു. അന്ന് കൺവെൻഷൻഗ്രൗണ്ടുകളിൽ കർത്താവിന്റെ വരവ് എന്ന ആരവം ഉയർന്നിരുന്നു. പ്രത്യാശാഗാനങ്ങൾ പാടി കർത്താവിന്റെ വരവിനുവേണ്ടി ആളുകൾ കാത്തിരുന്നു. എന്നാൽ ഇന്ന്, ലോകത്തിന്റെ സുവിശേഷം നമ്മുടെ ഞരക്കത്തെ എടുത്തു കളഞ്ഞിരിക്കുന്നു. അതുപോലെ, ലോകത്തിന്റെ സുവിശേഷം മനുഷ്യന്റെ പ്രവൃത്തികളെ ആധാരമാക്കിയുള്ളതു എന്ന് വ്യാഖ്യാനിക്കപ്പെട്ടപ്പോൾ പ്രത്യാശയും എടുത്തു മാറ്റപ്പെട്ടിരിക്കുന്നു. ഈ ഞരക്കങ്ങളെ പുന:സ്ഥാപിക്കാൻ ദൈവം കഷ്ടതകളും പ്രതിസന്ധികളും അയക്കേണ്ട അവസ്ഥയിലേക്ക് നാം എത്തിയിരിക്കുന്നു.

**3. ആത്മാവ് നമ്മുടെ ഉള്ളിൽ ഞരങ്ങുന്നു.**

നാം മുമ്പ് കണ്ടതുപോലെ ആത്മാവ് ലൗകീകമായതിനെ വെറുക്കുന്നു എന്നതിനാൽ നമ്മുടെ പല പ്രാർത്ഥനകൾക്കും പരിശുദ്ധാത്മാവ് തുണ നിൽക്കുന്നില്ല. ആത്മാവ് സ്വർഗീയതേജസ്സിന് വേണ്ടി ഞരങ്ങുന്നു എങ്കിലും നാം പലപ്പോഴും ഭൗതീകമായതിനെക്കുറിച്ച് ഭാരപ്പെടുന്നു. നമ്മുടെ പല പ്രാർത്ഥനകളും ദൈവഹിതപ്രകാരം ഉള്ളതല്ല എന്ന് ആത്മാവ് തിരിച്ചറിയുന്നു. അതുകൊണ്ട് പൗലോസ് പറയുന്നു, വേണ്ടത്

ശേഷം പേജ് 15 ▶



ജോർജ് മാത്യു, പുതുപ്പള്ളി

# ബലഹീനമനസിനു ശക്തി പകരുന്ന ദൈവാശ്രയം

ശരീരം രോഗാതുരമാണെങ്കിൽ തണുപ്പ്, കാറ്റ് എന്നിവ ശരീരത്തെ പതിവിലേറെ ബാധിക്കും. മറ്റുള്ളവർക്ക് ചൂട് അനുഭവപ്പെടുമ്പോഴും നമുക്ക് കുളിരായിരിക്കും അനുഭവപ്പെടുക. നമ്മുടെ 'അഹം' രോഗബാധിതമാണെങ്കിൽ മറ്റുള്ളവരുടെ സംസാരരീതികളും സാഹചര്യങ്ങളിൽ ഉണ്ടാകുന്ന മാറ്റങ്ങളും നമ്മുടെ മനസിൽ ക്ഷതമേൽപ്പിക്കും. ശരീരത്തെ താലോലിക്കുന്നതുപോലെ നമ്മുടെ മൃദുലപ്രകൃതിയെയും നാം അറിയാതെ താലോലിച്ചുകൊണ്ടിരിക്കും. മറ്റുള്ളവരുടെ സ്നേഹവും ശ്രദ്ധയും ബഹുമാനവും ആർജ്ജിക്കുവാൻ കഴിയുന്നില്ലെങ്കിൽ ഇത്തരക്കാരുടെ മുഖം വാടും. ആരെങ്കിലും അവരെ വിമർശിക്കുകയോ അവഗണിക്കുകയോ വിസ്മരിക്കുകയോ ചെയ്താൽ ശാരീരികവേദന അനുഭവിക്കുന്നവരെപ്പോലെ അവർ മുഖം വികൃതമാക്കും. കരയുകയും ശണ്ഠയിടുകയും മറ്റുള്ളവരെ ശകാരിക്കുകയും ചെയ്യും

തൊട്ടാൽ ഉടൻ വാടുകയും താഴേയ്ക്കു ചായുകയും ചെയ്യുന്ന ചെടിയാണ് 'തൊട്ടാൽവാടി'. ചില മനുഷ്യരും ഇങ്ങനെയാണ്. നിസാര വിഷയങ്ങൾക്കു മുമ്പിൽ തളരും. മനസിനു പെട്ടെന്നു ക്ഷതമേൽക്കുന്ന ഇത്തരം ആളുകളെ 'തൊട്ടാൽവാടികൾ' എന്നു വിളിക്കാറുണ്ട്. നിഷ്കളങ്കരും സാധുക്കളും നിരുപദ്രവകാരികളുമായിരിക്കും മിക്കവാറും ഇത്തരക്കാർ. മറ്റുള്ളവരുടെ സ്നേഹവും ശ്രദ്ധയും പിടിച്ചുപറ്റുവാനുള്ള 'അഹ'ത്തിന്റെ (Self) ശ്രമമാണ് യഥാർത്ഥത്തിൽ ഇത്തരത്തിലുള്ള മൃദുലപ്രകൃതിയുടെ അടിസ്ഥാനം.

മറ്റുള്ളവരെല്ലാം അവരുടെ ശത്രുക്കളാണെന്നു കണക്കാക്കും. ആരും അവരുടെ നന്മയെ ലക്ഷ്യമാക്കിയല്ല പ്രവർത്തിക്കുന്നതെന്നു സങ്കൽപിക്കും. അർഹിക്കുന്നതു തങ്ങൾക്കു ലഭിക്കുന്നില്ല എന്ന് ആവലാതിപ്പെടും. മറ്റുള്ളവർ തങ്ങളോടു നീതി പുലർത്തുന്നില്ലെന്നു പരാതിപ്പെടും. എല്ലാവരും തങ്ങളുടെ പ്രശസ്തിക്ക് എതിരായി മന:പ്പൂർവം പ്രവർത്തിക്കുകയാണെന്നു സംശയിക്കും. അങ്ങനെ പൊതുവെ അവർ അസന്തുഷ്ടിക്കു കീഴ്പ്പെടും. എല്ലാറ്റിന്റെയും മൂലകാരണം 'ഞാൻ' (അഹം) ആണെന്നുള്ള ഭാവം പാവങ്ങൾ അറിയുന്നില്ല. അറിഞ്ഞാലും ഒട്ട് അംഗീകരിക്കയുമില്ല. നിസാരമായ ഒരു ബലഹീനതയായിക്കരുതി തള്ളിക്കളയാവുന്ന ഒരു വിഷയമല്ല ഇത്. ഗൗരവതരമായ ഒരു പാപമാണിത്. ആത്മീയചികിത്സ തീർച്ചയായും ഇതിന് അനിവാര്യമാണ്. എന്തു ത്യാഗം സഹിച്ചും ഒരു ദൈവപൈതൽ ഈ പാപത്തിൽ നിന്നു മോചനം പ്രാപിച്ചിരിക്കണം.

തൊട്ടാൽവാടി പ്രകൃതക്കാർ പൊതുവെ ഈ പാപത്തിന് എതിരായി പോരാടാൻ ശ്രമിക്കാതെ അഹത്തെ പ്രീണിപ്പിക്കാനാണ് ശ്രമിക്കുക. മറ്റുള്ളവരും അവരുടെ അഹത്തെ ലാളിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യണമെന്നാണ് അവരുടെ ചിന്ത. ഇതൊക്കെ ലഭിച്ചെന്നു തന്നെ കരുതുക. എന്നാലും രോഗം സൗഖ്യമാകയില്ല എന്നതാണു രസകരം. കാരണം ഈ തൊട്ടാൽവാടി സ്വഭാവം ഒരു സാങ്കൽപിക രോഗമാണ്. പരിലാളന ലഭിക്കുന്തോറും രോഗം വഷളായിക്കൊണ്ടിരിക്കും. മറ്റുള്ളവർ ഇവരെ ശ്രദ്ധിക്കാ

തിരിക്കുമ്പോൾ മാത്രമായിരിക്കും രോഗശമനം ഉണ്ടാവുക. ജീവിതത്തിലെ പരുപരുത്ത യാഥാർഥ്യങ്ങളെ നേരിടാൻ അവരെ പ്രേരിപ്പിക്കുന്നതു വഴിയാണ് ഇത്തരക്കാരെ സഹായിക്കുവാൻ കഴിയുക. അഹന്തയുടെ രോഗം ബാധിച്ചവർക്കും ഈ ചികിത്സയാണ് ആവശ്യം. ജീവിതത്തിലെ പരുപരുത്ത അനുഭവങ്ങളെ നേരിടാൻ അവർ തയാറാകണം.

എന്താണ് 'തൊട്ടാൽവാടി' സ്വഭാവത്തിൽ നിന്നു രക്ഷപ്പെടാനുള്ള മാർഗം? ഒന്നാമതായി,രോഗനിർണ്ണയം നാം അംഗീകരിക്കണം. മറ്റുള്ളവരല്ല എന്നിലെ 'ഞാൻ' (I) ആണ് രോഗത്തിനു കാരണമെന്ന് സമ്മതിക്കണം. മറ്റുള്ളവർ നമ്മെ എപ്പോഴും ഉപദ്രവിക്കുന്നു എന്ന ചിന്ത ഉപേക്ഷിച്ചിട്ട് മറ്റുള്ളവരുടെ സ്നേഹാദരവുകൾ പിടിച്ചുപറ്റാനുള്ള നമ്മുടെ തിടുക്കമാണ് കാര്യങ്ങളെല്ലാം കുഴപ്പത്തിലാക്കുന്നതെന്ന് മനസിലാക്കണം. അഹന്തയെന്ന നമ്മുടെ സ്വഭാവത്തെ കടലാഴത്തിൽ എറിയണം. അഹന്തയുള്ളവർക്കാണ് മനസിനു വേഗത്തിൽ ക്ഷതമേൽക്കുക. യേശുകർത്താവുമായുള്ള സൗഹൃദത്തിന്റെ അന്തരീക്ഷം അവർ ഇല്ലാതാക്കുന്നു. അഹത്തിനു ചുറ്റുമുള്ള നമ്മുടെ ശ്രദ്ധ യേശുവിനു ചുറ്റുമായി കേന്ദ്രീകരിക്കുക. യേശുകർത്താവിനെ ജീവിതകേന്ദ്രമായി സ്വീകരിക്കാനാണ് നാം വിളിക്കപ്പെട്ടിരിക്കുന്നത്.

നമുക്ക് അമിതപ്രാധാന്യം നൽകാതിരിക്കുക. മറ്റുള്ളവരുടെ സ്നേഹവും ശ്രദ്ധയും ബഹുമാനവും ലഭിക്കണമെന്നുള്ള ആഗ്രഹം ഉപേക്ഷിക്കുക. നാം എന്ത് ചെയ്താലും എന്ത് എഴുതിയാലും എന്ത് പ്രസംഗിച്ചാലും യേശുകർത്താവിനെ അതിലൂടെ ഉയർത്തിക്കാട്ടുക. അന്യരുടെ സ്നേഹാദരങ്ങൾ കരസ്ഥമാക്കാൻ വഴിവിട്ട മാർഗങ്ങൾ സ്വീകരിക്കാതിരിക്കുക. ശകാരവും വിമർശനവും ഏറ്റെടുക്കാൻ മനസിനെ സജ്ജീകരിക്കുക. 'ഞാൻ' എന്ന ഭാവത്തെ പൂർണ്ണമായി നമ്മിൽനിന്നും നിർമ്മാർജ്ജനം ചെയ്യാൻ പരിശുദ്ധാത്മാവിന്റെ സഹായം തേടുക. മനസുണ്ടെങ്കിൽ അവരെ സഹായിക്കുവാൻ ദൈവം തയാറാണ്. അതിനായി നാം ദൈവത്തോട് പൂർണ്ണമായി സഹകരിക്കണമെന്നുമാത്രം.

സമൂലമായ അനുതാപമാണു നമുക്ക് ആവശ്യം. യേശുകർത്താവിനെ നമുക്കു പരിപൂർണ്ണമായി വിശ്വസിക്കാം. അവിടുന്ന് നമ്മെ ഒരിക്കലും കൈവിടില്ല. ആരെല്ലാം നമ്മെ ഉപേക്ഷിച്ചാലും യേശു നമ്മെ ഉപേക്ഷിക്കില്ല. പെറ്റതള്ള തള്ളിക്കളഞ്ഞാലും ഉപേക്ഷിക്കാത്തവനാണ് യേശുകർത്താവ്. കർത്താവ് നമ്മോടു ചോദിക്കുന്നു: 'ഒരു സ്ത്രീ തന്റെ കുഞ്ഞിനെ മറക്കുമോ? താൻ പ്രസവിച്ച മകനോടു കരുണ തോന്നാതിരിക്കുമോ? അവർ മറന്നുകളഞ്ഞാലും ഞാൻ നിന്നെ മറക്കുകയില്ല' (യെശയ്യാവ് 49 :15). നമ്മോടുള്ള കർത്താവിന്റെ മാറ്റമില്ലാത്ത വാഗ്ദത്തം ശ്രദ്ധിക്കുക: 'നിങ്ങളുടെ വാർദ്ധക്യംവരെ ഞാൻ അനന്യൻ തന്നെ. നിങ്ങൾ നരയ്ക്കുവോളം ഞാൻ നിങ്ങളെ ചുമക്കും. ഞാൻ ചെയ്തിരിക്കുന്നു. ഞാൻ വഹിക്കുകയും ഞാൻ ചുമന്നു വിടുവിക്കുകയും ചെയ്യും' (യെശയ്യാവ് 46 : 4). ആകയാൽ നമ്മുടെ ആശ്രയമില്ലായ്മയെ ദൂരെയെറിയാം. തൊട്ടാൽവാടി പ്രകൃതത്തിൽനിന്ന് യേശുവിന്റെ പരിശുദ്ധരക്തത്താൽ വിടുതൽ പ്രാപിക്കാം. യേശുവിന്റെ അത്യന്തശക്തി നമ്മുടെ ബലഹീനതയിൽ ബലം പകരട്ടെ. അവിശ്വാസവും സംശയവും കൊണ്ടുവരുന്ന പിശാചിനെ യേശുവിന്റെ അധികാരമുള്ള നാമത്തിൽ ശാസിക്കാം. യോഹന്നാനെപ്പോലെ യേശുവിന്റെ മാറിൽ ചാരിക്കിടക്കാം. ജീവശ്വാസത്തേക്കാൾ നമുക്കു പ്രിയങ്കരനായ യേശുകർത്താവിൽ പരിപൂർണ്ണമായി ആശ്രയിക്കുമെന്ന് നമുക്കു തീരുമാനമെടുക്കാം.

മരുഭൂമിയിൽ യിസ്രായേൽജനത്തിന് ഉണ്ടായ അനുഭവം നാം മറക്കരുത്. ദൈവത്തിൽ പൂർണ്ണമായി ആശ്രയം വയ്ക്കാൻ അവർക്കു കഴിഞ്ഞില്ല. ദൈവം അവരെ മരണത്തിനു വിട്ടുകൊടുക്കുമെന്ന് അവർ സംശയിച്ചു. അവരുടെ മനോഭാവം ദൈവകോപം ജ്വലിക്കുവാൻ കാരണമായി. ദൈവം ഇങ്ങനെ അരുളിച്ചെയ്തു; യഹോവ മോശെയോട്: ഈ ജനം എത്രത്തോളം എന്നെ നിരസിക്കും? ഞാൻ അവരുടെ മദ്ധ്യേ ചെയ്തിട്ടുള്ള അടയാളങ്ങൾ ഒക്കെയും കണ്ടിട്ടും അവർ എത്രത്തോളം എന്നെ വിശ്വസിക്കാതിരിക്കും? നമ്മുടെ ആശ്രയക്കുറവ് ഹേതുവായി നാം പറയുകയോ ചിന്തിക്കുകയോ ചെയ്ത കാര്യങ്ങൾ ചിലപ്പോൾ സംഭവിക്കുവാൻ ദൈവം അനുവദിക്കും. ദൈവത്തിന്റെ ഉദ്ദേശ്യങ്ങൾ ദോഷകരമാണെന്നു സങ്കല്പിക്കുന്നവർക്ക് ദോഷകരമായ അനുഭവങ്ങൾ വന്നുചേരാം. ദൈവാശ്രയമില്ലായ്മക്ക് ഈ ലോകത്തിൽ ലഭിക്കുന്ന ശിക്ഷ കഠിനമെങ്കിൽ നിത്യതയിൽ ലഭിക്കുന്ന ശിക്ഷ എത്രയോ അതികഠിനമായിരിക്കും? ആദമും ഹവ്വയും ഏദൻതോട്ട

ത്തിൽനിന്നും പുറത്താക്കപ്പെടുവാനുണ്ടായ പ്രധാനകാരണം അവർക്ക് ദൈവത്തിൽ പൂർണ്ണ ആശ്രയം വയ്ക്കാൻ കഴിഞ്ഞില്ല എന്നതാണ്. അവരുടെ സംശയബുദ്ധി പിശാച് ആളിക്കത്തിച്ചു. അവർ പാപത്തിൽ വീഴുകയും ദൈവതേജസ് നഷ്ടമാക്കുകയും ചെയ്തു.

ദൈവത്തിൽ പൂർണ്ണമായി ശരണപ്പെടാൻ കഴിയാത്ത പ്രകൃതമാണ് ദൈവാശ്രയമില്ലായ്മ. ദൈവഹിതം സ്നേഹത്തിൽ അധിഷ്ഠിതമാണെന്ന് പലർക്കും ഉറപ്പില്ല. ഹൃദയത്തിൽ ദൈവത്തെക്കുറിച്ചു തെറ്റായ ചിത്രങ്ങൾ വച്ചു പുലർത്തുന്നതാണ് ദൈവത്തിൽ പൂർണ്ണമായി ആശ്രയിക്കാൻ കഴിയാത്തതിന്റെ രഹസ്യം. ആശ്രയമില്ലായ്മ ദൈവത്തിൽനിന്നു നമ്മെ അകറ്റുന്നു. അതു നമ്മുടെ ജീവിതത്തെ വിഷലിപ്തമാക്കുന്നു. നമ്മുടെ ജീവിതം നിത്യതയ്ക്കു വേണ്ടിയുള്ളതാണ്. ദൈവാശ്രയമില്ലെങ്കിൽ ദൈവമുമ്പാകെ നിൽപ്പാൻ നമുക്കാവില്ല. ദൈവത്തിൽ ആശ്രയിക്കാത്തവർ സ്വയത്തിലും ലോകത്തിലും ആയിരിക്കും അവരുടെ ആശ്രയം വയ്ക്കുക. പിശാചിന്റെ വശീകരണ വാക്കുകൾക്ക് അവർ ചെവി കൊടുക്കുന്നു. ആശ്രയമില്ലായ്മയുടെ വിഷം നമ്മിൽ നിറയ്ക്കാനാണ് അവന്റെ ശ്രമം. സ്വയത്തെക്കുറിച്ചുള്ള അമിതമായ ചിന്താഭാരമാണ് ഈ പാപത്തിന്റെ അടിസ്ഥാനം. അഹന്തയാണ് ദൈവാശ്രയമില്ലായ്മയെ വെള്ളവും വളവും നൽകി പരിപോഷിപ്പിക്കുന്നത്. അവിശ്വാസത്തിന്റെയും സംശയത്തിന്റെയും വിഷം നമ്മുടെ ചിന്തകളിൽ പിശാച് നിക്ഷേപിക്കുന്നു. ദൈവാശ്രയമില്ലായ്മ യേശുകർത്താവിന്റെ സ്നേഹമുള്ള ഹൃദയത്തെ ആഴത്തിൽ മുറിവേല്പിക്കും. സംശയചിന്തകൾ മനസിൽ വരുന്ന നിമിഷം യേശുവിന്റെ പരിശുദ്ധരക്തത്തിൽ നമുക്ക് ആശ്രയിക്കാം, വിടുതൽ പ്രാപിക്കാം. ●

## 13 തേജസ്സിന് വേണ്ടിയുള്ള ഞരക്കങ്ങളും ഉറപ്പായ വാഗ്ദത്തങ്ങളും

പോലെ പ്രാർത്ഥിക്കേണ്ടത് എന്തെന്ന് നാം അറിയുന്നില്ല എന്ന്. നമ്മുടെ പ്രാർത്ഥനകൾ ചിലപ്പോഴൊക്കെ, ലോകത്തിന്റെ ചതിയിലേക്കു നമ്മെ വലിച്ചിഴയ്ക്കുന്നതാണ്.

ഈ വാക്യങ്ങൾപ്രകാരം നമുക്ക് ശരിക്കു പ്രാർത്ഥിക്കാൻ കഴിയാത്തതു നമ്മുടെ അറിവില്ലായ്മ കാരണം ആണ്. എന്താണ് വേണ്ടത് എന്ന് ശരിക്കും നമുക്ക് അറിയില്ല. ഈ ലോകത്തിൽ ഒരു പ്രഭുവിനെപ്പോലെ ആകുവാൻ എന്തൊക്കെവേണം എന്ന് എനിക്ക് നല്ല നിശ്ചയം ഉണ്ടെങ്കിലും യേശുക്രിസ്തുവിനെപ്പോലെ ആകുവാൻ, എന്തെല്ലാം എന്റെ ജീവിതത്തിൽവേണം എന്ന് ഞാൻ അറിയുന്നില്ല. അതുകൊണ്ട് മിക്കപ്പോഴും നമ്മുടെ പ്രാർത്ഥനകൾ ദൈവഹിതപ്രകാരം ഉള്ളതാവുന്നില്ല.

അപ്പോൾ പരിശുദ്ധാത്മാവ് എന്തുചെയ്യുന്നു? നമ്മുടെ ബലഹീനതയ്ക്കു തുണനിൽക്കുന്നു. എങ്ങനെയാണ് പരിശുദ്ധാത്മാവ് നമ്മുടെ ബലഹീനതയ്ക്കു തുണനിൽക്കുന്നത്? നമുക്ക് ഉച്ചരിച്ചു കൂടാത്ത ഞരക്കങ്ങളാൽ ആത്മാവ് നമ്മുടെ തേജസ്ക്കരണത്തിനായി പക്ഷവാദം ചെയ്യുന്നു. ഓരോരുത്തർക്കും യേശുക്രിസ്തുവിന്റെ തേജസ്സ് പ്രാപിക്കാൻ എന്ത് നേടണം, എന്ത് നഷ്ടപ്പെടണം എന്നൊക്കെ അറിയാവുന്നതു നമ്മുടെ ഉള്ളിൽ വസിക്കുന്ന പരിശുദ്ധാത്മാവിനു മാത്രമാണ്. അതുകൊണ്ട് പരിശുദ്ധാത്മാവ് നമ്മുടെ ഉള്ളിൽ ഞരങ്ങിക്കൊണ്ട്,പിതാവിനോട് നമ്മുടെ തേജസ്ക്കരണത്തിനു വേണ്ടിയുള്ള അപേക്ഷകൾ കഴിക്കുന്നു. ഈ അപേക്ഷകൾ പലതും നമുക്ക് ഉച്ചരിച്ചു കൂടാൻ പറ്റാത്തവയാണ്. അതിനു കാരണം നമ്മുടെ ശരിയയായ ആത്മീയ ആവശ്യം എന്താണെന്ന് ഗ്രഹിക്കുവാൻ നമുക്ക് പ്രയാസം എന്നതു കൊണ്ടാണ്.

അതുകൊണ്ട് നമ്മുടെ മോഹങ്ങൾ വച്ച് നാം പ്രാർത്ഥിക്കുന്നതും, ആത്മാവിന്റെ ഞരക്കങ്ങളോടെ പിതാവിന്റെ സന്നിധിയിൽ പരിശുദ്ധാത്മാവ് പക്ഷവാദം ചെയ്യുന്നതും തമ്മിൽ കാര്യമായ വ്യത്യാസം ഉണ്ട്. മോഹങ്ങൾ വച്ച് നാം പ്രാർത്ഥിക്കുന്നതു നമ്മെ ഈ ലോകത്തിൽ തളയ്ക്കുമ്പോൾ, പരിശുദ്ധാത്മാവ് പക്ഷവാദം ചെയ്യുന്നതു ക്രിസ്തുവിന്റെ തേജസിൽ നമ്മെ എത്തിക്കുന്നു. നാം ഈ ഭാഗത്തു വായിച്ചത് നമ്മുടെ തേജസിനു വേണ്ടിയുള്ള ഞരക്കങ്ങൾ ആണ്.

ഈ മൂന്നു ഞരക്കങ്ങളും വളരെ നിർണ്ണായകമാണ് താനും. ആത്മാവ് ഞരങ്ങുന്നത് നമുക്കു ഉച്ചരിച്ചു കൂടാത്ത ഞരക്കങ്ങളാൽ ആണ്. അത് പൂർണ്ണമായും ദൈവത്തിന്റെ പ്രവൃത്തി ആണ്.

●



ഡോ. സജികുമാർ കെ. പി.

# ലൈംഗിക ചൂഷണം മാതാപിതാക്കൾ അറിയേണ്ടതും ചിന്തിക്കേണ്ടതും

**ഈ** കോവിഡ് ലോക്ഡൗൺ കാലത്ത് കുട്ടികൾക്കെതിരെയുള്ള ലൈംഗികചൂഷണങ്ങൾ ധാരാളമായി വർദ്ധിച്ചുവരുന്നു എന്ന വാർത്തകളാണ് നാം കേൾക്കുന്നത്. നമ്മുടെ രാജ്യത്ത് തന്നെ ഒരു ദിവസം നൂറിലധികം കുട്ടികൾ ലൈംഗിക അതിക്രമങ്ങൾക്ക് വിധേയപ്പെടുന്നു എന്ന രീതിയിലാണ് കണക്കുകൾ പുറത്തുവരുന്നത്. നമ്മുടെ കുട്ടികൾ എത്രത്തോളം ഇക്കാലത്ത് സുരക്ഷിതരാണ്? ഇൻറർനെറ്റിലൂടെയുള്ള തെറ്റായ സൗഹൃദങ്ങൾ വഴിയും ഏറ്റവും അടുത്ത സ്വന്തക്കാർ, അയൽവാസികൾ വഴിയും ഇത്തരം അതിക്രമങ്ങൾ നമ്മുടെ കുട്ടികൾക്ക് മുമ്പിൽ പതിയിരിക്കുന്നത് ഞെട്ടിപ്പിക്കുന്ന ഒരു യാഥാർത്ഥ്യം തന്നെയാണ്. ഇത്തരം ചതികളിൽ നിന്നും അപകടത്തിൽ നിന്നും നമ്മുടെ കുട്ടികളെ എങ്ങനെ സുരക്ഷിതമാക്കാം?

ലൈംഗികഅതിക്രമം എന്നാൽ എന്തെന്ന് തിരിച്ചറിയാനും അതിനെ തടയാനും നമ്മുടെ കുട്ടികൾ പഠിക്കണം. അഥവാ അത്തരം ഒരു ചതിയിലകപ്പെട്ടുപോയാൽ അവർക്ക് അതിൽ നിന്നും പുറത്തു കടക്കുവാൻ മാതാപിതാക്കളും മുതിർന്നവരും സഹായം ചെയ്യുന്നവരും ആകണം. എന്താണ് ലൈംഗിക അതിക്രമം എന്ന് കുട്ടികൾക്ക് പറഞ്ഞുകൊടുക്കുവാൻ മാതാപിതാക്കൾക്ക് കഴിയണം. വാർത്ത കണ്ടുകൊണ്ടിരിക്കെ ലൈംഗികഅതിക്രമം എന്ന് വാർത്തയിൽ പറഞ്ഞത് മനസിലാകാതെ, ഏഴ് വയസുകാരി അതെന്താണെന്നു കൂടെയിരുന്ന വല്യമ്മയോടു ചോദിച്ചു. നീ ഇതൊന്നും അറിയേണ്ട എന്ന മറുപടിയിൽ അവൾ തൃപ്തയായില്ല. ഇതേചോദ്യം അവൾ അവളുടെ അമ്മയോട് ചോദിച്ചു. കൃത്യമായ ഒരുത്തരം അവിടെയും ലഭിച്ചില്ല. ഇത്തരം സന്ദർഭങ്ങളിൽ തെറ്റായ മറുപടി നൽകിയേക്കാവുന്ന ആളുകളോട് കുഞ്ഞുങ്ങൾ ചോദിച്ചു എന്ന് വരാം. അതിന്റെ പ്രത്യാഘാതം വളരെ വലുതായിരിക്കും. ആകയാൽ കുഞ്ഞുങ്ങൾക്ക് ഉൾക്കൊള്ളാൻ ആവുന്ന ഭാഷയിൽ മാതാപിതാക്കൾ ഇക്കാര്യങ്ങൾ തുറന്നു സംസാരിക്കേണ്ടത് അനിവാര്യമാണ്. ഇതേക്കുറിച്ചു മൗനംപാലിക്കുക എന്ന നമ്മുടെ സംസ്ക്കാരം നമ്മുടെ സമൂഹത്തിൽ സ്ത്രീകൾക്കും കുഞ്ഞുങ്ങൾക്കും നേരെയുള്ള ലൈംഗികഅതിക്രമങ്ങളും പീഡനങ്ങളും വർധിച്ചു വരുന്നതിനു കാരണമായിത്തീരുന്നു. നീ ഇതൊന്നും അറിയേണ്ട എന്ന മറുപടി ആണ് നാം നൽകുന്നതെങ്കിൽ, അത് അറിഞ്ഞേ തീരൂ എന്ന മനോഭാവത്തിലേക്കു കുട്ടികൾ എത്തിച്ചേരും. അതിനുത്തരം ലഭിക്കുവാൻ അവരെ വഴിതെറ്റിച്ചേക്കാവുന്ന മാർഗ്ഗങ്ങളിലേക്കു അവർ തിരിയും. ഈ അപകടം ഒഴിവാക്കുവാൻ ഇക്കാര്യങ്ങളെക്കുറിച്ചു മാതാപിതാക്കൾ കുഞ്ഞുങ്ങൾക്ക് തൃപ്തികരം ആകുംവിധം തുറന്നു സംസാരിക്കുക തന്നെ വേണം.

ഇഷ്ടക്കേട് ഉണ്ടാകുന്ന വിധത്തിൽ ആരെങ്കിലും പെരുമാറിയാൽ ഉടൻതന്നെ മാതാപിതാക്കളോട് പറയാനുള്ള സ്വാതന്ത്ര്യവും പരിശീലനവും കുട്ടികൾക്ക് നൽകണം. സ്വകാര്യഭാഗങ്ങളിൽ മുതിർന്നവർ ആരെങ്കിലും തെറ്റായ ഉദ്ദേശ്യത്തോടെ സ്പർശിക്കുകയോ (bad touch) അവരെ അങ്ങനെ സ്പർശിക്കുവാൻ കുട്ടികളോട് ആവശ്യപ്പെടുകയോ ചെയ്താൽ ഉടൻ തന്നെ **നോ** പറയുവാൻ മടിക്കരുത്. മാതാപിതാക്കളെ അറിയിച്ചിരിക്കണം.

കുട്ടികൾ എന്തെങ്കിലും ലൈംഗികചൂഷണത്തിന് വിധേയപ്പെട്ടിട്ടുണ്ടെങ്കിൽ അവർക്ക് അതേപ്പറ്റി കുറ്റബോധം ഉണ്ടാവുക സ്വാഭാവികമാണ്. അങ്ങനെ ഒരുകാര്യം അവർ വീട്ടിൽ വന്നു പറഞ്ഞാൽ, അവരെ അതിന്റെ പേരിൽ കുറ്റപ്പെടുത്തുകയും ശി

ക്ഷിക്കുകയും ചെയ്യുന്നതിന് പകരം അവർക്ക് ധൈര്യം പകരുകയും അറിവ് നൽകുകയും മാനസികമായും ശാരീരികമായും കരകയറുവാൻ അവരെ പര്യാപ്തരാക്കുകയും വേണം. തെറ്റായ വിധത്തിൽ ചിത്രങ്ങൾ കാണിക്കുക, വീഡിയോകൾ കാണിക്കുക, ലൈംഗികച്ചുവയുള്ള വാക്കുകൾ സംസാരിച്ച് കുട്ടികളെ വശീകരിക്കുക, ഇങ്ങനെയൊക്കെ സംഭവിക്കുന്നിടത്തു ഉറച്ചശബ്ദത്തോടെ **എനിക്കിത് ഇഷ്ടമില്ല** എന്ന് പറയുവാൻ കുട്ടികളെ പരിശീലിപ്പിക്കണം. **നോ** പറയുവാൻ മടിക്കരുത് എന്നും, എത്ര ബഹുമാനപ്പെട്ട വ്യക്തി ആയാലും, തെറ്റായ ഉദ്ദേശ്യത്തോടെ ആണ് പെരുമാറുന്നതെങ്കിൽ **നോ** പറയണമെന്നും കുട്ടികൾക്ക് പറഞ്ഞുകൊടുക്കണം.

ഏതെങ്കിലും വിധത്തിൽ ലൈംഗികചൂഷണത്തിന് ഒരു കുട്ടി വിധേയപ്പെടുന്നുണ്ടെങ്കിൽ ചില ലക്ഷണങ്ങൾ കുട്ടികൾ കാണിച്ചേക്കാം. അതായത് സ്ഥിരമായി ഭീതിപ്പെടുത്തുന്ന സ്വപ്നങ്ങൾ കാണുക, ജീവിതത്തെക്കുറിച്ച് പ്രതീക്ഷയില്ലാത്ത സംസാരങ്ങളും ആത്മഹത്യാപ്രവണതകളും കാണിക്കുക, മറ്റുള്ളവരോട് നന്നായി ഇടപഴകിക്കൊണ്ടിരുന്ന ആൾ പെട്ടന്ന് ഉൾവലിയുന്ന പ്രകൃതം കാണിക്കുക, സ്ഥിരമായി ഉറക്കക്കുറവ്, വിശപ്പില്ലായ്മ, തലവേദന, എന്നിവ കാണപ്പെടുക, എന്നിങ്ങനെയൊക്കെ കണ്ടാൽ അതിനർത്ഥം ആ കുട്ടിക്ക് ഒരുപക്ഷേ സ്വയം പുറത്തു കടക്കുവാൻ കഴിയാത്തവിധത്തിൽ മാനസികസംഘർഷം ഉണ്ടായിരിക്കുന്നു എന്ന് തന്നെയാണ്. മാതാപിതാക്കൾ സമയം വേർതിരിച്ച് കുട്ടിയോട് സംസാരിക്കുകയും, പ്രസ്തുത വിഷയം എന്തെന്ന് കണ്ടെത്തുകയും അതിൽ നിന്ന് കരകയറാൻ കുട്ടിയെ പര്യാപ്തപ്പെടുത്തുകയും വേണം. ആവശ്യമെങ്കിൽ ഒരു കൗൺസലറുടെ സഹായം തേടുകയും വേണം.

കോവിഡ് കാലഘട്ടത്തിൽ സകല കുട്ടികൾക്കും സ്വന്തമായി ഇന്റർനെറ്റ് ഉപയോഗം പരിധിയില്ലാതെ ലഭ്യമായിരിക്കുന്ന അവസ്ഥയിൽ, ലൈംഗികചൂഷണത്തിൽ അവർ വഴുതിവീഴാൻ സാധ്യത ഏറെ ഉണ്ട്. മാതാപിതാക്കളും മക്കളും തമ്മിൽ ഇക്കാര്യത്തിൽ ധാരണ രൂപപ്പെടേണ്ടത് ഏറ്റവും അനിവാര്യമായിരിക്കുന്നു. തെറ്റിലേക്ക് അകപ്പെട്ടുപോകുവാനുള്ള ഇത്തരം സാധ്യതകൾ ഇല്ലാതാക്കേണ്ടത് മാതാപിതാക്കളുടെ ഉത്തരവാദിത്വം ആണ്. ഉറങ്ങാൻ പോകുന്ന സമയം മൊബൈൽ അനുവദിക്കാതിരിക്കുക, മാതാപിതാക്കൾക്ക് ഏതു സമയം വേണമെങ്കിലും മക്കൾ ഉപയോഗിക്കുന്ന സ്മാർട്ട് ഫോണും, ടാബും, ലാപ്ടോപ്പും പരിശോധിക്കുവാൻ സ്വാതന്ത്ര്യം ഉണ്ടായിരിക്കുക എന്നിവയൊക്കെ അത്യാവശ്യമായി വന്നിരിക്കുന്നു. അമ്മമാത്രം ഇതിൽ മനസ്സുവെച്ചാൽ മക്കൾ അത് വിലമതിക്കുന്നില്ല എന്ന സാഹചര്യത്തിൽ, പിതാവും കൂടെ ചേർന്ന് നിലപാടുകൾ രൂപപ്പെടുത്തുകയും, അത് മാതാപിതാക്കൾ ചേർന്ന് കുട്ടികളോട് പറഞ്ഞു മനസ്സിലാക്കുകയും വേണം.

തക്കസമയത്ത് കുട്ടികൾക്കെതിരായ ലൈംഗിക അതിക്രമങ്ങൾ മനസ്സിലാക്കുകയും അതിൽനിന്ന് കുട്ടികളെ പുറത്തുകൊണ്ടുവരികയും ചെയ്യുവാൻ കഴിഞ്ഞില്ല എങ്കിൽ, അത് വളരെ ദൂരവ്യാപകമായ ഫലങ്ങൾ ഉണ്ടാക്കിയേക്കാം. അതിലൊന്നാണ് ലൈംഗികതയെപ്പറ്റി ഉണ്ടായേക്കാവുന്ന ഭയം. ഇത്തരം മാനസികാവസ്ഥ രൂപപ്പെടുത്തുന്നവർക്ക് ഭാവി കുടുംബജീവിതം തന്നെ പ്രശ്നം ആയേക്കാം. അതോടൊപ്പം മനസ്സിലാക്കേണ്ട മറ്റൊരു അപകടമാണ് ലൈംഗികചൂഷണത്തിന് അകപ്പെടുന്ന കുട്ടികൾ ഭാവിയിൽ മറ്റു കുട്ടികളെ ചൂഷണം ചെയ്യുന്നവർ ആയേക്കാം എന്നുള്ളത്. ധാർമ്മികതയുടെ അതിർവരമ്പുകൾ വളരെ നേരത്തെതന്നെ നഷ്ടപ്പെട്ടവർ, ജീവിതത്തിൽ എപ്പോൾ വേണമെങ്കിലും തെറ്റുകളിൽ നിന്ന് തെറ്റുകളിലേക്ക് പോകുവാൻ കൂടുതൽ സാധ്യത ഉണ്ട്.

അതിനാൽ നമ്മുടെ കുട്ടികൾക്ക് ചുറ്റും സുരക്ഷിതത്വത്തിന്റെയും ധാർമ്മികമൂല്യങ്ങളുടേയും കവചം തീർക്കുവാൻ നമുക്ക് സാധിക്കണം. ലൈംഗികഅതിക്രമങ്ങൾ എന്തെന്ന് തിരിച്ചറിയാനും, ആരോഗ്യകരമായി അവയോട് എതിർത്തുനിൽക്കുവാനും അവരെ പഠിപ്പിക്കണം. അവർ ആരെങ്കിലും അത്തരം ചതിയിലകപ്പെട്ടു പോയെങ്കിൽ അവരെ ചേർത്തുപിടിക്കുകയും പൂർണമായി അവയിൽനിന്ന് കരകയറുവാൻ അവരെ സഹായിക്കുകയും വേണം. സർവോപരി, തികഞ്ഞ ആത്മീയപരിലാളനം അവർക്ക് ലഭിക്കണം. നമ്മുടെ കുട്ടികൾ ധൈര്യത്തോടെ ലൈംഗിക അതിക്രമങ്ങൾ മുന്നിൽ കാണുന്ന സാഹചര്യങ്ങളെ, ചെറുത്തുനിൽക്കുന്നത് അവരുടെ ആത്മീയഅടിത്തറയിൽ നിന്നു തന്നെയാകട്ടെ.

സൺഡേസ്കൂൾ ക്ലാസുകളിൽ ലൈംഗികഅതിക്രമങ്ങൾ എന്ത് എന്നും, അതിനുള്ള സാഹചര്യങ്ങൾ മനഃപ്പൂർവ്വം ഒഴിവാക്കുന്നത് എങ്ങനെ എന്നും, അഥവാ ഇത്തരം ചതിയിലകപ്പെട്ടു പോയാൽ അത് പക്വതയുള്ളവരോട് തുറന്നുപറഞ്ഞ് അതിൽ നിന്ന് മോചനം നേടേണ്ട ആവശ്യകതയും ചർച്ച ചെയ്യപ്പെടണം. ഇത്തരം കാര്യങ്ങൾ രഹസ്യമാക്കി സൂക്ഷിച്ചാൽ അതിന്റെ ഭവിഷ്യത്തു വളരെ തിക്തമായിരിക്കും. ആരോഗ്യമുള്ള, സുരക്ഷിതമായ നിലവാരത്തിൽ നമ്മുടെ കുട്ടികൾ വളരട്ടെ. അതിനായി നമുക്ക് ഒത്തൊരുമയോടെ പ്രവർത്തിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യാം. ●



അനി ചാക്കോ

# ഹൃദയങ്ങളെത്തന്നെ കീറിക്കൊണ്ട്...

***ധനികരെ, നിങ്ങൾക്ക് വരാനിരിക്കുന്ന വിപത്തുകൾ നിമിത്തം അലമുറയിട്ടു കരയുക. നിങ്ങളുടെ സമ്പത്തു ജീർണ്ണിച്ചും വസ്ത്രങ്ങൾ പുഴുവരിച്ചും പോയിരിക്കുന്നു. നിങ്ങളുടെ സ്വർണ്ണവും വെള്ളിയും ക്ലാവ് പിടിച്ചിരിക്കുന്നു. ആ ക്ലാവ് നിങ്ങൾക്ക് വിരോധമായി സാക്ഷ്യം പറയുകയും തീ പോലെ നിങ്ങളുടെ ശരീരത്തെ കാർന്നുതിന്നുകയും ചെയ്യും. ഈ അന്ത്യനാളുകളിൽപ്പോലും നിങ്ങൾ സമ്പത്തു സമാഹരിക്കുന്നു*** **(യാക്കോബ് 5:1,3).**

നീതിമാനെ കുറ്റംവിധിച്ച് കൊല്ലുകയും സുഖഭോഗങ്ങളിലും ആഹ്ലാദത്തിലും മുഴുകി ആഡംബരത്തോടെ സുഖിച്ച് പുളച്ചുകൊണ്ട് ജഡത്തെ പോഷിപ്പിക്കുകയും, ചതിവിൽ വേലക്കാരുടെ കൂലി പിടിച്ചുവെച്ച് അന്യായമായി നിക്ഷേപങ്ങളെ ശേഖരിക്കുകയും ചെയ്യുന്ന വ്യക്തികൾക്കെതിരെ മുഖംനോക്കാതെ ദൈവവചനം ആകുന്ന ആത്മാവിന്റെ വാൾ വീശുകയാണ് ക്രിസ്തുവിന്റെ ദാസനായ യാക്കോബ്. ധനവാന്മാരെ, നിങ്ങളുടെ മേൽ വരാൻ പോകുന്ന ദുരിതങ്ങൾ നിമിത്തം കരഞ്ഞ് മുറയിടുവിൻ എന്ന് അവരെ ഓർപ്പിച്ചുകൊണ്ട്!

ഭൂപ്പരപ്പിൽ നിന്നും പലവിധത്തിലുള്ള കരച്ചിലിന്റെ ശബ്ദം മുഴങ്ങുന്നു. വിതുമ്പിക്കരയുന്നവരും വിങ്ങിപ്പൊട്ടിക്കരയുന്നവരും അലമുറയിട്ടു കരയുന്നവരും ശബ്ദമില്ലാതെ മനസ്സിൽ കരയുന്നവരും കാര്യം കാണുവാൻ വേണ്ടി കള്ളക്കണ്ണുനീർ പൊഴിക്കുന്നവരും ധാരാളം.

അബ്രഹാം കൊടുത്തുവിട്ട അപ്പവും തുരുത്തിയിലെ വെള്ളവും തീർന്നപ്പോൾ കുറുങ്കാട്ടിന്റെ തണലിൽ തന്റെ മകനായ ഇസ്മായേലിനെ കിടത്തിയശേഷം ദൂരെമാറി പുറംതിരിഞ്ഞിരുന്ന് എനിക്ക് എന്റെ മകന്റെ മരണം കാണണ്ട എന്നു പറഞ്ഞ് കരയുന്ന ഹാഗാർ! ഒരുനേരത്തെ ഭക്ഷണത്തിനുവേണ്ടി തന്റെ ജന്മാവകാശം വിറ്റുകളഞ്ഞ്, അധാർമികനും ലൗകികനും ആയ ശേഷം അപ്പന്റെ അടുക്കൽ ചെന്ന് എന്നെ അനുഗ്രഹിക്കണമേ എന്ന് പറഞ്ഞു കരയുന്ന എശാവ്! ഊരിയാവിന്റെ ഭാര്യയെ മോഹിക്കുകയും ഉപായത്തിലൂടെ അവളെ സ്വന്തമാക്കുവാൻ വേണ്ടി ഊരിയാവിനെകൊലപ്പെടുത്തുകയും ചെയ്തതിനുശേഷം , പശ്ചാത്താപത്തോടും തകർന്നും നുറുങ്ങിയുമുള്ള ഹൃദയത്തോടും നിലവിളിച്ച് കരയുന്ന മുഴു ഇസ്രായേലിന്റെയും രാജാവായ ദാവീദ്! പിതാക്കന്മാരുടെ കല്ലറകൾ ഉള്ള യെരുശലേം പട്ടണം പാഴായിക്കിടക്കുന്നതും, മതിലുകൾ തകർന്നും അതിന്റെ കവാടങ്ങൾ അഗ്നിക്കിരയാവുകയും, അവിടെ ശേഷിച്ച ജനം നിന്ദയിലും അപമാനത്തിലും വലിയ ബുദ്ധിമുട്ടിലും കഴിയുകയും ചെയ്യുന്നു എന്ന് കേട്ടപ്പോൾ, ഏറെനാൾ ദു:ഖിക്കുകയും കരയുകയും ചെയ്ത നെഹമ്യാവ്! ആരാലും ക്ഷണിക്കപ്പെടാതെ ധനവാനും പരീശനുമായ ശീമോന്റെ വീട്ടിൽ കടന്നുചെന്ന് യേശുകർത്താവിന്റെ പാദപീഠത്തിൽ ഇരുന്ന് സ്നേഹത്തിന്റെയും നന്ദിയുടെയും പ്രതീകമായി കണ്ണുനീർ വീഴ്ത്തിയ പട്ടണത്തിലെ പാപിനിയായ സ്ത്രീ! അങ്ങനെ വിവിധ നിലകളിൽ കണ്ണുനീർ വീഴ്ത്തി കരയുന്നവരുടെ ചരിത്രം തിരുവെഴുത്തിൽ ഉണ്ട്. അതിൽ സ്നേഹക്കണ്ണുനീരും അനുതാപക്കണ്ണുനീരും നിലനിൽപ്പിനു വേണ്ടിയുള്ള നിസ്സഹായതയുടെ കണ്ണുനീരും ചൊരിഞ്ഞവരുണ്ട്. ഇവരൊക്കെ ആരുംപറയാതെ സാഹചര്യങ്ങളുടെ നടുവിൽ സ്വയം നിലവിളിച്ച് കരഞ്ഞവരാണ്.

യേശു യെരുശലേമിനു സമീപേകൂടി


പോയപ്പോൾ, ആ നഗരം കണ്ട് അതിനെക്കുറിച്ചു വിലപിച്ചും കരഞ്ഞും കൊണ്ട് അദ്ദേഹം പറഞ്ഞു: നിനക്ക് സമാധാനമേകുന്ന കാര്യങ്ങൾ ഇപ്പോൾ എങ്കിലും നീ അറിഞ്ഞിരുന്നു എങ്കിൽ എത്ര നന്നായിരുന്നു! പക്ഷെ, ഇപ്പോൾ അവ നിനക്ക് അഗോചരങ്ങളായിരിക്കുന്നു. നിന്റെ ശത്രുക്കൾ നിനക്ക് ചുറ്റും കിടങ്ങുകുഴിച്ചു നിന്നെ വലയം ചെയ്തു എല്ലാ വശത്തു നിന്നും നിന്നെ ഞെരുക്കുന്ന കാലം വരുന്നു. അവർ നിന്നെയും നിന്റെ മതിലുകൾക്കുള്ളിലുള്ള നിന്റെ മക്കളെയും നിലംപരിചാക്കും. അവർ ഒരു കല്ലിന്മീതെ മറ്റൊരു കല്ല് ശേഷിപ്പിക്കുകയില്ല. ദൈവം നിന്നെ സന്ദർശിച്ച കാലം നീ തിരിച്ചറിയാതിരുന്നത് കൊണ്ട് ഇങ്ങനെ നിനക്ക് ഭവിക്കും. (ലൂക്കോസ് 19: 41 44). മറ്റൊരു സന്ദർഭത്തിൽ ലാസറിന്റെ മരണത്തിൽ, ദുഃഖിച്ചുവേദനപ്പെട്ടു കരയുന്ന സഹോദരിമാരുടെയും അവിടെ കൂടിവന്നിരുന്ന മറ്റു യഹൂദന്മാരുടെയും ദുഃഖത്തിൽ പങ്കുചേർന്നുകൊണ്ടു യേശുകർത്താവും കരഞ്ഞു. ഒരർത്ഥത്തിൽ ലാസറിനെ ഉയർപ്പിക്കുവാൻ പോകുന്നു എന്നറിയാമായിരുന്ന യേശുവിനു കരയേണ്ട ആവശ്യം ഉണ്ടായിരുന്നില്ല. എങ്കിലും, നമ്മിലൊരാളായി ജീവിച്ച യേശുകർത്താവു മനുഷ്യന്റെ എല്ലാ അവസ്ഥയിലും താദാത്മ്യപ്പെട്ടുകൊണ്ടു നമുക്ക് കാട്ടിത്തന്ന ഉദാത്തമായ ഒരു മാതൃക ആണത്.

യെരുശലേമിലെ തെരുവിലൂടെ കുരിശുമരം ചുമന്നുകൊണ്ട് നടന്നുപോയ കർത്താവിനെ കണ്ടിട്ട്, വിലപിച്ച് അലമുറയിട്ട് അവിടെയുള്ള സ്ത്രീകൾ കരയുന്നത് കാണുകയും കേൾക്കുകയും ചെയ്തപ്പോൾ, നിങ്ങൾ എന്നെച്ചൊല്ലി കരയേണ്ട, നിങ്ങളെയും നിങ്ങളുടെ മക്കളെയും ചൊല്ലിക്കരയുവിൻ എന്നാണ് കർത്താവ് അവരോട് പറഞ്ഞത്. എന്നെച്ചൊല്ലി കരയേണ്ട, നിങ്ങളെക്കുറിച്ചും നിങ്ങളുടെ മക്കളെക്കുറിച്ചും കരയുക എന്ന്യേശു അവരോട് ആവശ്യപ്പെടുകയും ചെയ്തു. യാക്കോബിന്റെ ലേഖനത്തിൽ: ദൈവവചനത്തിന്റെ സകല അതിർവരമ്പുകളും ലംഘിച്ച് ജീവിക്കുന്നവരോട്, അവർക്ക് വരുവാൻ പോകുന്ന ദുരിതങ്ങൾ നിമിത്തം കരയുവാൻ ദൈവത്തിന്റെ പരിശുദ്ധാത്മാവ് വീണ്ടും ആവശ്യപ്പെടുകയാണ്.

മനുഷ്യനു വാസസ്ഥലമായി ദൈവം അനുഗ്രഹിച്ച് കൊടുത്തിരുന്ന ഈ ഭൂമിയിൽ ദുരിതങ്ങളുടെ പെരുമഴ പെയ്തിറങ്ങാൻ കാരണങ്ങൾ അനവധിയാണ്. കാലംതെറ്റുന്ന കാലാവസ്ഥകളും മേഘസ്ഫോടനങ്ങളും യുദ്ധവും ക്ഷാമവും ഭൂകമ്പങ്ങളും മറ്റു ദുരന്തങ്ങളും എല്ലായിടത്തുമുള്ള എല്ലാവരും മാനസാന്തരപ്പെട്ട് ജീവനുള്ള ദൈവത്തിങ്കലേക്ക് തിരിയണം എന്നുള്ള ദൈവത്തിന്റെ വാക്കും ഭാഷണവും കൂടാത്ത സന്ദേശമാണ്. അറിവിന്റെ നെറുകയിലെത്തി എന്ന് അവകാശപ്പെടുന്ന ശാസ്ത്രത്തിന്, വരുവാൻ പോകുന്ന ദുരിതങ്ങളുടെ ഭയാനകമായ ചിത്രം മുന്നമേ വേണ്ടുംപോലെ അറിയുവാൻ കഴിയാത്ത വിധം പരിമിതികൾ ഉള്ളതാണ്. അറിഞ്ഞാൽത്തന്നെ ആ ദുരിതങ്ങളെ നിയന്ത്രിക്കുവാനോ, തടുക്കുവാനോ കഴിയാത്തവിധം നിസ്സഹായവുമാണ് അതിന്റെ സംവിധാനങ്ങൾ.

താൻ വീര്യപ്രവൃത്തികൾ ചെയ്ത പട്ടണങ്ങൾ പിന്നീട് മാനസാന്തരപ്പെടായ്കയാൽ ആ പട്ടണങ്ങളെ ശാസിച്ച അരുമനാഥനായ യേശുകർത്താവ് തന്നെയാണ്, ആർക്കും സഹിക്കുവാനൊ വഹിക്കുവാനൊ കഴിയാത്ത ദുരിതത്തിന്റെ ദിനങ്ങൾ മനുഷ്യന്റെ പ്രവർത്തികളുടെദോഷംകൊണ്ട് വരുമെന്നും, അക്കാരണത്താൽ പരിഭ്രമത്തോടെ കൂടിയ വലിയ നിരാശ ജീവിച്ചിരിക്കുന്ന മനുഷ്യരിൽ സംഭവിക്കുമെന്നും മുന്നറിയിപ്പ് നൽകിയിട്ടുള്ളത് വളരെയധികം ആളുകൾ ഉപജീവനത്തിന് വിഷമിക്കുമ്പോൾ, കയറിക്കിടക്കുവാൻ ഒരു കൂര പോലുമില്ലാതെ കടത്തിണ്ണകളിലും മറ്റും അന്തിയുറങ്ങുമ്പോൾ, കുട്ടികളെ പഠിപ്പിക്കുവാൻ യാതൊരു നിവൃത്തിയുമില്ലത്തതുകൊണ്ട് ബാലവേലയ്ക്ക് വിടുമ്പോൾ, പണമില്ലാത്തതുകൊണ്ട് പെൺമക്കളെ വിവാഹം ചെയ്തയ്ക്കുവാൻ പ്രാപ്തി ഇല്ലാത്തവരായി ഒരു കൂട്ടം ആളുകൾ ജീവിക്കുമ്പോൾ, പകലന്തിയോളം വേലചെയ്തിട്ടും അർഹിക്കുന്ന കൂലി ലഭിക്കാത്ത കൂലിക്കാരായ ദരിദ്രന്മാർ, സമ്പന്നന്മാരാൽ അടിച്ചമർത്തപ്പെടുമ്പോൾ, ഇതൊന്നും കണ്ടിട്ട് കാണാതെ സ്വന്തം സാമ്രാജ്യം പടുത്തുയർത്തുവാൻ വ്യഗ്രതപ്പെടുന്നതിനെതിരെയാണ് ദൈവത്തിന്റെ ന്യായവിധി പലവിധമായ ദുരിതങ്ങളുടെ രൂപത്തിൽ ആഞ്ഞടിക്കുവാൻ പോകുന്നത്.

ഇന്ന് കാണുകയും നാളെ വാടിപ്പോവുവുകയും ചെയ്യുന്ന പൂക്കളെപ്പോലെ ക്ഷണികനായ മനുഷ്യൻ, സ്വാർത്ഥതയുടെ ആൾരൂപമായി മാറിക്കഴിഞ്ഞു. ദൈവീകനിയമങ്ങളെ പാടെ അവഗണിച്ച് ഈ ലോകത്തിൽ ആർക്കും അധികനാൾ തുടരുവാൻ കഴിയുകയില്ല. വരുവാൻ പോകുന്ന ദുരിതങ്ങളുടെ ദിനങ്ങൾ നിമിത്തം മാനസാന്തരപ്പെട്ട് ദൈവത്തിങ്കലേക്ക് തിരിയുകയും വസ്ത്രങ്ങളെയല്ല ഹൃദയങ്ങളെത്തന്നെ കീറിക്കൊണ്ട് ദൈവമുമ്പാകെ കരയുകയും ചെയ്യാം. ●



ഫ്രാൻസിസ് ഫ്രാൻഗിപ്പെൻ

# ശത്രുക്കളുടെ നടുവിൽ വാഴുക

***കുഞ്ഞുങ്ങളെ, നിങ്ങൾ ദൈവത്തിൽ നിന്നു ള്ളവർ ആകുന്നു; അവരെ ജയിച്ചുമിരിക്കുന്നു. നിങ്ങളിൽ ഉള്ളവൻ ലോകത്തിലുള്ളവനെക്കാൾ വലിയവനാണല്ലോ (1 യോഹന്നാൻ 4:4.)***

യഥാർത്ഥ സമാധാനം ദൈവത്തോടുള്ള സ്നേഹത്തിൽ നിന്ന് ഉളവാകുന്ന ഫലമാണ്. നമ്മുടെ ആത്മികജീവിതത്തിൽ നാം പോരാടേണ്ടി വരുന്ന യുദ്ധങ്ങൾ എന്തുതന്നെയായാലും,മേൽപ്പറഞ്ഞ വാക്യത്തിൽ നിന്നും ഉളവായി വരുന്ന വെളിപ്പാടിൽ നിന്നാണ് ജയം ലഭിക്കുന്നത്. അവരെ ജയിച്ചുമിരിക്കുന്നു എന്ന് പറയുമ്പോൾ, എതിർക്രിസ്തുവിന്റെ ആത്മാവിനാൽ വ്യാപരിക്കുന്നതും, നമ്മെ ചിന്താക്കുഴപ്പത്തിലാക്കുന്നതുമായ വ്യക്തികളെയും അവരുടെ ശുശ്രൂഷകളെയും മറ്റു നാനാതരത്തിലുള്ള പ്രലോഭനങ്ങളെയും പ്രകോപനങ്ങളെയും പരീക്ഷകളെയും എന്നർത്ഥം. അവരെ ജയിക്കുവാൻ നിങ്ങൾ നിങ്ങളിൽ ത്തന്നെ പ്രാപ്തരല്ല, മറിച്ചു ദൈവോന്മുഖമായ ആത്മികജീവിതത്തിലൂടെ ദൈവത്തിൽ നിന്ന് പ്രാപിക്കേണ്ടുന്ന പ്രാപ്തിയാണിത്.

**സമാധാനത്തിന്റെ ദൈവം സാത്താനെ തകർത്തുകളയും.**

ഫലപ്രദമായ ആത്മീയയുദ്ധം നടത്താൻ, ദൈവം നൽകുന്ന ആത്മീയഅധികാരം നാം മനസ്സിലാക്കുകയും ഉപയോഗിക്കുകയും വേണം. എന്നിരുന്നാലും, ആത്മീയഅധികാരം നിങ്ങളുടെ ഇഷ്ടം മറ്റൊരാളുടെ മേൽ അടിച്ചേൽപ്പിക്കുന്നതല്ല. നിങ്ങൾക്ക് ലഭിച്ച ആത്മീയഅധികാരം ഉപയോഗിച്ച്, സംഘർഷവും അടിച്ചമർത്തലും നിറഞ്ഞ എവിടെയും ദൈവത്തിന്റെ സമാധാനം സ്ഥാപിക്കുവാൻ കഴിയും. അതിനാൽ യഥാർത്ഥത്തിൽ അധികാരം ഉപയോഗിക്കാൻ കഴിയണമെങ്കിൽ, നമ്മിൽ ആദ്യം ആ സമാധാനം ഉണ്ടായിരിക്കണം. എന്തുകൊണ്ടെന്നാൽ ദൈവത്തിൽനിന്നു സമാധാനം പ്രാപിച്ച് അനുഭവമില്ലാത്ത ഒരു വ്യക്തിക്ക് കലങ്ങിമറിഞ്ഞ മറ്റൊരു വ്യക്തിയെ ദൈവീകസമാധാനത്തിലേക്കും, സ്വസ്ഥതയിലേക്കും നടത്തുക അസാധ്യമാണ്.

സമാധാനത്തിന്റെ ദൈവം സാത്താനെ നിങ്ങളുടെ കാൽക്കീഴിൽ തകർത്തുകളയും (റോമർ 16:20) എന്ന് അപ്പോസ്തലനായ പൗലോസ് പഠിപ്പിച്ചു. സംഘർഷപൂരിതമായ സാഹചര്യത്തിൽ നമ്മിലെ സമാധാനം നഷ്ടപ്പെടുത്താതെ നാം കാത്തുസൂക്ഷിക്കുമ്പോൾ, അത് പൈശാചിക ശക്തികളെ അമർച്ചചെയ്യുന്നതിനും ഭയത്തെ നിർമ്മൂലമാക്കുന്നതിനും ഉതകും. നമ്മുടെ വിജയം ഒരിക്കലും നമ്മുടെ വികാരങ്ങളിൽ നിന്നോ ബുദ്ധിയിൽ നിന്നോ ഉണ്ടാകുന്നതല്ല. നമ്മുടെ കണ്ണുകൾ കാണുന്നതോ കാതുകൾ കേൾക്കുന്നതോ ആയ കാര്യങ്ങൾ വിലയിരുത്താൻ വിസമ്മതിക്കുകയും, ദൈവം വാഗ്ദത്തം ചെയ്തത് സംഭവിക്കുമെന്ന് വിശ്വസിക്കുകയും ചെയ്യുന്നതാണ് നമ്മുടെ വിജയം.

നമ്മുടെ പ്രതിസന്ധികളിൽ മാനുഷികമായി പ്രതികരിക്കുന്നത് നിർത്തുന്നതുവരെ, ക്രിസ്തു തന്റെ മാനുഷീക ജീവിതകാലയളവിൽ കൈവരിച്ച വിജയം അതിന്റെ പൂർണ്ണതയിൽ നമുക്ക് ഒരിക്കലും അറിയാനും മനസിലാക്കുവാനും കഴിയില്ല. നിങ്ങൾക്ക് പ്രയാസം ഉളവാക്കുന്നതോ, അല്ലാത്തതോ ആയ ഏതെങ്കിലും ഒരു കാര്യം നിങ്ങളെ സ്വാധീനിച്ചാൽ, ആശങ്കയോ ഭയമോ ഭീഷണിയോ കൂടാതെ യഥാർത്ഥ ആത്മിക അധി

കാരമുണ്ടെങ്കിൽ നിങ്ങൾക്ക് ആ കാര്യം നിർവ്വഹിക്കാനാകും. അതിന്റെശേഷം നിങ്ങളിൽ നിലനിൽക്കുന്ന സമാധാനമാണ് നിങ്ങളുടെ വിജയത്തിന്റെ തെളിവ്. ചീറിയടിച്ച കൊടുങ്കാറ്റിന്മേലുള്ള യേശുവിന്റെ അധികാരം (മത്തായി 8:23 - 27) ഉപയോഗിച്ച് കൊടുങ്കാറ്റിനെ ശാന്തമാക്കിയപ്പോൾ, സാഹചര്യങ്ങളുടെ മേൽ ദൈവികസമാധാനത്തിന്റെ വ്യാപനം വെളിപ്പെടുകയായിരുന്നു. യേശു, കൊടുങ്കാറ്റിനെതിരെ പോരാടുകയോ ഭയപ്പെടുകയോ ചെയ്തില്ല. തികഞ്ഞ സമാധാനത്തിൽ, അവിടുന്ന് പ്രകൃതിശക്തിയുടെ ക്രോധത്തെ അഭിമുഖീകരിക്കുകയും തന്റെ അധികാരത്താൽ അതിനെ കീഴ്പ്പെടുത്തുകയും ചെയ്തു. നരകശക്തികളാലും വൈകാരിക ഉന്മാദത്താലും ഉണർത്തപ്പെട്ട ഒരു സാഹചര്യം പീലാത്തോസിന്റെ കൊട്ടാരത്തിൽ അഭിമുഖീകരിച്ചപ്പോൾ വിശുദ്ധമായ ഒരു സമാധാനം ക്രിസ്തുവിനെ വലയംചെയ്തു. എന്ത് വിലകൊടുത്തും ദൈവഹിതം ചെയ്യാനുള്ള യേശുവിന്റെ ദൃഢനിശ്ചയത്തിൽ നിന്ന് ഉളവായ സമാധാനം. ദൈവത്തിന്റെ സിംഹാസനത്തിലെ സമാധാനത്തെ തികച്ചും പ്രതിനിധാനം ചെയ്യുന്ന ഒരു ശാന്തത ക്രിസ്തുവിൽ പ്രകടമായിരുന്നു. കാഴ്ചപ്രകാരം നോക്കുമ്പോൾ വിചാരണ നേരിടുന്നത് യേശുവാണ്. എന്നാൽ ആത്മക്കണ്ണുകളാൽ നോക്കുമ്പോൾ വിചാരണ നേരിടുന്നത് യേശുവല്ല, മറിച്ചു, സാത്താനും പീലാത്തോസും യഹൂദാമതവുമാണ്.

ഭയം, ഉത്കണ്ഠ, സംശയം, സ്വയസഹതാപം തുടങ്ങിയ കാര്യങ്ങൾ സാത്താന്റെ ആയുധപ്പുരയിൽ അടങ്ങിയിരിക്കുന്നു. ഈ ആയുധങ്ങൾ ഓരോന്നും നമ്മുടെ സമാധാനം കവർന്നെടുക്കുകയും നമ്മെ ഉള്ളിൽ അസ്വസ്ഥചിത്തരാക്കുകയും ചെയ്യുന്നു. നാം അസ്വസ്ഥചിത്തരാകുന്നതും നമ്മുടെ സമാധാനം നഷ്ടപ്പെടുന്നതും ശത്രു നമുക്കെതിരെ തൊടുത്തുവിടുന്ന മേൽപ്പറഞ്ഞ ആയുധങ്ങളോട് നാം എങ്ങനെ പ്രതികരിക്കുന്നു എന്നതിന്റെ അടിസ്ഥാനത്തിലാണ്. ശത്രു നിങ്ങളുടെനേരെ ഏതു വിധേനയാണ് വരുന്നതെന്ന് വിവേചിച്ചറിയാൻ നിങ്ങൾ ആഗ്രഹിക്കുന്നുണ്ടോ? നിങ്ങളുടെ ബന്ധങ്ങളുടെ ശൃംഖലയിൽ, നിങ്ങൾക്ക് സമാധാനമില്ലാത്തിടത്തെല്ലാം, നിങ്ങൾക്ക് യുദ്ധമുണ്ട്. അതായതു, ആരോടെങ്കിലും നമുക്ക് അസ്വാരസ്യം തോന്നുണ്ടെങ്കിൽ നമ്മുടെ ഉള്ളിൽ ശത്രു പകയുടെയും കൈപ്പിന്റെയും നീരസത്തിന്റെയും ഒക്കെ വിത്ത് വിതച്ചിരിക്കുന്നു എന്ന് നാം

**...ആത്മക്കണ്ണുകളാൽ നോക്കുമ്പോൾ വിചാരണ നേരിടുന്നത് യേശുവല്ല, മറിച്ചു സാത്താനും പീലാത്തോസും യഹൂദ മതവുമാണ്.**

തിരിച്ചറിയണം. ഇവ മുളച്ചു വരുമ്പോൾ മുളയിലേ തന്നെ നുള്ളിക്കളയാൻ നാം ശ്രദ്ധാലുക്കളയിരിക്കണം. സാത്താൻ നമ്മെ വഞ്ചിക്കാൻ അനുവദിക്കരുത്, കാരണം അവന്റെ കുതന്ത്രങ്ങൾ അറിയാത്തവരല്ലല്ലോ നാം. നേരെമറിച്ച്, നിങ്ങൾക്ക് ഏതെല്ലാം മേഖലകളിൽ സമാധാനമുണ്ടോ, അവിടെ നിങ്ങൾക്ക് വിജയമുണ്ട്. മേൽപ്പറഞ്ഞ ആയുധങ്ങൾ സാത്താൻ നിങ്ങളുടെ നേരെ തൊടുത്തുവിടുമ്പോൾ, അപ്പോഴുളവാകുന്ന പ്രതികൂല സാഹചര്യങ്ങളിൽ നിങ്ങൾക്ക് കൂടുതൽ സമാധാനം ലഭിക്കുന്നു, അത്രയധികം നിങ്ങൾ യഥാർത്ഥത്തിൽ ക്രിസ്തുവിന്റെ വിജയത്തിൽ നടക്കുന്നു എന്ന് സാരം.

പൗലോസ് നമ്മോട് പറയുന്നു, 'നിങ്ങളുടെ എതിരാളികളിൽ നിന്നുണ്ടാകുന്ന യാതൊന്നിനാലും നിങ്ങളുടെ ധൈര്യം ചോർന്നുപോകരുത്. ഭയരഹിതമായ നിങ്ങളുടെ പ്രതികരണം, അവർ നാശത്തിലേക്കു പോകുന്നവരാണെന്നും നിങ്ങൾ രക്ഷിതരാണെന്നും ഉള്ളതിന് ഒരു നിദർശനമാണ് (ഫിലിപ്യർ 1:28). നിങ്ങളുടെ സമാധാനം, ദൈവവചനത്തോടുള്ള നിങ്ങളുടെ അചഞ്ചലമായ നിലപാട്, ദൈവഹിതത്തിന് ഏകാഗ്രമായ വിധേയത്വത്തിൽ നിങ്ങൾ ശരിയായ സ്ഥാനത്താണ് എന്നതിന്റെ അടയാളമാണ്. നിങ്ങളുടെ എതിരാളിയെക്കുറിച്ച് നിങ്ങൾ ഒരു തരത്തിലും പരിഭ്രാന്തരാകുന്നില്ല എന്നത്തന്നെ അവന്റെ മേൽ നിങ്ങൾക്ക് അധികാരമുണ്ടെന്നതിന്റെ അടയാളമാണ്. നാം യുദ്ധം ചെയ്യുന്നത് മനുഷ്യർക്കെതിരെയല്ല. മറിച്ചു, ഈ ഇരുളടഞ്ഞ ലോകത്തിന്റെ അധികാരികളിലും, അധികാരങ്ങളിലും വ്യാപരിക്കുന്ന ആകാശത്തിലെ ദുഷ്ടാത്മാക്കളോടുമാണ്. മേൽപ്പറഞ്ഞ ആയുധങ്ങളുമായി നമ്മെ ആക്രമിക്കാൻ വരുന്ന ആ ദുർദിവസത്തിൽ അവനെ എതിർക്കാനും യുദ്ധം സമാപിച്ചതിനു ശേഷം ഉറച്ചുനിൽക്കാനും സാധിക്കേണ്ടതിനു ദൈവത്തിന്റെ സർവ്വായുധവർഗം അണിഞ്ഞു യുദ്ധസന്നദ്ധരായി, മോക്ഷയാത്രയിൽ നാമോരോരുത്തരും മുന്നേറണം. ●



ജെസ്സി സാജു



# കുഞ്ഞുങ്ങൾക്ക് പകർന്നുകൊടുക്കേണ്ടുന്ന മൂല്യബോധം

നമ്മുടെ മക്കൾ വളരെ സംഘർഷം നിറഞ്ഞ ഒരു കാലഘട്ടത്തിൽ ആണ് ജീവിക്കുന്നത്. പ്രത്യേകിച്ചും അവർ ബാല്യത്തിൽ നിന്നും കൗമാരത്തിലേക്ക് കടക്കുന്ന പ്രായത്തിൽ. ബാല്യത്തിൽ മാതാപിതാക്കൾ പറയുന്നതാണ് കുഞ്ഞുങ്ങൾക്ക് വേദവാക്യം. വേറെ ആരും അവരെ അത്രയൊന്നും സ്വാധിനിക്കയില്ല. സ്കൂളിൽ ടീച്ചർ പഠിപ്പിക്കുന്നത് പോലും വീട്ടിൽ കേട്ടതിൽ നിന്ന് വിപരീതമാണെങ്കിൽ എന്റെ പപ്പാ അങ്ങനെയല്ലല്ലോ പറഞ്ഞത് എന്നായിരിക്കും കുട്ടിയുടെ പ്രതികരണം. എന്നാൽ ബാല്യം കൗമാരത്തിനു വഴിമാറുമ്പോൾ, കുട്ടി ചുറ്റുപാടുകളാലെല്ലാം സ്വാധീനിക്കപ്പെടുന്നു. പ്രത്യേകിച്ചു സമപ്രായക്കാർ പറയുന്നതും പിന്തുടരുന്നതുമെല്ലാം നമ്മുടെ കുഞ്ഞുങ്ങളെയും സ്വാധീനിക്കാൻ തുടങ്ങും.

ബാല്യത്തിൽ പിതാവും മാതാവും ഒക്കെയായിരുന്നു കുട്ടിയുടെ ഹീറോ. സ്കൂളിൽ ചെന്ന് കുറച്ചു കാലത്തേക്ക് ചിലപ്പോൾ ടീച്ചർ ഒരു ഹീറോ ആയി തോന്നിയേക്കാമെങ്കിലും ബാല്യമൊഴിയുമ്പോഴേക്ക് അവന്റെ ഹീറോകൾ പുറം ലോകത്തെ 'സ്റ്റാറുകൾ' ആയിരിക്കും. അവർ കാണുന്നതും കേൾക്കുന്നതുമെല്ലാം ഈ പുറം ലോകത്തെ സ്റ്റാറുകളുടെ പകിട്ടു കാണിക്കുന്ന ജീവിതകഥകളാണ്. പിന്നെ അവർ പറയുന്നത് കേൾക്കാനും അവരുടെ ജീവിതം അനുകരിക്കാനുമൊക്കെ കൗമാരക്കാർ മത്സരിക്കുന്നു. നിർഭാഗ്യവാശാൽ, ജീവിതത്തിൽ നന്മ പ്രകാശിപ്പിക്കുന്ന ഹീറോകൾ നമുക്കുചുറ്റും തീരെക്കുറഞ്ഞു പോയിരിക്കുന്നു. ബന്ധങ്ങൾക്ക് വില കൽപ്പിക്കാതെ, നൈമിഷികസുഖങ്ങളിൽ ആറാടിക്കളിക്കുന്ന, അതിനെ വിലയുള്ളതായി കാണുന്ന ഒരു തലമുറയാണ് ഇന്ന് നമുക്കു ചുറ്റും. ഈ തലമുറയിലാണ് നമ്മുടെ കുഞ്ഞുങ്ങൾ വ്യത്യസ്തരായി, അതായത് ആത്മീയരായി ജീവിക്കുവാൻ വിളിക്കപ്പെട്ടിരിക്കുന്നത്.

അപ്പോസ്തല പ്രവൃത്തി 2: 40 ൽ കാണുന്ന 'വക്രതയുള്ള ഈ തലമുറയിൽ നിന്ന് രക്ഷിക്കപ്പെടുവിൻ' എന്ന വാക്യത്തിലെ വക്രത എന്നതിന്റെ അർത്ഥം 'തലതിരിഞ്ഞ മുല്യബോധം' എന്നാണ്. വിലയുള്ളത് എന്താണെന്നും വിലയില്ലാത്തതു എന്താണെന്നും ആധുനിക തലമുറയിൽ അധിക പങ്കിനും തിരിച്ചറിയില്ല. മുൻതലമുറ ഏറ്റവും വിലയുള്ളതായി കണക്കാക്കിയിരുന്നതിന് ഇന്നത്തെ തലമുറ വില കൽപ്പിക്കുന്നില്ല. സ്നേഹവും കരുണയും വിശ്വസ്തയും നീതിയുമൊക്കെ ഇന്ന് മൂല്യങ്ങളുടെ പട്ടികയിൽ ഏറ്റവും താഴെയോ, ചിലപ്പോഴൊക്കെ പട്ടികയ്ക്ക്

പുറത്തോ ആണ്. പകരം 'കരിയറും' സ്വകാര്യ സുഖങ്ങളും സാമ്പാദ്യങ്ങളും പദവികളും മൂല്യങ്ങളുടെ പട്ടികയിൽ പ്രഥമപരിഗണനയിൽ എത്തി നിൽക്കുന്നു. ആരുടെ തോളിൽ ചവുട്ടിക്കയറിയാലും എന്റെ തല മുകളിൽ നിൽക്കണം എന്നാണ് ഇന്ന് നാം കുഞ്ഞുങ്ങളെ പഠിപ്പിക്കുന്നതു തന്നെ. അസാമാന്യമായ മത്സരമനോഭാവം കുഞ്ഞുങ്ങളെ സ്വാർത്ഥതയുടെ മേൽത്തട്ടിൽ എത്തിച്ചിരിക്കുന്നു. ഭ്രാന്തമായ ഈ അവസ്ഥയിൽ നമ്മുടെ കുഞ്ഞുങ്ങളെ ആത്മീകരായി വളർത്താൻ കഴിയില്ലെന്ന് നിങ്ങൾ ഭയപ്പെടുന്നുവോ? ഒരിക്കലും വേണ്ട. ബാല്യത്തിൽ നിന്ന് കൗമാരത്തിലേക്ക് കടക്കുന്ന കുഞ്ഞുങ്ങൾ, സാധാരണയായി സ്വാധീനിക്കപ്പെടുന്നത് അവരുടെ സമപ്രായക്കാരാലും പിന്നെ അവരുടെ സാധാരണ ജീവിതത്തിൽ നിറഞ്ഞൊഴുകുന്ന സോഷ്യൽ മീഡിയകളാലുമാണ്. അതിനോട് ചേർന്ന് പുറംപകിട്ടു കാട്ടുന്ന കുറെ മെഗാസ്റ്റാറുകളും.! അവിടെ അവർക്കു അനുകരിക്കാൻ പറ്റുന്ന ഒരു മാതൃക കണ്ടെത്തുക എന്നത് ഏതാണ്ട് അസാധ്യമാണെന്ന് നമുക്കറിയാമല്ലോ. അപ്പോൾ പിന്നെ അവർക്കു അനുകരിക്കാൻ പറ്റുന്ന ഒരു മാതൃക ഭവനത്തിൽ തന്നെ കിട്ടണം. അത് മാതാപിതാക്കളും മറ്റു മുതിർന്നവരും ആയിരിക്കണം.

സമപ്രായക്കാരുടെ സമ്മർദങ്ങളും (peer pressure) സോഷ്യൽ മീഡിയയുടെ സ്വാധീനവുമൊക്കെ നമ്മുടെ കുഞ്ഞുങ്ങളെ പിറകോട്ടു പിടിച്ചുവലിക്കുമ്പോൾ, അതിനെ വെല്ലുന്ന രീതിയിൽ സ്നേഹത്തിന്റെയും എല്ലാ സത്ഗുണങ്ങളുടെയും ആൾരൂപമായ യേശുകർത്താവിനെ കുഞ്ഞുങ്ങളുടെ ഹൃദയഭിത്തികളിൽ വരച്ചു കാണിക്കുന്നതിൽ മാതാപിതാക്കൾ ഉത്സുകരായിരിക്കണം. നീതിയുടെയും സത്യത്തിന്റെയും ആത്മീയമാതൃകയായി മാതാപിതാക്കളെ കണ്ടു അനുകരിക്കാൻ കുഞ്ഞുങ്ങൾക്കു കഴിയണം. അങ്ങനെയുള്ള മാതൃകകളായി നാം ഭവനത്തിൽ കുഞ്ഞുങ്ങൾക്കു മുമ്പിൽ ജീവിച്ചു കാണിക്കണം. കുഞ്ഞുങ്ങളുടെ റോൾമോഡൽ ആയിരിക്കണം മാതാപിതാക്കൾ.

ശൈശവപ്രായത്തിൽ കുഞ്ഞുങ്ങൾ മാതാപിതാക്കളുടെ വാക്കും പ്രവർത്തിയും ആണ് അനുകരിക്കുന്നത്. എന്നാൽ കൗമാരത്തിൽ അവർ മാതാപിതാക്കളുടെ വാക്കുകളല്ല പ്രവർത്തിയും മൂല്യബോധവും വീക്ഷണങ്ങളും ആണ് ശ്രദ്ധിക്കുകയും അനുകരിക്കുകയും ചെയ്യുന്നത്. നാം കുഞ്ഞുങ്ങൾക്ക് പകർന്നുകൊടുക്കുന്ന മൂല്യബോധം എങ്ങനെയുള്ളതാണ്? ആത്മീക കാര്യങ്ങളാണ് ഏറ്റവും പ്രാധാന്യമർഹിക്കുന്നത് എന്ന ബോധ്യം നമ്മുടെ സംസാരത്തിലൂടെയും പ്രവൃത്തികളിലൂടെയും നാം കുഞ്ഞുങ്ങൾക്ക് കാണിച്ചു കൊടുക്കുന്നുണ്ടോ? കുടുംബപ്രാർത്ഥനയ്ക്ക് വേണ്ടത്ര പ്രാധാന്യം നാം കൊടുക്കുന്നുണ്ടോ? ഹോംവർക്ക് ചെയ്യാനുള്ള കാരണം പറഞ്ഞ് നിങ്ങളുടെ കുട്ടികളെ കുടുംബപ്രാർത്ഥനയിൽ നിന്ന് ഒഴിവാക്കിയാൽ... നിങ്ങൾ തലതിരിഞ്ഞ ഒരു മൂല്യബോധമാണ് കുഞ്ഞുങ്ങൾക്ക് പകർന്നു കൊടുക്കുന്നത്. നിങ്ങൾ തന്നെയും, ആത്മീക കാര്യങ്ങൾക്ക് ചിലവഴിക്കേണ്ട സമയം ടെലിവിഷനിലും സോഷ്യൽമീഡിയയിലും ചിലവഴിച്ചാൽ, എങ്ങനെ നിങ്ങൾ കുഞ്ഞുങ്ങൾക്കു മാതൃകയാവാൻ കഴിയും. കരിയറിനെക്കാളും സംവാദങ്ങളെക്കാളും സ്വകാര്യസന്തോഷങ്ങളെക്കാളും വലുതാണ് ആത്മീയജീവിതം എന്ന് നിങ്ങൾ കുഞ്ഞുങ്ങൾക്ക് പറഞ്ഞുകൊടുക്കുകയും അത് പ്രവർത്തിയിലൂടെ കാണിച്ചുകൊടുക്കുകയും വേണം.

മാനുഷിക ബന്ധങ്ങളുടെ മാഹാത്മ്യം നാം കുഞ്ഞുങ്ങളെ പറഞ്ഞു മനസ്സിലാക്കണം. നാം എളിയവരെ ആദരിക്കുന്നതും, ദരിദ്രരെ ഭവനത്തിൽ ചേർത്തുകൊള്ളുന്നതും, ആവശ്യത്തിൽ ഇരിക്കുന്നവരെ സഹായിക്കുന്നതുമൊക്കെ നമ്മുടെ കുഞ്ഞുങ്ങൾ കണ്ടുപഠിക്കട്ടെ. കുഞ്ഞുങ്ങളുടെ മുമ്പിൽ നമ്മൾ കലർപ്പില്ലാത്തവരും പരമാർത്ഥികളും ആയിരിക്കണം. കുഞ്ഞുങ്ങൾ ഏറ്റവും വിലമതിക്കുന്നത് നമ്മുടെ നിഷ്കളങ്കതയും ആത്മാർഥതയുമാണ്. നാം കാപട്യമില്ലാതെ, പൊയ്മുഖങ്ങൾ ഇല്ലാതെ, അവരുടെ മുമ്പിൽ പെരുമാറിയാൽ മാത്രമേ നമ്മെക്കുറിച്ച് അവർക്ക് ബഹുമാനവും ആദരവും ഉണ്ടാകുകയുള്ളൂ. നാം പറയുന്നതും പ്രവർത്തിക്കുന്നതും ഒരുപോലെയാണെങ്കിൽ, ദൈവത്തിന്റെ മുമ്പിലും മനുഷ്യന്റെ മുമ്പിലും ശുദ്ധമനസ്സാക്ഷിയോടെ ജീവിക്കുമെങ്കിൽ, നമ്മുടെ മക്കൾ നമ്മെ ബഹുമാനത്തോടെ അനുകരിക്കും. ഒരുകാര്യം സത്യമാണ്, നമ്മുടെ നിർമ്മലമായ ജീവിതം കൊണ്ടുമാത്രമേ കൗമാരക്കാരായ നമ്മുടെ മക്കളെ കർത്താവിനു വേണ്ടി നേടുവാൻ കഴിയൂ ●



## മത്തായിയുടെ സുവിശേഷത്തിലെ ആത്മിക മർമങ്ങൾ

ജോയ് എം. തോമസ്

# കള കൊയ്ത്തോളം മാത്രം

അവൻ മറ്റൊരു ഉപമ അവർക്ക് പറഞ്ഞുകൊടുത്തു: സ്വർഗ്ഗരാജ്യം ഒരു മനുഷ്യൻ തന്റെ നിലത്ത് നല്ലവിത്ത് വിതച്ചതിനോട് സദൃശ്യമാകുന്നു. മനുഷ്യർ ഉറങ്ങുമ്പോൾ അവന്റെ ശത്രു വന്ന്, ഗോതമ്പിന്റെ ഇടയിൽ കള വിതച്ച് പൊയ്ക്കളഞ്ഞു. ഞാറു വളർന്നു കതിരായപ്പോൾ കളയും കാണായ്‌വന്നു. അപ്പോൾ വീട്ടുടയവന്റെ ദാസന്മാർ അവന്റെ അടുക്കൽ ചെന്ന്: യജമാനനേ, വയലിൽ നല്ല വിത്ത് അല്ലയോ വിതച്ചത്? പിന്നെ കള എവിടെനിന്നു വന്നു എന്ന് ചോദിച്ചു. ഇത് ശത്രു ചെയ്തത് ആകുന്നു എന്നു അവൻ അവരോടു പറഞ്ഞു. ഞങ്ങൾ പോയി അത് പറിച്ചു കൂട്ടുവാൻ സമ്മതം ഉണ്ടോ എന്ന് ദാസന്മാർ അവനോടു ചോദിച്ചു. അതിന് അവൻ: ഇല്ല, പക്ഷേ കള പറിക്കുമ്പോൾ ഗോതമ്പും കൂടി പിഴുതുപോകും. രണ്ടും കൂടെ കൊയ്ത്തോളവും വളരട്ടെ; കൊയ്ത്തുകാലത്ത് ഞാൻ കൊയ്യുന്നവരോട് മുമ്പേ, കള പറിച്ചുകൂട്ടി ചുട്ടുകളയേണ്ടതിനു കെട്ടുകളായി കെട്ടുവാനും ഗോതമ്പ് എന്റെ കളപ്പുരയിൽ കൂട്ടിവെക്കാനും കൽപ്പിക്കും എന്ന് പറഞ്ഞു (മത്തായി 13: 24 - 30).

സ്വർഗ്ഗരാജ്യം എന്നത് യേശുക്രിസ്തുവിൽക്കൂടി സ്ഥാപിക്കപ്പെടുന്ന ദൈവീക ഭരണമാണ്. യേശുവിനെ കർത്താവായി സ്വീകരിക്കുന്ന വ്യക്തികളിൽ ആണ് ഇപ്പോൾ ദൈവികഭരണം സ്ഥാപിതമാകുന്നത്. അതുകൊണ്ട് സ്വർഗ്ഗരാജ്യം ഒരു ആത്മീയ അനുഭവമാണ്. കർത്താവ് നമ്മിൽ ജീവിക്കുന്ന, വാഴുന്ന ആത്മീയ അനുഭവം!

കർത്താവ് തല (അധികാരി) ആയിരിക്കുന്ന ജീവൽസ്ഥാപനമാണ് കർത്താവിന്റെ സഭ. സഭ വാസ്തവത്തിൽ അദൃശ്യവും സാർവത്രികവുമാണ്. സഭയുടെ യഥാർത്ഥ അംഗങ്ങളായി തെരഞ്ഞെടുക്കപ്പെടുന്നവർ കർത്താവിന്റെ വരവിൽ ചേർക്കപ്പെടുന്നവരാണ്. എന്നാൽ ഇന്ന്, ലോകത്തിൽ നാം കാണുന്ന സഭകൾ ഗോതമ്പും കളയും ഒരുപോലെ വളരുന്ന വയൽ പോലെയാണ്.

നല്ലവിത്തും കളയും എന്ന ഉപമയുടെ അർത്ഥം കർത്താവ് തന്റെ ശിഷ്യന്മാർക്ക് പറഞ്ഞു കൊടുക്കുന്നത് മത്തായി 13 : 37 - 41 വരെയുള്ള വാക്യങ്ങളിൽ ഉണ്ട്. വിത്ത് വിതയ്ക്കുന്ന വയൽ ലോകമാണ്, നല്ലവിത്ത് വിതയ്ക്കുന്നത് കർത്താവാണ്, നല്ലവിത്ത് എന്നത് സ്വർഗ്ഗരാജ്യത്തിലെ പുത്രന്മാരാണ്. അതായത് കർത്താവ് രാജാവായി വാഴുന്ന, തന്റെ ഹിതം നിവർത്തിക്കുന്ന തന്റെ മക്കൾ. നാം ലോകത്തിൽ ജീവിക്കുമ്പോൾ ഈ ലോകത്തോട് അനുരൂപപ്പെട്ട് ലോകക്കാർ ആകാതെ, സ്വർഗ്ഗരാജ്യത്തിന്റെ പൗരന്മാരായി നമ്മുടെ ഐഡന്റിറ്റി നിലനിർത്തണമെന്ന് കർത്താവ് ആഗ്രഹിക്കുന്നു. അങ്ങനെ ജീവിക്കുന്നവരാണ് കർത്താവിനുള്ളവർ അഥവാ രാജ്യത്തിന്റെ പുത്രന്മാർ.

**ഗോതമ്പും കളയും വേർതിരിക്കപ്പെടുന്നത് ലോകാവസാനത്തിൽ ആണ്, അതായത് കർത്താവിന്റെ മടങ്ങിവരവിൽ. കർത്താവ് തന്റെ മടങ്ങിവരവിൽ മദ്ധ്യാകാശത്തിങ്കൽ തനിക്ക് ഉള്ളവരെ ചേർക്കും. കൈവിടപ്പെട്ടു പോകുന്നവർക്ക് പിന്നെ രക്ഷയ്ക്കുള്ള മാർഗ്ഗം ഉണ്ടായിരിക്കുകയില്ല.**

കള ദുഷ്ടന്റെ പുത്രന്മാരാണ്. അത് വിതച്ചത് പിശാചാണ്. ഈ ലോകം ദുഷ്ടന്റെ അധീനതയിൽ ആണല്ലോ ഇപ്പോൾ (1 യോഹന്നാൻ 5:19). ജഡമോഹം, കൺമോഹം, ജീവനത്തിന്റെ പ്രതാപം എന്നിങ്ങനെ ലോകത്തിൽ ഉള്ളതിനെ സ്നേഹിച്ച്, ലോകക്കാരായി ജീവിക്കുവാൻ മനുഷ്യന്റെ ഹൃദയത്തിൽ മോഹം വിതയ്ക്കുന്നവൻ ആണ് പിശാച്. ഇങ്ങനെ ദുഷ്ടന്റെ പുത്രന്മാർ രാജ്യത്തിന്റെ പുത്രന്മാർക്കിടയിൽ വളരുമ്പോൾ യഥാർത്ഥ ആത്മീയത തിരിച്ചറിയുവാൻ കഴിയാത്ത അവസ്ഥയാണ്. രണ്ടുംകൂടി കൊയ്ത്തോളം വളരട്ടെ എന്നാണ് കർത്താവ് കൽപ്പിക്കുന്നത്.

ഇന്ന്, ലോകത്തു കാണുന്ന സഭകളിൽ അനാത്മികതയും കപടഭക്തിയും വളരുന്നത് പിശാചിന്റെ തന്ത്രപൂർവ്വം ഉള്ള പ്രവർത്തിയാണ്, സഭകളെ ശുദ്ധീകരിക്കുവാൻ, കർത്താവിനോടുള്ള ഏകാഗ്രതയിലും നിർമ്മലതയിലും നിലനിൽക്കുവാൻ ഓരോരുത്തരും ഉത്സാഹിച്ചു കൊള്ളണം. നമ്മെ വഴിനടത്തുവാൻ നൽകിയിരിക്കുന്ന പരിശുദ്ധാത്മാവിന്റെ നിയന്ത്രണത്തിൽ സമർപ്പിതരായിരിക്കുക എന്നത് നമ്മുടെ ഉത്തരവാദിത്വമാണ്.

കേൾക്കുന്നവരെ മറിച്ചു കളയുന്നതിനല്ലാതെ ഒന്നിനും കൊള്ളാത്ത വാഗ്വാദം ചെയ്യാതിരിക്കണം എന്ന് കർത്താവിനെ സാക്ഷിയാക്കി അപ്പോസ്തലനായ പൗലോസ് തിമോഥെയൊസിനു നൽകുന്ന പ്രബോധനം നാമും ബോധപൂർവ്വം സ്വീകരിക്കേണ്ടതാണ്. സത്യവചനത്തെ യഥാർത്ഥമായി പ്രസംഗിച്ചുകൊണ്ട് ലജ്ജിക്കാൻ സംഗതി ഇല്ലാത്ത വേലക്കാരനായി ദൈവത്തിന് കൊള്ളാവുന്നവനായി നിൽക്കാൻ ശ്രമിക്കുക. ഭക്തിവിരുദ്ധമായ വൃഥാലാപങ്ങളെ ഒഴിഞ്ഞിരിക്കുക. അത്തരക്കാർക്ക് അഭക്തി അധികം മുതിർന്നുവരും. അവരുടെ വാക്ക് അർബുദവ്യാധി പോലെ തിന്നുകൊണ്ടിരിക്കും. ഹൂമനെയോസും ഫിലേതോസും അവരുടെ കൂട്ടത്തിൽ ഉള്ളവരാകുന്നു;, അവർ സത്യം വിട്ട് തെറ്റി, പുനരുത്ഥാനം കഴിഞ്ഞു എന്നു പറഞ്ഞു ചിലരുടെ വിശ്വാസം മറിച്ചുകളയുന്നു. എങ്കിലും ദൈവത്തിന്റെ സ്ഥിരമായ അടിസ്ഥാനം നിലനിൽക്കുന്നു, കർത്താവ് തനിക്കുള്ളവരെ അറിയുന്നു എന്നും, കർത്താവിന്റെ നാമം ഉച്ചരിക്കുന്നവൻ എല്ലാം അനീതി വിട്ടകന്നു കൊള്ളട്ടെ എന്നുമാകുന്നു അതിന്റെ മുദ്ര കർത്താവ് കൽപ്പിച്ചിരിക്കുന്നത് ഇങ്ങനെയാണ്. കർത്താവ് തനിക്ക് ഉള്ളവരെ അറിയുന്നു. അവർ കർത്താവിനെയും അറിയുന്നു. അവർ തങ്ങളെത്തന്നെ വിശുദ്ധീകരിക്കുകയും നീതി പ്രവർത്തിക്കുവാൻ ഇഷ്ടപ്പെടുകയും ചെയ്യുന്നു. ഇടത്തും വലത്തും ഉള്ള കളകളെ അവർ ശ്രദ്ധിക്കുന്നില്ല, അവരുടെ നോട്ടം കർത്താവിങ്കലേക്കായിരിക്കും.അനീതി ചെയ്യുന്നവൻ ഇനിയും അനീതിചെയ്യട്ടെ, അഴുക്കുള്ളവൻ ഇനിയും അഴുക്കാടട്ടെ. നീതിമാൻ ഇനിയും നീതി ചെയ്യട്ടെ, വിശുദ്ധൻ ഇനിയും തന്നെത്തന്നെ വിശുദ്ധീകരിക്കട്ടെ. ഇതാ, ഞാൻ വേഗം വരുന്നു ഓരോരുത്തനും അവനവന്റെ പ്രവർത്തിക്ക് തക്കവണ്ണം കൊടുപ്പാൻ പ്രതിഫലം എന്റെ പക്കൽ ഉണ്ട് (വെളിപ്പാട് 22 :11, 12).

ഗോതമ്പും കളയും വേർതിരിക്കപ്പെടുന്നത് ലോകാവസാനത്തിൽ ആണ്, അതായത് കർത്താവിന്റെ മടങ്ങിവരവിൽ. കർത്താവ് തന്റെ മടങ്ങിവരവിൽ മദ്ധ്യാകാശത്തിങ്കൽ തനിക്ക് ഉള്ളവരെ ചേർക്കും. കൈവിടപ്പെട്ടു പോകുന്നവർക്ക് പിന്നെ രക്ഷയ്ക്കുള്ള മാർഗ്ഗം ഉണ്ടായിരിക്കുകയില്ല. അന്ത്യന്യായവിധിയുടെ സമയത്തു എല്ലാ കളകളെയും ഒരുമിച്ച് ചേർക്കുകയും അവരെ നരകത്തിന് ഏൽപ്പിക്കുകയും ചെയ്യും കർത്താവ് കളകളെ ഇന്ന് പിഴുതു കളയാത്തത് നല്ലത് അതിനൊപ്പം നശിക്കുവാൻ ഉള്ള സാധ്യത കണ്ടുകൊണ്ടാണ്. കർത്താവ് നല്ലവിത്തിനെ സംരക്ഷിക്കുകയാണ്. ആകയാൽ താൻ നിൽക്കുന്നു എന്ന് തോന്നുന്നവൻ വീഴാതിരിക്കുവാൻ നോക്കിക്കൊള്ളട്ടെ (1 കൊരിന്ത്യർ 10 :12) എന്ന് പ്രബോധനം നമ്മോടുള്ളതാണ്. മറ്റുള്ളവരെ വിധിക്കുകയും, പഴിക്കുകയും ചെയ്യുന്നത് നമുക്ക് ഉചിതമല്ല. കർത്താവിനെ അറിയുന്നവർ അനീതി വിട്ട് തങ്ങളെ തന്നെ സൂക്ഷിക്കുക. പിന്മാറ്റക്കാരെ കണ്ട് നിരാശപ്പെടാതെയും അവരെ പഴിച്ച് മനസ്സ് മലിനമാക്കാതെയും കർത്താവിനെ നോക്കി വിശ്വാസത്തിൽ നിലനിൽക്കുക. അവസാനത്തോളം, അതായത് കർത്താവിന്റെ വരവ് വരെ സഹിഷ്ണുതയോടെ നിലനിൽക്കുക.

•



ഇസബല്ല ഡേവിസ്

# ഏതവസ്ഥയിലും നന്ദിയുള്ളവരായിരിക്കുക

***എൻ മനമേ യഹോവയെ വാഴ്ത്തുക എന്റെ സർവാന്തരംഗവുമേ അവന്റെ വിശുദ്ധ നാമത്തെ വാഴ്ത്തുക, എൻ മനമേ യഹോവയെ വാഴ്ത്തുക. അവന്റെ ഉപകാരങ്ങൾ ഒന്നും മറക്കരുത് (സങ്കീർത്തനം 103:1)***

കുരുടനോ ഊമനോ ചെകിടനോ ഇവർക്കൊന്നും നേരിടുവാൻ കഴിയാത്തത്ര അപമാനം ഒരു കുഷ്ഠരോഗിക്ക് അനുഭവപ്പെടാം. തിരസ്കരണവും ഒറ്റപ്പെടുത്തലും അനുഭവിക്കുന്ന ഒരു വിഭാഗമാണ് കുഷ്ഠരോഗികൾ. തീർത്തും അവരെയെല്ലാവരും മനഃപ്പൂർവമായി ഒറ്റപ്പെടുത്തും. ഒരു വ്യക്തി കുഷ്ഠരോഗിയായി മാറികൊണ്ടിരിക്കുകയാണെന്ന് തിരിച്ചറിഞ്ഞാൽ അനുഭവിക്കുന്ന ഭയവും വേദനയും ഭയങ്കരമാണ്. ജീവിതത്തിന്റെ നല്ലഭാവിയുടെ വാതിൽ മുമ്പിൽ കൊട്ടിയടച്ചതുപോലെ തോന്നും. അപ്പോഴാണ് അതുവരെ ജീവിച്ചിരുന്ന ആരോഗ്യമുള്ള കാലങ്ങളുടെ വിലയെന്തെന്ന് അറിയുന്നത്.

പലപ്പോഴും നാം തിരിച്ചറിയാതെ പോകുന്ന ഒരു സത്യമുണ്ട്. കഴിഞ്ഞുപോയതിനെച്ചൊല്ലി നാം നിരാശപ്പെട്ടും വരുവാനുള്ളതിനെച്ചൊല്ലി ആകുലപ്പെട്ടും ഇപ്പോഴുള്ളതിനെച്ചൊല്ലി പിറുപിറുത്തും ജീവിക്കുന്നു. ഭൂമിയിൽ ജീവിക്കുന്ന ഓരോദിവസവും ദൈവം ക്ഷേമത്തോടെ നടത്തുമ്പോൾ അതിന് ഓരോ നിമിഷവും നന്ദിയുള്ളവരായിരിക്കണം. നാളെ നമുക്ക് എന്ത്സംഭവിക്കും എന്ന് നാം അറിയുന്നില്ലല്ലോ. സംഭവിച്ചിട്ട് ദൈവത്തെ സ്തുതിക്കാതിരുന്ന് സ്വയം പഴിക്കുന്നതിനേക്കാൾ നല്ലത് അന്നന്നു ദൈവത്തോട് നന്ദിയുള്ളവരായി ഉപകാരങ്ങൾ മറക്കാതെ മുന്നോട്ടു പോകുന്നത് അല്ലേ?

ഒൻപത് പേരടങ്ങുന്ന കുഷ്ഠരോഗികളുടെ ഒരു സംഘത്തെ കുഷ്ഠരോഗിയായ ശമര്യാക്കാരൻ കണ്ടുമുട്ടി, പത്താമനായി അവരുടെ കൂടെ കൂടി. അവർ ഒരുമിച്ച്നടന്നു, ഭക്ഷണം കഴിച്ചു. വീട്ടുകാരോ ബന്ധുക്കളോ സ്നേഹിതരോ ആരെങ്കിലും കണ്ടാൽ അല്പ്പനേരത്തേക്ക് വിഷാദലോകത്തേക്ക് ചെന്നെത്തും. ആരും കാണാതെ ഒറ്റയ്ക്ക് കുറെനേരം കരയും. ആ കണ്ണുനീർ ശരിയായി തുടയ്ക്കുവാൻ പോലും കുഷ്ഠം ബാധിച്ച കൈകൾ കൊണ്ട് സാധിക്കുമായിരുന്നില്ല. അപ്പോഴും ദൈവമേ, ഇസ്രായേലിന്റെ പരിശുദ്ധനെ, എന്നെ ഒന്ന് സൗഖ്യമാക്കി തരുമോ എന്ന് മനംനൊന്തു അവർ ദൈവത്തോട് നിലവിളിക്കും.

അങ്ങനെ തെരുവുകളിൽ നിന്നും തെരുവുകളിലേക്ക് നടക്കുമ്പോഴാണ് യേശുവിനെക്കുറിച്ച് ആരൊക്കെയോ സംസാരിക്കുന്നത് കേട്ടത്. യേശു ചെയ്യുന്ന അതിശയങ്ങളെക്കുറിച്ചും കുഷ്ഠരോഗിയെ സൗഖ്യമാക്കുന്നതിനെക്കുറിച്ചും കേട്ടപ്പോൾ യേശുവിന് തങ്ങളെയും സൗഖ്യം ആക്കുവാൻ കഴിയും എന്ന് അവർ ചിന്തിച്ചു. ഈ രോഗം വരുന്നത് ശപിക്കപ്പെട്ടവർ ആയതുകൊണ്ടാണ് എന്നൊരു വ്യർത്ഥവിചാരം അക്കാലത്ത് ഉണ്ടായിരുന്നു. കാരണം, ദൈവത്തോട് അനുസരണക്കേടും അവിശ്വസ്തതയും കാണിച്ചപ്പോഴാണല്ലോ മിര്യാമിനും ഗേഹസിക്കും ഈ രോഗം പിടിപെട്ടത്. എന്നാൽ, ഇതൊന്നുമില്ലാത്ത നയമാന് തന്റെ രോഗം അവനിൽ ദൈവപ്രവർത്തി വെളിപ്പെടുത്തുവാൻ മുഖാന്തരം ആയിരുന്നുവെന്നു ആരും ചിന്തിച്ചിരുന്നില്ല. വാസ്തവത്തിൽ ഹൃദയശുദ്ധി നഷ്ടപ്പെട്ട പാപികളല്ലേ യഥാർത്ഥ കുഷ്ഠരോഗികൾ? മനുഷ്യനു അശുദ്ധി വരുത്തുന്നത് വായിൽച്ചെല്ലുന്നത് അല്ല, വായിൽ നിന്ന് പുറപ്പെടുന്നതത്രെ. അത് മനുഷ്യനെ അശുദ്ധനാക്കുന്നു എന്ന പറഞ്ഞിരിക്കുന്ന വചനം

എത്ര ശരിയാണ്. യേശു രോഗികളെ സൗഖ്യമാക്കുന്നു എന്ന വിവരം ഈ 10 കുഷ്ഠരോഗികളും അറിഞ്ഞപ്പോൾ അവർക്ക് വലിയ ആവേശമായി. എല്ലാവർക്കും സൗഖ്യം ആവശ്യം ആയിരുന്നല്ലോ.. അങ്ങനെ ആ 10 പേരും ഒരുമിച്ചു യേശുവിനെ കണ്ടു. അവർ കുഷ്ഠരോഗികളും, തന്നിമിത്തം അശുദ്ധരും ആയതുകൊണ്ടു മനുഷ്യരുടെ അടുക്കൽ പോകുവാൻ അനുവാദം ഉണ്ടായിരുന്നില്ല. അതുകൊണ്ട്, യേശുവിനെ കണ്ടതും, അകലെ നിന്നുകൊണ്ട് യേശുനായകാ... ഞങ്ങളോട് കരുണയുണ്ടാകണമേ എന്ന് ഉച്ചത്തിൽ പറഞ്ഞു.യേശു അവരോടു പറഞ്ഞ മറുപടി:നിങ്ങൾ പോയി പുരോഹിതന്മാർക്ക് നിങ്ങളെ ത്തന്നെ കാണിക്കുക എന്നായിരുന്നു. അവർ അത് വിശ്വസിച്ചു പുരോഹിതന്റെ അടുത്തേക്ക് പോകുമ്പോൾ ക്രിസ്തുവിന്റെ ആ വചനങ്ങൾ അവരിലേക്കു ഇറങ്ങിച്ചെന്നു അവരെ സൗഖ്യമാക്കി. പുരോഹിതന്റെ അടുക്കലെത്തി മോശെയുടെ കൽപ്പനപ്രകാരം അവർ അവരെത്തന്നെ കാണിച്ചു. സൗഖ്യമായി എന്നു പുരോഹിതൻ സാക്ഷ്യപ്പെടുത്തുകയും ചെയ്തു. അവരുടെ സന്തോഷത്തിന് അതിരില്ലായിരുന്നു. ചെറിയ ബാലന്റെ ദേഹംപോലെ അവരുടെ ദേഹം മാറിയിരുന്നു. എല്ലാവർക്കും സൗഖ്യം വന്നു. തങ്ങളെത്തന്നെ മറയ്ക്കേണ്ടതിന് അവർ മൂടിയിരുന്ന കരിമ്പടങ്ങൾ അവർ തന്നെ വലിച്ചെറിഞ്ഞു. ഈ കാര്യം എങ്ങനെയെങ്കിലും വീട്ടിൽ അറിയിക്കണം എന്നായിരുന്നു എല്ലാവരുടെയും അപ്പോഴത്തെ ആഗ്രഹം. വീട്ടിലേക്ക് പോകുവാൻ എല്ലാവരും ധൃതികൂട്ടുമ്പോൾ ശമര്യക്കാരൻ ചോദിച്ചു: നമുക്ക് തിരികെച്ചെന്ന് യേശുവിനോട് നന്ദി പറയേണ്ടേ? യേശു അല്ലേ നമ്മെ സൗഖ്യം ആക്കിയത്? പക്ഷേ, അവരാരും അത് ശ്രദ്ധിക്കുക കൂടി ചെയ്തില്ല. എല്ലാവരും എത്രയുംവേഗം അവിടെനിന്ന് അവരവരുടെ ഭവനങ്ങളിലേക്ക് പോയി. ശമര്യക്കാരൻ മാത്രം അവശേഷിച്ചു.

അദ്ദേഹത്തിന്, വീട്ടിലേക്കല്ല ആദ്യം പോകുവാൻ തോന്നിയത്. എല്ലാവരും തന്നെ തള്ളിക്കളഞ്ഞപ്പോൾ യേശുവിന്റെ കരുണകൊണ്ടല്ലേ സൗഖ്യം വന്നത്. യേശുവിന്റെ അടുക്കലേക്കല്ലേ ആദ്യം പോകേണ്ടത്? നന്ദി പറയേണ്ടത്? പിന്നെ ഒരുനിമിഷം പോലും അയാൾ അവിടെ നിന്നില്ല. വേഗത്തിൽ വന്നവഴിയെ തിരികെ ഓടി. കുറെദൂരം ഓടിയപ്പോൾ ആ വഴിയിലൂടെത്തന്നെ വരികയായിരുന്ന യേശുവിനെ കണ്ടു, ശമര്യാക്കാരൻ ഉച്ചത്തിൽ ദൈവത്തെ മഹത്വപ്പെടുത്തി യേശുവിന്റെ കാൽക്കൽ വീണു ആരാധിച്ചു. യേശുവേ... അവിടുന്ന് ചെയ്ത ഈ വലിയ നന്മയ്ക്ക് അങ്ങേക്ക് നന്ദി പറയുന്നു എന്നു പറഞ്ഞു.

യേശു അപ്പോൾ അവനോട് ചോദിച്ചത്: പത്ത് പേർ ശുദ്ധരായിത്തീർന്നില്ലേ? ബാക്കി 9 പേർ എവിടെ? ഈ ഒരു അന്യജാതിക്കാരനല്ലാതെ ദൈവത്തിനു മഹത്വം കൊടുക്കുവാൻ മടങ്ങിവന്നവരായി ആരെയും കാണുന്നില്ലല്ലോ? തുടർന്ന് യേശു പറഞ്ഞു: എഴുന്നേറ്റ് പൊയ്ക്കൊള്ളുക, നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു. തിരികെ വീട്ടിലേക്ക് സൗഖ്യംപ്രാപിച്ച ശമര്യക്കാരൻ നടക്കുമ്പോൾ, ആ ഒമ്പത് പേർ എവിടെയെന്ന യേശുവിന്റെ ചോദ്യം കാതുകളിൽ മുഴങ്ങിക്കൊണ്ടിരുന്നു. കാണിച്ചത് നന്ദിയില്ലായ്മ ആണെന്ന് മാത്രം അറിയാം.

പലപ്പോഴും പലരുടെയും ജീവിതത്തിൽ ദൈവത്തിന് ഇത്രയൊക്കെ സ്ഥാനമേ കൊടുക്കാറുള്ളൂ. അനേകരുടെ വിശ്വാസം പലപ്പോഴും കച്ചവടവിശ്വാസമാണ്. ദൈവം എനിക്ക് അത് ചെയ്തുതരും എങ്കിൽ ഞാൻ വിശ്വസിക്കാം, എനിക്ക് ലാഭമുള്ള കാര്യമാണെങ്കിൽ അനുസരിക്കാം എന്ന് പറയാതെ പറയുന്നവർ. ദൈവം തന്നില്ലെങ്കിൽ പരാതിപ്പെടുന്നവർ. എന്തെങ്കിലും നന്മകൾ ജീവിതത്തിൽ നഷ്ടപ്പെട്ടാൽ അതിനെല്ലാം ദൈവത്തെ കുറ്റപ്പെടുത്തുന്നവർ. കച്ചവടവിശ്വാസം ദൈവം എനിക്ക് എന്തു ചെയ്തു എന്നതിന്റെ അടിസ്ഥാനത്തിലാണ്. ദൈവം നമ്മുടെ ജീവിതത്തിൽ ആരാണെന്നുള്ള വിശ്വാസത്തിന്റെ അടിസ്ഥാനത്തിലല്ല കച്ചവടവിശ്വാസം നിലനിൽക്കുന്നത്. ശമര്യാക്കാരൻ വലിയ മഹാൻ ആയതുകൊണ്ടല്ല, അവന്റെ കണ്ണുകളെ അവരുടെതിനേക്കാൾ കൂടുതൽ പ്രകാശിപ്പിക്കുവാൻ ദൈവം കരുണ കാണിച്ചു എന്ന് മാത്രമേയുള്ളൂ. ജീവിതത്തിൽ സുഖങ്ങൾ വരുമ്പോൾ, നന്മകൾ ലഭിക്കുമ്പോൾ, ആരും ദൈവത്തെ വളരെ നിസ്സാരനായി മാറ്റി നിർത്തരുത്. ദൈവത്തിന്റെ ഉപകാരങ്ങൾ ഒന്നും മറക്കരുത് എന്ന് എപ്പോഴും നമ്മെത്തന്നെ ഓർമ്മപ്പെടുത്തണം.

ജീവിതത്തിൽ അനുഗ്രഹങ്ങളും നന്മകളും വരുമ്പോൾ നന്ദിയുടെ സ്തോത്രം അർപ്പിക്കുവാൻ മനസ്സുള്ള നമ്മെ കാത്തു, യേശു നിൽക്കുന്നുണ്ടാവും, നാം തിരികെവന്ന് നന്ദി അർപ്പിക്കും എന്ന് പ്രതീക്ഷിച്ചു കൊണ്ട്... പ്രശ്നങ്ങൾ പെരുകുമ്പോൾ അന്നുവരെ ലഭിച്ച അനുഗ്രഹങ്ങൾ എണ്ണിഎണ്ണി നന്ദി പറയുവാൻ ആരംഭിക്കൂ... ജീവിതം മാറും. യാഗത്തിൽ അല്ല കരുണയിൽ പ്രസാദിക്കുന്ന ദൈവത്തിന് നന്ദിയുള്ള ഹൃദയത്തോടെ ആ സന്നിധിയിൽ എപ്പോഴും സ്തോത്രം ചെയ്യുന്നതായിരിക്കും പ്രസാദം. ഓരോ പ്രഭാതത്തിലും സ്നേഹത്തിന്റെ പുതിയ പുതപ്പ് നമ്മെ പുതപ്പിക്കുന്ന ദൈവത്തിന് നന്ദിയുടെ സ്തോത്രം സമർപ്പിച്ചാൽ എത്ര സന്തോഷമായിരിക്കും...ആകയാൽ ഏതവസ്ഥയിലും നന്ദിയുള്ളവരായിരിക്കുവാൻ നമുക്ക് കഴിയട്ടെ. ●

മണക്കാൻ കൊടുത്തുനോക്കൂ...അയാൾക്ക് അതു ആസ്വദിക്കുവാൻ കഴിയില്ല. അയാളെ സന്തോഷിപ്പിക്കുവാൻ ഒരു മാർഗമേയുള്ളൂ.. കോപ്പയിൽ കുറെ വീഞ്ഞുകൂടെ പകർന്നുകൊടുക്കുക. യേശുവിനാൽ മത്തു പിടിച്ചവന്റെ കാര്യവും അങ്ങനെ തന്നെ. ലോകത്തിലൊന്നിലേക്കും അവന്റെ കണ്ണു ചായുകയില്ല. അവന്റെ ഹൃദയത്തെ രസിപ്പിക്കുന്നതു യേശു മാത്രം. അവന്റെ മനസ്സിനെ ഊഷ്മളമാക്കുന്നത് യേശു മാത്രം. അവന്റെ അന്തരാത്മാവിനു ഉണർവു നല്കുന്നതു യേശു മാത്രം!!

വീഞ്ഞു സാധാരണ കാര്യങ്ങളെ ആഘോഷത്തിന്റെ തലത്തിലേക്കുയർത്തുന്നു. യേശു എന്റെ സാധാരണ ജീവിതത്തെ അവിടുത്തെ സാന്നിധ്യത്താൽ ആഘോഷമാക്കുന്നു! യേശുവിനോടൊന്നിച്ചുള്ള എന്റെ ജീവിതം ശരിക്കും ഒരു സെലിബ്രേഷനാണ്! മനസ്സും ശരീരവും ആത്മാവും ദേഹിയും എല്ലാംകൊതിക്കുന്നത് കൂടുതൽ യേശുവിനായി!

“അവൻ തന്റെ അധരങ്ങളാൽ എന്നെ ചുംബിക്കട്ടെ” എന്നു പറയുമ്പോൾ അതു ശൂലേമി, മോഹം ആത്മഗതമായി പറയുകയാവണം. എന്നാൽ, “നിന്റെ പ്രേമം വീഞ്ഞിലും രസകരമാകുന്നു” എന്നു പറയുമ്പോൾ, അവൾ അതു അനുഭവിച്ചുകഴിഞ്ഞു. യേശുവിനോടു ചേർന്നുള്ള ഒരു ലൗകിക കൂട്ടായ്മ എനിക്കു ഭാവിയുടെ ഒരു വാഗ്ദാനം മാത്രമല്ല; വർത്തമാനകാല യാഥാർഥ്യവുമാണ്. നിരന്തരമുള്ള ഉന്മാദജനകമായ അനുഭൂതിയാണ് എനിക്ക് യേശു!

“നിന്റെ തൈലം സൗരഭ്യമായത്”(ഉത്തമഗീതം 1:3). പ്രാണനാഥന്റെ സുഗന്ധം ശൂലേമിയുടെ ഘ്രാണഗ്രന്ഥികളെ മത്തുപിടിപ്പിക്കുന്നതാണ്. പ്രിയന്റെ സാന്നിധ്യത്തെക്കുറിച്ചുള്ള ഓർമകളിൽ അവളുടെ നാസാരന്ധ്രങ്ങൾ വികസിച്ചു നിന്നു. രാജാവിന്റെ വിലകൂടിയ സുഗന്ധവർഗങ്ങൾക്കും പ്രിയന്റെ സൗന്ദര്യത്തെ മറിച്ചുകടക്കാനാവില്ല.

രാജധാനിയിലേക്കു ആനയിക്കപ്പെടുന്ന ശൂലേമി എന്ന കാട്ടുപെണ്ണ് കൊട്ടാരത്തിൽ ബ്യൂട്ടീഷ്യൻമാരുടെ കീഴിൽ ജടാമാംസിതൈലത്തിൽ കുളിച്ചാണെത്തിയിരിക്കുന്നത്(ഉത്തമഗീതം1:12). അവളുടെ മേൽ പൂശിയിരിക്കുന്ന തൈലത്തിന്റെ സുഗന്ധം രാജാവിനും മറ്റുള്ളവർക്കും ആസ്വാദ്യകരമാണ്. എന്നാൽ വിലകൂടിയ ജടാമാംസിതൈലത്തിന്റെ പരിമളത്തിലും മുങ്ങിപ്പോകാത്ത അവൾ പ്രിയന്റെ സൗന്ദര്യം നെഞ്ചിലേറ്റിയിരിക്കുന്നു! “എന്റെ പ്രിയൻ എനിക്കു സ്തനങ്ങളുടെ മധ്യേ(ഹൃദയത്തിൽ) കിടക്കുന്ന മൂറിൻക്കെട്ടുപോലെയാണ് (ഉത്തമഗീതം1:13). പ്രിയന്റെ സൗരഭ്യം മറയ്ക്കുന്ന യാതൊരു കൃത്രിമതൈലവും ശൂലേമിക്കു കണ്ടെത്താനാവില്ല. ലോകം, അതിന്റെ ഏറ്റവും മെച്ചപ്പെട്ടതുമായി എന്റെ അടുക്കൽ വരുമ്പോഴും ഒരു കാര്യം എനിക്കുറപ്പുണ്ട്. ഞാൻ നെഞ്ചിലേറ്റുന്ന എന്റെ പ്രിയന്റെ സുഗന്ധത്തെ വെല്ലുവാൻ പോരുന്നതൊന്നും ലോകത്തിലില്ല. സൗന്ദര്യം പരത്തുന്ന ഒരു മൂറിൻകെട്ടുപോലെ എന്റെപ്രിയൻ എന്റെ മാറോടു പറ്റിച്ചേർന്നു കിടക്കുന്നു. അവനെ തള്ളിമാറ്റി എന്റെ ഹൃദയത്തിലിടം കണ്ടെത്താൻ ലോകത്തിലൊന്നിനും കഴിയില്ല!

“നിന്റെ നാമം പകർന്ന തൈലം പോലെയിരിക്കുന്നു (ഉത്തമഗീതം1:3). അതു അടച്ചുപൂട്ടിയ ഭരണിയിലല്ല പകരപ്പെട്ട നിലയിൽ- ഒഴിക്കപ്പെട്ട നിലയിൽ...“ബേഥാന്യയിലെ കുഷ്ഠരോഗിയായ ശിമോന്റെ വീട്ടിൽ യേശു പന്തിയിലിരുന്നപ്പോൾ ഒരു സ്ത്രീ ഒരു വെൺകൽ ഭരണി വിലയേറിയ സ്വച്ഛജടാമാംസി തൈലവുമായി വന്നു, ഭരണി പൊട്ടിച്ച് അവന്റെ തലയിൽ ഒഴിച്ചു” (മർക്കൊസ് 14:3). ഒട്ടും ബാക്കിവയ്ക്കാതെ പകർന്ന തൈലത്തിന്റെ സൗരഭ്യം വീട്ടിൽ നിറഞ്ഞു. യേശുവാകട്ടെ, തന്റെ ശരീരമെന്ന ഭരണി കാൽവറിയിൽ പൊട്ടിച്ചുകളഞ്ഞു; അവന്റെ തൈലം എന്റെമേൽ പകർന്നിരിക്കുന്നു. അവന്റെ സുഗന്ധമാണിപ്പോൾ എന്റെമേൽ! ക്രിസ്തുവിന്റെ സൗരഭ്യവാസന!!

“ക്രിസ്തുവിൽ ഞങ്ങളെ എപ്പോഴും ജയോത്സവമായി നടത്തുകയും എല്ലാടത്തും ഞങ്ങളെക്കൊണ്ടു തന്റെ പരിജ്ഞാനത്തിന്റെ വാസന വെളിപ്പെടുത്തുകയും ചെയ്യുന്ന ദൈവത്തിനു സ്തോത്രം” (2 കൊരിന്ത്യർ 2:14).

“നിന്റെ പിന്നാലെ എന്നെ വലിക്ക. നാം ഓടിപ്പോക...ഇതാ രാജാവ് എന്നെ പള്ളിയറയിലേക്കു കൊണ്ടുവന്നിരിക്കുന്നു”(ഉത്തമഗീതം1:4).

ശൂലേമിയുടെ വാക്കുകളാണിത്. രാജാവ് ശൂലേമിയെ തന്റെ പള്ളിയറകളിലേക്ക് (chambers) കൊണ്ടുവന്നിരിക്കുന്നു. അവളോടു സംസാരിക്കാനും അവളെ വശീകരിക്കാനും യെരൂശലേം പുത്രിമാരും കൂടെയുണ്ട്. “ഞങ്ങൾ നിന്നിൽ ഉല്ലസിച്ചാനന്ദിക്കും, നിന്റെ പ്രേമത്തെ വീഞ്ഞിനേക്കാൾ ശ്ലാഘിക്കും’ എന്നു രാജാവിനോടു പറയുന്നതു ശൂലേമിയല്ല, യെരൂശലേം പുത്രിമാരാണ്. “നിന്റെ പ്രിയനോടുള്ള പ്രേമം വീഞ്ഞിനെക്കാൾ നല്ലതാണെന്നു നീ പറഞ്ഞല്ലോ... ശൂലേമീ, ഇതാ നീ രാജാവിന്റെ പള്ളിയറയിലെത്തിയിരിക്കുന്നു. രാജാവിന്റെ പ്രേമവും

ചെറുതല്ല. ഞങ്ങൾ അവനിൽ ഉല്ലസിച്ചാനന്ദിക്കുന്നു. ഇതൊരു വലിയ പദവിതന്നെ. അവനെ സ്നേഹിക്കുന്നതിൽ എന്താണു തെറ്റ്? നോക്കൂ നീ ഭൂലോക സുന്ദരിയൊന്നുമല്ല. ഇരുണ്ടു കരിവാളിച്ച മുഖമാണു നിന്റേത്. രാജാവിന്റെ പ്രേമം കിട്ടുകയെന്നതു തീർച്ചയായും നിനക്കു ഭാഗ്യ (ഉചിത) മാണ്!" ഇതാണു യെരൂശലേം പുത്രിമാരുടെ വാക്കുകൾ.

എന്നാൽ എന്താണു ശൂലേമിയുടെ മറുപടി: "യെരൂശലേം പുത്രിമാരേ, നിങ്ങൾ പറഞ്ഞതു ശരിതന്നെ; ഞാൻ കറുത്തവളാണ്. എന്നാൽ, അഴകില്ലാത്തവളല്ല (black,but beautiful). എന്റെ സൗന്ദര്യം കാണുന്നത് രാജാവല്ല; എന്റെ പ്രിയനാണ്. എന്റെ പ്രിയന്റെ വാക്കുകൾ മാത്രമാണ് എനിക്കു പ്രധാനം. അവൻ പറയുന്നതെന്ത്? എന്റെ പ്രിയേ, നീ സുന്ദരി; നീ സുന്ദരിതന്നെ, നിന്റെ കണ്ണു പ്രാവിൻ കണ്ണുപോലെയിരിക്കുന്നു" (ഉത്തമഗീതം1:15).

"എനിക്കു ഇരുൾനിറം പറ്റിയിരിക്കയാലും ഞാൻ വെയിൽകൊണ്ടു കറുത്തിരിക്കയാലും എന്നെ തുറിച്ചു നോക്കരുത്'' എന്തുകൊണ്ട് എന്റെ മുഖം കരിവാളിച്ചിരിക്കുന്നു? കാരണം, എന്റെ വാസം രാജാവിന്റെ പട്ടുമെത്തയിലല്ല; മരുഭൂമിയിലാണ്. അവിടെയാണ് എന്റെ പ്രിയൻ.." എന്റെ അമ്മയുടെ പുത്രന്മാർ എന്നോടു കോപിച്ചു; എന്നെ അവരുടെ മുന്തിരിത്തോട്ടങ്ങൾക്കു കാവലാക്കി. എന്റെ സ്വന്തം മുന്തിരിത്തോട്ടം ഞാൻ കാത്തിട്ടില്ലതാനും (ഉത്തമഗീതം1:6).

പ്രിയനോടുള്ള അനുരാഗത്തിന്റെ പേരിൽ ഒത്തിരി പീഡകൾ സഹിച്ചു വളർന്നവളാണു ഞാൻ. എന്റെ മുഖം കരിവാളിച്ചിരുക്കുന്നെങ്കിൽ അതു എന്റെ പീഡനത്തിന്റെ പാടുകളാണ്. എന്റെ പ്രിയനു തീർച്ചയായും അതിൽ സൗന്ദര്യം കണ്ടെത്താൻ കഴിയും. പീഡനത്തിന്റെ പാടുകൾ വിരൂപമല്ല, സൗന്ദര്യമാണ്! ഒറീസയിലെ പീഡനകാലയളവിൽ അവിടെ ചെല്ലാനും പീഡനം വിരൂപമാക്കിയ പലരെ കാണുവാനും ലേഖകന് കഴിഞ്ഞിട്ടുണ്ട്. ദേഹമാകെ പൊള്ളലേൽപ്പിക്കപ്പെട്ടവർ; വാളുകൊണ്ടുള്ള വെട്ടുകൊണ്ട് തലയും മുഖവും വിരൂപമാക്കപ്പെട്ടവർ; അംഗഹീനരാക്കപ്പെട്ടവർ.. അവരിൽ സൗന്ദര്യം ദർശിക്കാൻ ലോകത്തിനു കഴിയില്ല. എന്നാൽ, നാഥൻ അവരിലാണു സൗന്ദര്യം ദർശിക്കുന്നത്. ഒരു വിശ്വാസിക്കു ഈ ലോകജീവിതം ഒരു മരുഭൂമിയാണ്. മരുഭൂമിയിലെ ചൂടേൽക്കാത്തവൾ പ്രിയന്റെ മുമ്പിൽ അഴകുള്ളവൾ അല്ല.

"എനിക്കു ഇരുൾനിറം പറ്റിയിരിക്കയാൽ എന്നെ തുറിച്ചുനോക്കരുത്" (ഉത്തമഗീതം1:6) എന്നാണു ശൂലേമി പറയുന്നത്. "ഒരു ഇരയെ നോക്കുന്നതു പോലെ എന്നെ തുറിച്ചുനോക്കരുത്" എന്നാണു ശൂലേമി പറയുന്നത്. ക്രിസ്ത്യാനികൾ പീഡിപ്പിക്കുവാൻ കൊള്ളാവുന്ന ഒരു ഇര (bird of prey) എന്ന നിലയിലാണു പല തീവ്രവാദികളും കാണുന്നത്. അടിച്ചാൽ തിരിച്ചടിക്കാത്തവർ; ശരീരം കത്തുമ്പോഴും പാട്ടുപാടുന്നവർ ശരിക്കും ഒരു ഇരപ്പക്ഷി (bird of prey).

നമ്മുടെ നായകനായിരുന്ന യേശുവും അങ്ങനെയായിരുന്നുവെന്നു നാം അറിയണം. ദണ്ഡിപ്പിക്കാൻ കൊള്ളാവുന്ന ഒരു ഇരപ്പക്ഷി എന്ന നിലയിൽ ആളുകൾ യേശുവിനെ കണ്ടു. യേശുവിനെ പരിഹസിച്ചു; കണ്ണുകെട്ടി തല്ലി; പ്രവചിക്ക നിന്നെ അടിച്ചവൻ ആർ എന്നു ചോദിച്ചു (ലൂക്കൊസ് 22:63). റോമൻ പടയാളികൾ യേശുവിനെ ചാട്ടവാറുകൊണ്ടടിച്ചു; യേശുവിന്റെ പുറം ഉഴവുചാലുകൾപോലെ കീറി. (ലോകത്തിനു മുമ്പിൽ) അവനു രൂപഗുണമില്ല. കോമളത്വം ഇല്ല, കണ്ടാൽ ആഗ്രഹിക്കത്തക്ക സൗന്ദര്യവുമില്ല (യെശയ്യാവ് 53:2). എന്നാൽ സ്വർഗസ്ഥനായ പിതാവ് ഭൂമിയിൽ ഒരു മനുഷ്യനിൽ മാത്രം സൗന്ദര്യം ദർശിച്ചു.- അതു മനുഷ്യവർഗത്തിനുവേണ്ടി തകർക്കപ്പെട്ട യേശുവിൽ മാത്രമായിരുന്നു.

പീഡനത്തിന്റെ പാടുകളേറ്റവരിൽ ഇന്നു പ്രാണനാഥൻ സൗന്ദര്യം ദർശിക്കുന്നു. അവിടുന്നു നമ്മെ വിളിക്കുന്നത് "സ്ത്രീകളിൽ അതിസുന്ദരിയേ (ഉത്തമഗീതം1: 8) എന്നാണ്. ഒരു ഇരപ്പക്ഷി എന്നതുപോലെ നമ്മിൽ നിന്നു പ്രിയനോടുള്ള നമ്മുടെ പ്രേമം കവർന്നെടുക്കുവാൻ നോക്കുന്ന ലോകത്തോടു നമുക്കു പറയാൻ കഴിയണം; കരിവാളിച്ച എന്റെ മുഖത്തിൽ സൗന്ദര്യം ദർശിക്കുന്ന ഒരു പ്രിയൻ എനിക്കുണ്ട്. എന്റെ പ്രിയൻ എനിക്കുള്ളവൻ; ഞാൻ അവിടുത്തേക്കുള്ളവൾ തന്നെ. അവിടുത്തെ ആഗ്രഹം എന്നോടാകുന്നു (ഉത്തമഗീതം 7:11).

പ്രിയന്റെ പ്രേമം എനിക്കു വീഞ്ഞിനേക്കാൾ വിലയേറിയത്. അവിടുത്തെ ദേഹം തകർത്ത് എന്റെ മേലൊഴുക്കിയ തൈലത്തിന്റെ സുഗന്ധം മറ്റുള്ളവർക്കു പകർന്നുകൊടുക്കുവാനായി ഞാൻ എന്നെത്തന്നെ സമർപ്പിക്കുന്നു. മരുഭൂമിയുടെ ചൂടിൽ കരിവാളിച്ച എന്റെ മുഖത്ത് സൗന്ദര്യം ദർശിക്കുന്ന ദൈവത്തിന്റെ കൃപയ്ക്കായി നന്ദിയുള്ളവരായിരിക്കാം. ദൈവത്തോടുള്ള എന്റെ പ്രേമത്തെ കവർന്നെടുക്കുവാൻ ഞാൻ ഒരുനാളും ലോകത്തെ അനുവദിക്കുകയില്ല എന്ന് നമുക്ക് നമ്മെത്തന്നെ സമർപ്പിക്കാം, പ്രാർത്ഥിക്കാം. •

# ലിംഗഭേദമില്ലാതെ ഒരേ യൂണിഫോം...?

**ആ**ശങ്കകളും വേവലാതികളും ഇല്ലാതെ പഠനം പൂർത്തീകരിക്കുന്നതിന് സൗകര്യപ്രദമായ വസ്ത്രങ്ങൾക്ക് വലിയ പങ്കുണ്ടെന്ന് ഉന്നതവിദ്യാഭ്യാസമന്ത്രി ആർ ബിന്ദു കഴിഞ്ഞ ദിവസം ഒരു പ്രഖ്യാപനം നടത്തിയിരുന്നു. കോഴിക്കോട് ജില്ലയിലുള്ള ബാലുശ്ശേരി ഗവൺമെന്റ് ഹയർസെക്കൻഡറി സ്കൂളിലെ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഒരേ യൂണിഫോം നടപ്പാക്കുന്ന തീരുമാനമാണ് മന്ത്രി പ്രഖ്യാപിച്ചത്. ഈ മാറ്റത്തെ കുട്ടികൾ ആവേശപൂർവ്വം ആണ് സ്വീകരിച്ചത്. അതിന്റെ ആഹ്ലാദം അവർ മനസ്സുതുറന്ന് പങ്കുവെക്കുന്നത് വാർത്താമാധ്യമങ്ങൾ റിപ്പോർട്ടു ചെയ്യുകയും ചെയ്തു. എല്ലാവർക്കും ഒരേ സ്വാതന്ത്ര്യം, എല്ലാവരോടും ഒരേ സമീപനം എന്ന കാഴ്ചപ്പാടിലാണ് കുട്ടികളുടെ യൂണിഫോം പരിഷ്കരിച്ചതെന്നും, പുതിയ മാറ്റം ഉൾക്കൊള്ളുവാൻ താല്പര്യമില്ലാത്തവരെ നിർബന്ധിക്കുന്നില്ല എന്നും സ്കൂൾ അധികൃതർ അറിയിച്ചിട്ടുണ്ട്.

മനുഷ്യശരീരം മറയ്ക്കാൻ ഉപയോഗിക്കുന്ന വസ്തുക്കളെ ആണല്ലോ വസ്ത്രം എന്ന് പറയുന്നത്. ഏതു ഭാഷക്കാരാണെങ്കിലും പ്രായക്കാരാണെങ്കിലും മതവിശ്വാസികളാണെങ്കിലും വസ്ത്രധാരണം കൊണ്ട് ഉദ്ദേശിക്കുന്നത് എന്താണ്? ശരീരത്തിന്റെ നഗ്നത മറയ്ക്കുകയും വ്യത്യസ്ത കാലാവസ്ഥയിൽ ശരീരത്തെ സംരക്ഷിക്കുകയും ചെയ്യുക എന്നുള്ളതാണ് വസ്ത്രധാരണത്തിന്റെ ധർമ്മം. ധരിക്കുന്നത് സാധാരണ വസ്ത്രങ്ങൾ ആണെങ്കിലും, വിലയേറിയ വസ്ത്രങ്ങൾ ആണെങ്കിലും അവയ്ക്കുള്ള ഉദ്ദേശ്യം അത്രമാത്രമേയുള്ളൂ. ശരീരത്തിന്റെ നഗ്നത മറ്റുള്ളവരിൽ നിന്ന് മറയ്ക്കുക എന്നതാണ് പ്രാഥമിക ഉദ്ദേശ്യം. ചൂട്, തണുപ്പ്, അപകടങ്ങൾ, രാസവസ്തുക്കൾ, ആയുധങ്ങൾ, രോഗാണുക്കൾ, പ്രാണികൾ, മുതലായ മറ്റു ജീവികളിൽ നിന്നൊക്കെ നമ്മുടെ ശരീരത്തെ സംരക്ഷിക്കുക എന്ന ധർമ്മവും വസ്ത്രധാരണത്തിലൂടെ സാധിക്കാറുണ്ട്. ഇതിനുപുറമേ വ്യക്തികളുടെ സാമൂഹിക, സാംസ്കാരിക പ്രത്യേകതകൾ തിരിച്ചറിയുന്നതിനുള്ള ഒരു ഉപാധിയായും വസ്ത്രധാരണത്തിലൂടെ സാധിക്കുന്നു. അലങ്കാരമായും ആഭിജാത്യത്തിന്റെ ലക്ഷണമായും വസ്ത്രം ധരിക്കുന്നവരുണ്ട്.

വസ്ത്രധാരണത്തിലൂടെ ഇങ്ങനെയൊക്കെ ഉള്ള കാര്യങ്ങളാണ് ഉദ്ദേശിക്കുന്നതെങ്കിൽ എന്തിനാണ് അമിതവിലയുള്ള വസ്ത്രങ്ങൾ വാങ്ങി നമ്മുടെ ആഡംബരം മറ്റുള്ളവരെ കാണിക്കുന്നത്? എന്തിനാണ് നാമമാത്രമായ വസ്ത്രം ധരിച്ച് മറ്റുള്ളവർക്ക് ഇടർച്ച വരുത്തുകയും സ്വന്തനഗ്നത പ്രദർശിപ്പിച്ച് സ്വയം അപഹാസ്യരാകുകയും ചെയ്യുന്നത്...? ആഡംബരവസ്ത്രങ്ങൾ വാങ്ങുവാൻ ചിലവഴിക്കുന്ന പണം ദരിദ്രരെ സഹായിക്കുക, മറ്റ് നന്മപ്രവർത്തികൾ ചെയ്യുക തുടങ്ങിയ നല്ല കാര്യങ്ങൾ ചെയ്യുവാൻ വേണ്ടി ഉപയോഗിച്ചുകൂടെ?

പലപ്പോഴും വിവാഹവേദികളിലും മറ്റും, വധൂവരന്മാർ അണിഞ്ഞുവരുന്ന വിലയേറിയ വസ്ത്രങ്ങൾ ഒരിക്കൽമാത്രം ആണ് ഉപയോഗിക്കാറുള്ളത്. ഇതറിഞ്ഞിട്ടുപോലും അതിനുവേണ്ടി ചിലവഴിക്കുന്ന പണത്തിന്റെ കണക്കുകൾ പൊങ്ങച്ചവും ആഡംബരവും കാണിക്കുവാനുള്ള വ്യഗ്രതയിൽ നിന്നല്ലേ? വിലയേറിയ വസ്ത്രങ്ങൾ ധരിക്കുന്നതിന്റെ ഏക ഉദ്ദേശ്യം നമ്മുടെ ആഡംബരവും പൊങ്ങച്ചവും കാണിക്കുക എന്നുള്ളത് ആകരുത്. അത്തരം വികലമായ ചിന്തകൾക്ക് പകരം നമുക്ക് ലാളിത്യവും മാന്യതയും നിലനിർത്തുന്ന വസ്ത്രം ധരിച്ചു മാതൃക ആയിക്കൂടെ?

പൊങ്ങച്ചം കാണിക്കുവാൻ വേണ്ടി മാന്യമല്ലാത്തതും സംസ്കാരത്തിന് നിരക്കാത്തതുമായ ആഡംബരവസ്ത്രങ്ങൾ വാങ്ങി പണം ധൂർത്തടിക്കുമ്പോൾ, മാന്യമായ നല്ലവസ്ത്രം ധരിക്കുവാൻ നിവൃത്തി ഇല്ലാതെ ജീവിക്കുന്ന പാവപ്പെട്ടവരോട് കാണിക്കുന്ന അനീതിയല്ലേ...? പലരുടെയും അലമാരകൾ തിരഞ്ഞു നോക്കിയാൽ അവിടെയൊക്കെ ഉപയോഗമില്ലാത്ത വിലയേറിയ ധാരാളം വസ്ത്രങ്ങൾ കാണുവാൻ കഴിയും. കാലാവസ്ഥയോടും സംസ്കാരത്തോടും ഇണങ്ങിച്ചേരുന്ന മാന്യവും ലളിതവുമായ വസ്ത്രധാരണരീതിയാണ് ഏത് സമൂഹത്തിനും അനിവാര്യമായിട്ടുള്ളത്. നമ്മെക്കാണുന്ന ആർക്കും നമ്മുടെ വസ്ത്രധാരണം ഒരു പ്രലോഭനവും പ്രകോപനവും ആകാതിരിക്കുവാൻ ശ്രദ്ധിക്കുമല്ലോ... ●

# അവസാനമില്ലാത്ത സംവത്സരങ്ങൾ!

മനുഷ്യജീവനും ആയുസ്സിനും ഒക്കെ പരിമിതി ഉണ്ടെങ്കിലും അനാദിയായ ദൈവത്തിന്റെ കാലദൈർഘ്യത്തിന് അതിരുകളില്ല. അതാണ് നീയോ അനന്യൻ ആകുന്നു നിന്റെ സംവത്സരങ്ങൾ അവസാനിക്കുകയുമില്ല എന്നു സങ്കീർത്തനത്തിൽ രേഖപ്പെടുത്തിയത്: (സങ്കീർത്തനങ്ങൾ 102 :17). ദൈവത്തിന്റെ സംവത്സരങ്ങൾ തലമുറതലമുറയായിരിക്കുന്നു എന്നും അതേ സങ്കീർത്തനത്തിൽ പാടിയിട്ടുണ്ട്. എന്നാൽ, നിത്യതയിൽ നിന്ന് ദൈവപുത്രൻ ജഡത്തിൽ വെളിപ്പെട്ട് ചരിത്രത്തിലേക്ക് പ്രവേശിച്ചപ്പോൾ കാലത്തെ B C എന്നും A D എന്നും വിഭജിക്കുകയായിരുന്നു. ചരിത്രം ക്രിസ്തുവിനു സാക്ഷിയായി എന്ന് പറയുന്നതായിരിക്കും കൂടുതൽ ശരി. മനുഷ്യപുത്രൻ എന്ന് സ്വയം വിശേഷിപ്പിച്ച ദൈവപുത്രൻ, മനുഷ്യപ്രകൃതിയും മനുഷ്യാവസ്ഥയും മറ്റാരേക്കാളും കൂടുതൽ മനസ്സിലാക്കി. മനുഷ്യൻ അൽപ്പായുസുള്ളവനാണെന്നും കഷ്ടസമ്പൂർണ്ണനാണെന്നും അവിടുത്തേക്ക് അറിയാമായിരുന്നു.

അവസാനമില്ലാത്ത സംവത്സരങ്ങൾ ദൈവപ്രകൃതിയുടെ ഭാഗമാണെങ്കിൽ, വേഗത്തിൽ അവസാനിക്കുന്ന വർഷങ്ങളും നാളുകളും മനുഷ്യപ്രകൃതിയുടെ ഭാഗമാണ്. ഇപ്രകാരം ഭൂമിയിൽ അൽപ്പായുസ്സുള്ള മനുഷ്യന് ദൈവം നൽകിയ സ്പെഷ്യൽ ഫേവർ ആണ് നിത്യത! അതെ, എന്താണ് നിത്യത? അനാദിയായ ദൈവത്തോടൊപ്പമുള്ള അനന്തതയാണ് നിത്യത. നിത്യതയുടെ അന്തമില്ലാത്ത സംവത്സരങ്ങൾ മനുഷ്യർക്ക് പങ്കുവയ്ക്കുന്നതാണ് ദൈവത്തിന്റെ പ്രീതിവാത്സല്യത്തിന്റെ മഹിമ. ക്രിസ്തുവിലൂടെ വെളിപ്പെട്ട ദൈവീക രക്ഷാപദ്ധതിയിൽ വിശ്വസിക്കുന്നവർക്ക് ലഭിക്കുന്നതാണ് മരണമില്ലാത്ത സംവത്സരങ്ങളുടെ മഹാഭാഗ്യം!

അതാണ് ബേഥാന്യയിലെ മാർത്തയോടുള്ള യേശുവിന്റെ വാക്കുകൾ അർത്ഥമാക്കുന്നത്. എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും, ജീവിച്ചിരിക്കുമ്പോൾ എന്നിൽ വിശ്വസിക്കുന്ന ഏതൊരുവനും ഒരുനാളും മരിക്കയില്ല. യേശു യഹൂദന്മാരോട് സംവദിക്കുമ്പോൾ പറഞ്ഞ വചനവും സ്വർഗ്ഗത്തോളം ഉന്നതമാണ്. എന്റെ വാക്ക് അനുസരിക്കുന്നവൻ നരകമെന്ന മരണം ഒരിക്കലും അറിയുകയില്ല (യോഹന്നാൻ 8: 51 ). ഭൂമിയിലെ മനുഷ്യന്റെ വാസം ഹ്രസ്വകാല പരദേശവാസം ആണെങ്കിൽ, വീണ്ടുംജനിക്കുന്ന ഓരോരുത്തരെയും ഒരിക്കലും അവസാനിക്കാത്ത സംവത്സരങ്ങളുടെ നന്മയിലേക്ക് കർത്താവ് കൈപിടിച്ചുയർത്തുന്നു. അവിടെ പിന്നെ രാത്രികളില്ല,, കണ്ണുനീരില്ല, മരണമില്ല!

എംസി

*Bank Account Details:*

**Righteous Path Publication Trust**
**A/c No. 0315053000011215**
**IFS Code: SIBL 0000315**

SOUTH INDIAN Bank
**KANJIKUZHY - KOTTAYAM**

വാർഷിക വരിസംഖ്യ 200 രൂപ

നേർവീഥി
നിത്യതയ്ക്കൊരു വഴികാട്ടി

നിത്യതയുടെ വഴികാട്ടിയും മോക്ഷയാത്രയിലെ ഉത്തമ സുഹൃത്തുമായ നേർവീഥി നിങ്ങളുടെ സ്നേഹിതർക്കും നേർവഴി കാട്ടട്ടെ...

*അക്കൗണ്ടിൽ പണമടയ്ക്കുന്നവർ പേരുവിവരം ഓഫീസിൽ അറിയിക്കുമല്ലോ. മാസിക യഥോചിതം അയക്കുവാനും കണക്കുകൾ കൃത്യമായി സൂക്ഷിക്കുവാനും അത് സഹായകമാകും.*

RNI No. KERMAL/2012/46138
Date of Publishing 10.01.2021

NERVEEDHI - JANUARY 2022
Annual Subscription ₹ 200.00
(Per copy ₹ 20.00)

Postal Registration No. KL/KTM/106/2019-2021
Licence No. KL/CR/KTM/WPP-05/2019-2021
Licensed to Post Without Prepayment

# ആർ.പി പബ്ലിക്കേഷൻസിൽനിന്നും ചില ഉത്തമ ഗ്രന്ഥങ്ങൾ




കൂടുതൽ വിവരങ്ങൾക്ക്:
Mob: 9495435336, 8547916678

Address for Communication :

NERVEEDHI,
Righteous Path Publication Trust
Mackal Building,
Oravakal, Amayannoor (P.O),
Kottayam, Kerala - 686019

Mob: 9495435336, 8547916678
www.nerveedhi.com

Edited by P.V Varghese, Printed and Published by M.T James on behalf of the Righteous Path Publication Trust and printed at Penta Offset Press, Kottayam, Kerala - 686002 and published at Mackal Building, Amayannoor P.O, Kottayam,Kerala -686019.